# പശു തിന്ന പുസ്തകം

ഫാറൂഖ് കോളേജ് (സ്വയംഭരണം)

**മാഗസിൻ 2019-2020**

ഫാറൂഖ് കോളേജ് പി.ഒ



അറിവ് കൊണ്ട് തലമുറകളെ വെളിച്ചത്തിലേക്ക് നയിച്ച
ദീർഘവീക്ഷണമുള്ളവരും ധിഷണാശാലികളുമായ
പ്രിയപ്പെട്ട **മൗലാനാ അബുസ്വബാഹിന്റെയും**
**കെ എം സീതിസാഹിബിന്റെയും**
ത്യാഗോജ്ജ്വലമായ ഓർമകൾക്ക് മുമ്പിൽ



അവർക്ക് ഹൃദയങ്ങളുണ്ട്;
അതുപയോഗിച്ച് അവർ പഠിക്കുന്നില്ല.
കണ്ണുകളുണ്ട്; അതുകൊണ്ട് കണ്ടറിയുന്നില്ല.
കാതുകളുണ്ട്; അതുപയോഗിച്ച് കേട്ടു മനസ്സിലാക്കുന്നില്ല.
അവർ നാൽക്കാലികളെപ്പോലെയാണ്.
എന്നല്ല, അവരാണ് പിഴച്ചവർ. അവർ തന്നെയാണ്
ഒരു ശ്രദ്ധയുമില്ലാത്തവർ.

(ഖുർആൻ 7_179)

ഫാറൂഖ് കോളേജ് (സ്വയംഭരണം)

**വാർഷികം 2019–2020**

ഫാറൂഖ് കോളേജ് പി.ഒ

# പശു തിന്ന പുസ്തകം





Chief Editor: **Dr. K.M. Naseer**

Staff Editor:**T. Mansoorali**

Student Editor: **Shahud Ali Athikavil**

Editorial Board: **Dr. M. Abdul Jabbar | Dilara M**
**Faiz Saleem | Hamna MT | Soudhabi TM | Nafla | Dina Fathima**
**Fathima Shahana | Marwa Muhammed | Athil Latheef**

Advertisement: **Muhammed Nivas**

Photos: **Sinan | Shafi C | Hasanul Basari PK**

Illustration: **Adhil Latheef | Marwa**

Layout & Design: **Mahin Pulpdesign**

Printing: KT Printers



കഴുവേറ്റപ്പെട്ട നിരപരാധികൾ...

വെടിയേറ്റു മരിച്ചവർ... തല്ലിക്കൊലകൾക്കിരയായവർ...

വഴിയിൽ പിടഞ്ഞുവീണു മരിച്ചവർ...

ഫാഷിസം തടവറയിലടച്ച പോരാളികൾ...

അനീതിയുടെ ഇരയാക്കപ്പെട്ട മുഴുവൻ പേർക്കും...

**അക്ഷരങ്ങൾ കൊണ്ട് ഐക്യദാർഢ്യം**

# ബ്രാഹ്മണ പശു ക്ഷേമ സവർണ രാഷ്ട്രം







'ന്യായമായ മാർഗത്തിലൂടെ രാജാവ് രാജ്യം ഭരിച്ചാൽ
ജനങ്ങൾക്ക് സുഖമുണ്ടാകും. പശുക്കൾക്കും ബ്രാഹ്മണർക്കും
സുഖമുണ്ടായാൽ
ലോകത്തിനു മുഴുവൻ സുഖമായിരിക്കും.'

ഇന്ത്യയുടെ തെരുവുകളിൽ അലഞ്ഞിരുന്ന
കാലികളെയും തെളിച്ച്
അധികാരത്തിന്റെ ഇടനാഴികളിലേക്ക് ചിലർ വന്നു.
ന്യായമെന്തെന്ന് പോലും വകതിരിച്ചറിയാൻ കഴിയാത്തയാൾ
രാജാവായി വാഴിക്കപ്പെട്ടു.... അനന്തരം, പശുവിന്റെ പേരിൽ



തെരുവുകളിൽ മനുഷ്യരെ നിഷ്ഠൂരമായി തല്ലിക്കൊന്നു,
ജനിച്ച ഭൂമിയിൽ നിന്ന് അവരെ പിഴുതെറിഞ്ഞു,
മനുഷ്യരെ മൃഗങ്ങളായി പോലും പരിഗണിക്കാതിരുന്ന പൂർവ കാലത്തെ
അവർ 'സുവർണകാലമായി' അടയാളപ്പെടുത്തുന്നു.
ആ സുവർണകാലത്തിനായി അവർ പണിയെടുത്തുകൊണ്ടിരിക്കുന്നു...
പശുവും ബ്രാഹ്മണനും മാത്രമാണ് സുഖം അർഹിക്കുന്നതെന്നവർ
സ്ഥാപിച്ചെടുക്കുന്നു...
പശുവിനെയും തെളിച്ച് പോകുന്ന വഴികളെല്ലാം
കലാപങ്ങളും ലഹളകളും കൊണ്ട് നിറയുന്നു...
പശു നമ്മുടെ നിത്യജീവിതത്തിലെ സർവവും കടിച്ച് നശിപ്പിക്കുന്നു.
പശു പിന്നെയും യാത്ര തുടർന്ന് കൊണ്ടേയിരിക്കുന്നു...



ശാഹുദ് അലി അത്തിക്കാവിൽ







# HAVE WALKED A LOT



# STILL WALKING



# WILL BE WALKING

നടന്ന് നടന്ന് നശിച്ചു തീരാൻ വിധിക്കപ്പെട്ട ജനത



പ്രണയം
നിയമം കൊണ്ട് **നിരോധിച്ച** നാട്ടിൽ
**ബലാൽസംഘം** മൗനം കൊണ്ട്
**അനുവദിക്കുന്ന** ഭരണാധിപനുള്ള നാട്ടിൽ
**സ്ത്രീ സുരക്ഷയും**
സ്ത്രീകൾക്കുള്ള **നീതിയും**
അപരിചിതനായ ഒരു **വഴിപോക്കൻ**
**മാത്രമായിരിക്കും**



16

മിനുട്ടിലും
ഇന്ത്യയിൽ
ഒരു സ്ത്രീ
ബലാൽ
സംഘത്തിന്
ഇരയാകുന്നു.

ഒരു ദിവസം
ശരാശരി

87

സ്ത്രീകൾ
ബലാൽ
സംഘത്തിന്
ഇരയാകുന്നു.

കഴിഞ്ഞ വർഷം

32,033

ബലാൽസംഘ
കേസുകൾ
റിപോർട്ട് ചെയ്യപ്പെട്ടു

3,78,236

സ്ത്രീകൾക്കെതിരെയുള്ള
അതിക്രമങ്ങൾ റിപ്പോർട്ട്
ചെയ്തു


ചാണക സർവകലാശാല
ഓക്സിജൻ
സങ്കിസയൻസ്
പുഷ്പകവിമ
ഗോമൂത്രം
പെട്രോൾ
സബ്സിഡി
പാത്രംമുട്ട്
വാക്സിൻ



Fool me once, shame on you;
fool me twice, shame on me

The worst form of injustice is
**PRETENDED JUSTICE**

~Plato

**ഏട്ടിലെ പശു** പുല്ല തിന്നുകയില്ലെങ്കിലും
പശുരാഷ്ട്രത്തിലെ **നീതിദേവനെ**
പുൽമേട്ടിലേക്ക് നയിക്കാൻ
**ഹാർലി ഡേവിസണിൽ**
കൊണ്ടുപോകാൻ വരെ **ഏട്** ഉപകരിക്കും





രാജസഭയുടെ ഒഴിഞ്ഞ മൂലയിൽ
മുൻ **നീതിദേവൻ** ആസനസ്ഥനാണ്...
**നീതി**

രാഷ്ട്രത്തിന്റെ വിരിമാറിൽ
**അംബേദ്കറിന്റെ ഖബറിൽ**
**അന്ത്യവിശ്രമത്തിലും**



# ഉള്ളടക്കം


17 ഏഴ് പതിറ്റാണ്ട് അടയിരുന്ന് വിരിയിച്ചെടുത്ത ഇന്ത്യൻ നീതി

32 നീതിതേടുന്ന നീതിദേവത

38 സ്ത്രീത്വം കുരുക്കിൽ ഞെരിയുന്നു

41 നീതിയില്ലായ്മയാണ് ഏറ്റവും വലിയ മഹാമാരി

48 സാമ്പത്തികവ്യവസ്ഥ: വിൽക്കപ്പെടുന്നു, മൊത്തമായും ചില്ലറയായും

50 സത്യാനന്തരകാലത്തെ പൊതുബോധം







52 ആവിഷ്കാരത്തിനെതിരേയുള്ള 'മീശ'വിറപ്പിക്കൽ

59 ജനാധിപത്യം അതിന്റെ മൂല്യം തിരിച്ചുപിടിക്കണം

62 ഭൂമിയുടെ അവകാശികൾ

67 കറ പിടിപ്പിച്ച പാരിൽ

73 ഭരണഘടനാ സമക്ഷം ഞാൻ എന്ന ഇന്ത്യൻ പൗരൻ ബോധിപ്പിക്കുന്നത്

92 Education Policy

77 ഇന്ത്യൻ നേർകാഴ്ചകളുടെ കാലിഡോസ്കോപ്പ്

100 Indian Economy and the Lockdown Pandemic

THE CLOSED WINDOW.........98

DOWN LIKE DOMINOES.....105

HOW DARE YOU:
Greta on a global mission.........107

The Assaults that India
Failed to Remember..................108

Divide and rule;
still worshiped?..........................113




# ചോദ്യം വീണ്ടും

## പശു നമുക്ക് എന്തെല്ലാം തരുന്നു?





# 7 പതിറ്റാണ്ട് അടയിരുന്ന് വിരിയിച്ചെടുത്ത ഇന്ത്യൻ നീതി

നുഹ മറിയം
ബി.എ. മലയാളം

ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും നിർണായകവും ഒരേ സമയം മതപരവും, നിയമപരവുമായ തർക്ക വിഷയമായിരുന്നു ബാബരി മസ്ജിദ്. വിദ്വേഷത്തിന്റെയും രക്തത്തിന്റെയും ഭയത്തിന്റെയും നീണ്ട കാലത്തെ കലഹങ്ങൾക്കൊടുവിൽ ഇന്ന് ബാബരി മസ്ജിദ് വിവാദത്തിനെ സംബന്ധിക്കുന്ന അന്തിമ വിധിയും വന്ന് ഒരാണ്ട് തികയുമ്പോൾ നീതിന്യായ വ്യവസ്ഥ കാണിച്ച വിചിത്രമായ 'ആത്മാർഥത' എന്നും ഇന്ത്യയിലെ ന്യൂനപക്ഷ ദൗർഭാഗ്യത്തെ പ്രതിഫലിപ്പിക്കുന്നു.

1992ലാണ് ബാബരി മസ്ജിദ് തകർക്കപ്പെട്ടത്. ഒരുകൂട്ടം ആളുകൾ പള്ളിയിലേക്ക് ഇടിച്ചു കയറി മാരകായുധങ്ങളും മറ്റുമുപയോഗിച്ച് തകർക്കുകയായിരുന്നു.

'തർക്കഭൂമി'യിൽ 'രാമമന്ദിര'ത്തിൽ കുറഞ്ഞ യാതൊന്നും പകരം തങ്ങൾക്ക് ലക്ഷ്യമില്ലായെന്ന് തങ്ങളുടെ നിരന്തരമായ യുദ്ധഹ്വാനങ്ങളിലൂടെയും ഭയപ്പെടുത്തലുകളിലൂടെയും ഈ കൂട്ടർ എല്ലായ്പ്പോഴും വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. കോടതി, ഭൂമി രാമജന്മ ഭൂമിക്കായി വിട്ടുകൊടുക്കുകയും ചെയ്തു. മതേതര ജനാധിപത്യ ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥയുടെ മേലുള്ള ന്യൂനപക്ഷ ജനതയുടെ വിശ്വാസം കൂടിയാണ് ബാബരിക്കൊപ്പം തകർക്കപ്പെട്ടിരിക്കുന്നത്. പകൽ വെളിച്ചം പോലെ പച്ചയായ അനീതിയായിരുന്നു ബാബരി വിധി. മറുചോദ്യങ്ങൾക്കുള്ള അവകാശത്തിന് പോലും കൂച്ചുവിലങ്ങു വെച്ചു കൊണ്ട് 'അഡ്മിൻ ഒൺലി'ഗ്രൂപ്പുകൾ കൈവരിച്ച 'സമാധാനം' എക്കാലത്തെയും മുസ്‌ലിം സ്വത്വത്തെയും ഭരണഘടനയെയും വേട്ടയാടാൻ പാകപ്പെടുത്തിയിട്ടുള്ള പൊതുബോധമാണ് അവശേഷിപ്പിച്ചത്.

സുന്നി വഖ്ഫ് ബോർഡിന് നൽകിയ 5 ഏക്കർ ഭൂമിയുടെ കണക്ക് അപമാനകരവും പരിഹാസവുമായ



സമീപനമാണ് എന്നതിലും തർക്കമില്ല. 1992ലെ കലാപത്തിൽ കൊല്ലപ്പെട്ട ആയിരങ്ങൾക്ക് വേണ്ടി കോടതി യാതൊന്നും ചെയ്തില്ല. ന്യൂനപക്ഷ വിശ്വാസ ഘടനയെ ഉന്മൂലനം ചെയ്യുന്ന രാജ്യത്തെ ഹിഡൻ അജണ്ടയെ പ്രതിരോധിക്കാൻ മഹത്തായ നീതിന്യായ വ്യവസ്ഥക്കായില്ല. ഇനിയും തകർന്ന് വീഴേണ്ട മുസ്‌ലിം നിലനിൽപ്പുകൾക്ക് പിറകിലുള്ള മുന്നറിയിപ്പ് മാത്രമായി അവശേഷിക്കുകയാണ് ബാബരി.

ഇന്ത്യയിലെ 'ഹിന്ദുത്വ' ദേശീയ ബോധത്തെ ഇത്രയധികം ആവേശം കൊള്ളിച്ച മറ്റൊരു സംഭവമില്ല. മുസ്‌ലിം എന്നഅവരുടെ ബാഹ്യശത്രുവിനെ നേരിടാൻ പാകത്തിലുള്ള വളക്കൂറുള്ള മണ്ണ് ഇന്ത്യയിൽ നിർമിച്ചെടുക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ബാബരി മസ്ജിദിന്റെ തകർച്ചയും പിന്നീടുള്ള കോടതി വിധിയും ഈ കൂട്ടർക്ക് നൽകിയ ഊർജം ചെറുതല്ല. നൂറ്റാണ്ടുകൾക്ക് മുന്നേ മുസ്‌ലിങ്ങൾ ആരാധന നടത്തിപ്പോരുന്ന ഒരു ഇടമാണ് ബാബരി മസ്ജിദ് എന്നും അവിടെ വിഗ്രഹം പ്രതിഷ്ഠിച്ചത് ന്യായമർഹികാത്ത സംഭവമാണെന്നും ബോധ്യപ്പെട്ട കോടതി, പള്ളിക്കു നേരെ ഉണ്ടായ സകല ആക്രമണ സംഭവവികാസങ്ങളെയും കേവലം ഒരു 5 ഏക്കർ ഭൂമിയുടെ പേരിലുള്ള തർക്കവിഷയമായി ചുരുക്കിയത് ജനാധിപത്യ മതേതര ഇന്ത്യക്ക് സംഭവിച്ചു കൊണ്ടിരിക്കുന്ന അപചയത്തെ ചൂണ്ടിക്കാട്ടുന്നു. സംഘപരിവാർഅവകാശ വാദങ്ങൾക്ക് മുന്നിൽ സാമാന്യമായ ഭരണഘടനാ ധാർമികത പോലും മാറ്റി വെക്കേണ്ടുന്ന ഗതികെടിലാണോ പരമോന്നത നീതിപീഠമെന്ന ആശങ്കയാണ് ഉയർന്നത്. രാമന്റെ ജന്മഭൂമിയാണ് ബാബരി മസ്ജിദ് നിലകൊണ്ടിരുന്ന ഭൂമി എന്ന സംഘപരിവാർ വാദത്തെ പ്രഥമവസ്തുതയായി പരിഗണിച്ചു കൊണ്ടുള്ള വിധി ചരിത്രവസ്തുതകളോട് തെല്ലും നീതി പുലർത്തുന്നതല്ലെന്ന് റെമീല ഥാപ്പർ അടക്കമുള്ള ചരിത്ര ഗവേഷകർ കണ്ടെത്തുമ്പോൾ, നിഷ്പക്ഷ കോടതികളിലും അംബേദ്കറുടെ ഭരണഘടനയിലും ഇനിയാരും നീതി തേടി ചെല്ലേണ്ടതില്ലെന്ന് സാരം, പ്രത്യേകിച്ചും ഇന്ത്യയിലെ ന്യൂനപക്ഷ ജനത.



**ന്യൂനപക്ഷ വിശ്വാസ ഘടനയെ ഉന്മൂലനം ചെയ്യുന്ന രാജ്യത്തെ ഹിഡൻ അജണ്ടയെ പ്രതിരോധിക്കാൻ മഹത്തായ നീതിന്യായ വ്യവസ്ഥക്കായില്ല. ഇനിയും തകർന്ന് വീഴാവുന്ന മുസ്‌ലിം നിലനില്പുകൾക്ക് പിറകിലുള്ള മുന്നറിയിപ്പ് മാത്രമായി അവശേഷിക്കുകയാണ് ബാബരി.**

ബാബരി ഭൂമിയെ തിരിച്ചു പിടിച്ചത് തങ്ങളുടെ രാഷ്ട്രീയ നേട്ടമായി ആഘോഷിക്കുകയാണ് ഒരു കൂട്ടർ. തുടക്കം മുതലേ രാമഭൂമിയെ അനുകൂലിക്കുന്നവരും 'പള്ളിയല്ല പണിയണം പള്ളിക്കൂടമായിരം' പാടുന്ന മതേതര സ്നേഹികളും ഇന്ത്യൻ മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക്, ബാബരി മസ്ജിദിന്റെ തകർച്ച സൃഷ്ടിച്ച ശൂന്യതയും മുറിവും വേണ്ടവിധം മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് സംശയമാണ്. ഈ കാര്യത്തിൽ ഇന്ത്യയിലെ മുഴുവൻ മുഖ്യധാര മതേതര രാഷ്ട്രീയപ്രസ്ഥാനങ്ങളും വൻ പരാജയമായിരുന്നു എന്ന് വേണം പറയാൻ. മുസ്‌ലിങ്ങളെ സംബന്ധിച്ചെടുത്തോളം അത് അവരുടെ മത പരവും ഭരണഘടനാപരവുമായ




അവകാശങ്ങളുടെ പ്രശ്നമായി രുന്നു. കഴിഞ്ഞ അര നൂറ്റാണ്ടാ യി ഇന്ത്യയിൽ വളരെ ആസൂ ത്രിതമായി നടപ്പിലാക്കപ്പെ ടുന്ന മുസ്‌ലിം-ദലിത് വിരുദ്ധ പ്രവണതയെ കുറിച്ച് എല്ലാവ ർക്കും അറിവുണ്ട്. എന്നാൽ, അത് തികച്ചും നിഷ്പക്ഷമാ യി പ്രവർത്തിക്കേണ്ട നീതി ന്യായ വ്യവസ്ഥയുടെ ഉദ്യോ ഗസ്ഥ സംവിധാനത്തെ വരെ സ്വാധീനിക്കാൻ ഉതകുന്നതാ ണ് എന്ന തിരിച്ചറിവ് നിരാശജ നകമാണ്. ഭരണഘടനയുടെ പ്രശ്നം എന്നതിലുപരി അത് മുസ്‌ലിം സ്വത്വത്തെ പ്രതിസ ന്ധിയിലാക്കുന്നത് ഇങ്ങനെ യാണ്.

**ഇന്ത്യൻ സാമൂഹിക പശ്ചാത ലത്തിന്ന് ബാബരിക്ക് മുമ്പും ശേഷവും വിത്യസ്ത പ്രതി ച്ഛായകൾ രൂപപ്പെട്ടിട്ടുണ്ട്. ഫാഷിസ്റ്റ് അതിക്രമങ്ങളെ വളരെ സ്വാഭാവികമായി കാ ണുന്ന സ്ഥിതിവിശേഷണമാ ണ് ഇന്ന് നിലവിലുള്ളത്.**

ഇന്ത്യൻ സാമൂഹിക പശ്ചാ തലത്തിന് ബാബരിക്ക് മുമ്പും ശേഷവും വ്യത്യസ്ത പ്രതിച്ഛാ യകൾ രൂപപ്പെട്ടിട്ടുണ്ട്. ഫാഷി സ്റ്റ് അതിക്രമങ്ങളെ വളരെ സ്വാഭാവികമായി കാണുന്ന സ്ഥിതിവിശേഷണമാണ് ഇന്ന് നിലവിലുള്ളത്. ബീഫ് സൂക്ഷിച്ചു വെന്നാരോപിച്ച് മുഹമ്മദ് അഖ്‌ലാക്കിനെ ഹി ന്ദുത്വ രാഷ്ട്രീയ ഗുണ്ടകൾ കൂ ട്ടമായി ആക്രമിച്ചു കൊലപ്പെ ടുത്തിയ സംഭവം, ആഗോളത ലത്തിൽ സൃഷ്ടിച്ച രോഷവും പ്രതിഷേധവും പിന്നീടുള്ള സമാനസംഭവങ്ങളിൽ അത്ര തന്നെ കണ്ടില്ല. ആവർത്തന വി രസത സൃഷ്ടിക്കുന്ന ഈ സ്വാ ഭാവികത്വം ബാബരിയുടെ വി ധി വന്ന ദിനങ്ങളിലും കണ്ടി രുന്നു. പുതിയ രാഷ്ട്രീയ പശ്ചാ ത്തലത്തിൽ മറിച്ച് ഒരു വിധിയു ണ്ടാകുമെന്ന് ജനാധിപത്യവാദി കളും വിശ്വാസികളും പ്രതീക്ഷി ച്ചിരിക്കില്ല. ബാബരി ഒരു തുട ക്കം മാത്രമാണെന്നാണ് കരു തേണ്ടത്. പള്ളി പുതുക്കി പണി യണമെന്ന ആവശ്യം ഉന്നയി ച്ചു കൊണ്ട് മുന്നോട്ട് വന്ന മു സ്‌ലിം സംഘടനകൾ അതിനെ ഭരണഘടനാപരവും നിയമപര വുമായ സംവിധാനങ്ങളിലൂടെ തന്നെയാണ് അവതരിപ്പിച്ചിട്ടു ള്ളത്. എന്നാൽ രാമരാഷ്ട്ര വാദി കൾ സംഭാവന ചെയ്യുന്ന മറ്റൊ രു ഭൂമി പള്ളി നിർമാണത്തിന് വേണ്ടി നൽകാമെന്ന ആർ.എ സ്.എസിന്റെ അന്നത്തെ വാ ദമാണ് കോടതി നിയമപരമാ യി കൊണ്ടുവരാൻ കൂട്ടുനിന്ന ത്. ബാബരിക്ക് മേലുള്ള മുസ് ലിങ്ങളുടെ ഓർമക്കും വികാ രങ്ങൾക്കുമപ്പുറം അത് ന്യൂന പക്ഷ സമൂഹത്തിന് ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥക്ക് മേ ലുള്ള മുഴുവൻ അവകാശവാദ ത്തെയും ഇല്ലാതാക്കി എന്നത് ആഴത്തിൽ ചിന്തിക്കേണ്ടുന്ന വസ്തുതയാണ്. മസ്ജിദ് തക ർക്കാൻ ഭീംറാവു അംബേദ്ക റുടെ ചരമദിനം തന്നെ തെര ഞ്ഞെടുത്തതിന് പിന്നിലെ രാ ഷ്ട്രീയവും മറ്റൊന്നല്ല. ആർ.എ സ്.എസിന്റെ പ്രഖ്യാപിത അജ ണ്ടക്കെതിരെ പ്രത്യക്ഷത്തിൽ എതിർക്കുകയും ഇന്ത്യയുടെ മണ്ണിലുള്ള ഫാസിസത്തിന്റെ വളർച്ചയെ നേരിടാനുള്ള ആർ ജവം സംഭരിക്കുകയും മാത്രമാ ണ് ഇനി ചെയ്യാനുള്ളത്. ആ തരത്തിൽ ഓർമയുടെയു പ്രതി ഷേധത്തിന്റെയും ബിംബമാ യി ബാബരി എന്നും നിലനി ൽക്കുന്നു. ■

# ലെജിസ്ലേച്ചർ

ആദിൽ ലത്തീഫ്
ബോട്ടണി



വിഭജനത്തിന്റെ മുറിപ്പാടോടെയാണ് ഇന്ത്യയെന്ന ജനാധിപത്യ രാജ്യം അതിന്റെ യാത്രയാരംഭിച്ചത്. ജാതിയുടെയും മതത്തിന്റെയും പേരിൽ കൊന്നും കൊല്ലപ്പെട്ടും ആട്ടിയോടിച്ചും ആട്ടിയോടിക്കപ്പെട്ടും നാം നമ്മുടെ സ്വാതന്ത്ര്യം ആഘോഷിച്ചു. കേവലം അഞ്ച് മാസം തികയുന്നതിന് മുമ്പു തന്നെ ഇന്ത്യയുടെ രാഷ്ട്രപിതാവിന്റെ വിരിമാറിലേക്ക് വെടിയുതിർത്ത 'തീവ്രഹിന്ദുത്വരി'ലൂടെ ഫാഷിസത്തിന്റെ രോഗലക്ഷണം കണ്ടുതുടങ്ങി. എന്നാൽ ഈ വിപത്തിന്റെ വേര് കണ്ടെത്തി അത് അറുത്തെറിയുന്നതിൽ അധികാരി വർഗവും പൊതുസമൂഹവും പരാജയപ്പെട്ടു.

ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടുകയും ഈ മണ്ണിനോട് കൂറു കാണിക്കുകയും ചെയ്ത മുസ്ലിങ്ങളെ അന്യവൽക്കരിക്കുക എന്ന തന്ത്രമാണ് ആദ്യം ഫാഷിസ്റ്റുകൾ ചെയ്തത്. അടിയ്ക്കടി ഇവിടെ നടമാടിയ വർഗീയ കലാപങ്ങളിലും ലഹളകളിലും പൊലിഞ്ഞത് ലക്ഷക്കണക്കിന് മുസ്ലിം ജീവനുകളാണ്. എന്നിരുന്നാലും ഈ രാജ്യത്തിന്റെ മതേതരത്വവും ജനാധിപത്യ സ്വഭാവവും തങ്ങൾക്ക് മെച്ചമായൊരു ഭാവി നൽകുമെന്നവർ സ്വപ്നം കണ്ടിരുന്നു. മതേതര സർക്കാരുകൾ ഒരു പരിധി വരെ ആ പ്രത്യാശയെ നില നിർത്തുകയും ചെയ്തിരുന്നു.

എന്നാൽ 1992 ഡിസംബർ ആറിന് ബാബറി മസ്ജിദ് ധ്വംസനത്തോടെ കോൺഗ്രസിന്റെ കപടമുഖം അഴിഞ്ഞുവീണു. അദ്വാനി നടത്തിയ രഥയാത്രയും കർസേവയുമൊന്നും തടയാൻ പോലും കോൺഗ്രസ് ശ്രമിച്ചില്ല. ബാബരിമസ്ജിദിന്റെ മിനാരങ്ങൾ തകർക്കപ്പെടുമ്പോൾ അന്നത്തെ പ്രധാനമന്ത്രി പിവി നരസിംഹറാവു ധ്യാനനിമഗ്നനായി തന്റെ പൂജാമുറിയിൽ ആയിരുന്നത്രെ. 13 ഭാഷയിൽ പണ്ഡിതനായിരുന്ന നരസിംഹറാവു അന്ന് ഏതെങ്കിലും ഒരു ഭാഷയിൽ പള്ളി പൊളിക്കരുത് എന്ന് നിർദേശം നൽകിയിരുന്നെങ്കിൽ ഇന്ത്യ ഇന്നനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഉണ്ടാവില്ലായിരുന്നു. അതിനുശേഷം ഇന്ത്യയിൽ കാലഗണന തന്നെ നടക്കുന്നത് ബാബറി ധ്വംസനത്തിനുമുമ്പും ശേഷവും എന്നാണ്.

ബാബരി സംഭവത്തോടെ നടന്നത് വലിയൊരു വർഗീയ ധ്രുവീകരണമാണ്. കോൺഗ്രസ്സിനുമേലുള്ള ന്യൂനപക്ഷങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടു; പിന്നീടൊരിക്കലും കോൺഗ്രസ് ഒരൊറ്റകക്ഷിയായി ഇന്ത്യഭരിച്ചിട്ടില്ല. അസ്ഥിരവും ദുർബലവുമായിരുന്ന വാജ്പേയ് സർക്കാർ ഭരണത്തിൽ വന്നതോടെ അധികാരകേന്ദ്രങ്ങളിൽ എല്ലായിടത്തും കാവിരാഷ്ട്രീയ ചായ്വുള്ളവരെ പ്രതിഷ്ഠിക്കുകയാണ് ആദ്യം ചെയ്തത്. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെക്കാളും, അടിസ്ഥാനസൗകര്യവികസനത്തെക്കാളും അവർ ശ്രദ്ധിച്ചത് ഇന്ത്യയുടെ പൊതുബോധത്തിൽ ദേശീയതയുടെ പേരുംപറഞ്ഞ് 'തീവ്രഹിന്ദുത്വം' കുത്തി നിറയ്ക്കാനാണ്.



മുസ്ലിങ്ങളെയും ദലിതുകളെയും ശത്രുസ്ഥാനത്ത് നിർത്തുന്നതിന് ദേശീയതയും രാജ്യസ്നേഹവും ഒരു ടൂൾ ആയി ഉപയോഗിക്കാൻ തുടങ്ങുകയായിരുന്നു. ഇതിനിടെ കേന്ദ്രത്തിൽ അധികാരത്തിലുള്ളവർ മാറിമാറി വന്നു. ഒരു ഒറ്റകക്ഷി ഭരണം ആർക്കും നൽകാനായില്ല. കോൺഗ്രസ് ആണെങ്കിൽ യുപിഎ എന്ന കൂട്ടുകെട്ടിൽ രണ്ടുതവണ ഭരണത്തിൽ എത്തിയിട്ടും ജനങ്ങളുടെ വിശ്വസം തിരിച്ചുപിടിക്കാനായില്ല.

2002 ഗുജറാത്ത് കലാപം ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ തീർത്തും അരക്ഷിതരാക്കി. കലാപത്തിൽ ഭരണകൂടം മർദ്ദകയന്ത്രമായി പ്രവർത്തിക്കുകയായിരുന്നു. കലാപം അടിച്ചമർത്തേണ്ടതിന് പകരം എരിതീയിൽ എണ്ണയൊഴിക്കുന്ന നടപടികളാണ് ഗുജറാത്ത് സർക്കാർ കൈക്കൊണ്ടത്. ആ സമയം

**2002 ഗുജറാത്ത് കലാപം ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ തീർത്തും അരക്ഷിതരാക്കി. കലാപത്തിൽ ഭരണകൂടം മർദ്ദകയന്ത്രമായി പ്രവർത്തിക്കുകയായിരുന്നു. കലാപം അടിച്ചമർത്തേണ്ടതിന് പകരം എരിതീയിൽ എണ്ണയൊഴിക്കുന്ന നടപടികളാണ് ഗുജറാത്ത് സർക്കാർ കൈക്കൊണ്ടത്.**

**'ഭയപ്പെടുത്തി കീഴ്പ്പെടുത്തുക' എന്ന ഫാഷിസ്റ്റ് തന്ത്രം പ്രയോഗവൽക്കരിക്കുന്നതിന് വേണ്ടി ക്രിമിനൽ പശ്ചാത്തലമുള്ളവരെ വീരപുരുഷന്മാരായി അവതരിക്കപ്പെടുന്ന പ്രവണതക്ക് തുടക്കമായി. കലാപത്തിലും വർഗീയ വിദേഷ പ്രചാരണത്തിലും സ്ഫോടനങ്ങളിലും പങ്കെടുത്തവർ പാർലമെന്റുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.**



*പ്രഗ്യാസിങ് ഠാക്കൂർ*



*യോഗി ആതിദ്യനാഥ്*



*പ്രതാപ് ചന്ദ്ര സാരംഗ്*

കേന്ദ്രത്തിലിരുന്ന മതേതര മുന്നണി ഇതിനെതിരെ ക്രിയാത്മകമായി ഒന്നും തന്നെ ചെയ്തില്ല. ഫാഷിസം അതിന്റെ ദ്രംഷ്ടകൾ പുറത്തെടുക്കുകയും ഭീകര താണ്ഡവമാടുകയും ചെയ്ത കലാപത്തിൽ കേന്ദ്രം ഭരിച്ച കോൺഗ്രസിലെ ഒരു എം.പിയുടെ ജീവൻപോലും നഷ്ടമായി. സ്ത്രീകളും കുട്ടികളും പുരുഷന്മാരും സമാനതകളില്ലാത്ത ക്രൂരതകൾക്കിരയായി. കലാപത്തിൽ അനൽപമല്ലാത്ത പങ്ക് വഹിച്ചുവെന്ന് വിശ്വസിക്കപ്പെട്ടവർ ഫാഷിസത്തിന്റെ വീരപുരുഷന്മാരായി അവതരിപ്പിക്കപ്പെട്ടു.



'ഭയപ്പെടുത്തി കീഴ്പ്പെടുത്തുക' എന്ന ഫാഷിസ്റ്റ് തന്ത്രം പ്രയോഗവൽക്കരിക്കുന്നതിന് വേണ്ടി ക്രിമിനൽ പശ്ചാത്തലമുള്ളവരെ വീരപുരുഷന്മാരായി അവതരിക്കപ്പെടുന്ന പ്രവണതക്ക് തുടക്കമായി. കലാപത്തിലും വർഗീയ വിദ്വേഷ പ്രചാരണത്തിലും സ്ഫോടനങ്ങളിലും പങ്കെടുത്തവർ പാർലമെന്റുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ഇതേസമയം തന്നെ ഇന്ത്യയിൽ തുടർച്ചയായി സ്ഫോടനങ്ങളുണ്ടാവുകയും അതിന്റെയെല്ലാം പേരിൽ മുസ്ലിം നാമധാരികളായ ആളുകളും സംഘടനകളും പ്രതിചേർക്കപ്പെടുകയും ചെയ്തു. മീഡിയയും 'സോ കോൾഡ് പൊതുബോധവും' മുസ്ലിംകളുടെ മേൽ 'തീവ്രവാദി' എന്ന പുതിയ ലേബൽ ചാർത്തിക്കൊണ്ടിരുന്നു. ഇന്ത്യയുടെ തെരുവിൽ എവിടെ വച്ചും 'തീവ്രവാദി' എന്ന പേരിൽ മുസ്ലിംകൾ അറസ്റ്റ് ചെയ്യപ്പെടുന്ന രീതി സർവസാധാരണമായി. ഇതിന്റെ ചുവടുപിടിച്ച് കരിനിയമങ്ങൾ പടച്ചുവിടുകയും അത് ന്യൂനപക്ഷങ്ങൾക്ക് നേരെ പ്രയോഗിക്കുന്നതിൽ അധികാരികൾ ശ്ര

ഢ ചെലുത്തുകയും ചെയ്തു. ഇതെല്ലാം ഫാഷിസ്റ്റുകൾക്ക് ചുവടുറപ്പിക്കാനുള്ള മണ്ണ് ഒരുക്കുന്നതിനുള്ള ഗിമ്മിക്കുകൾ മാത്രമായിരുന്നു എന്ന് പതിറ്റാണ്ടുകൾക്കിപ്പുറം നാം തിരിച്ചറിയുന്നു. വിവിധ കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ട് വർഷങ്ങൾക്ക് ശേഷം ഇപ്പോൾ ഇവരെല്ലാം നിരപരാധികളാണെന്നു കണ്ട് പുറത്തുവരുന്നു. അതിനിടയിൽ ഈ യുവാക്കൾക്ക് നഷ്ടപ്പെടുന്നത് ജീവിതത്തിലെ 20 വർഷങ്ങളാണ്. ജീവിതത്തിന്റെ നല്ലകാലം മുഴുവനും കാരാഗ്രഹവാസം. പുറത്തിറങ്ങുമ്പോഴേക്കും ഉറ്റവരും ഉടയവരുമായവർ മണ്ണോട് മണ്ണടിയുക. എന്തൊരു ദുസ്സഹമായ അവസ്ഥയാണ് ഇന്ത്യയിലെ ഓരോ മുസ്‌ലിമിന്റെയും. എന്നാൽ ഇതിനുവിപരീതമായി തീവ്ര ഹിന്ദുത്വ സംഘടനകൾ പ്രതിയാക്കപ്പെടുന്ന കേസ്സുകൾ മരവിപ്പിക്കപ്പെടുന്നു. വ്യക്തികളാണെങ്കിൽ അവർ മാനസികരോഗികളാണെന്ന് പറഞ്ഞ് പോലിസും അന്വേഷണ ഏജൻസികളും അവരെ അതിൽ നിന്നു രക്ഷിച്ചെടുക്കുന്നു.

ഇങ്ങനെ അദൃശ്യനും അരൂപിയുമായ ശത്രുവിനെ പ്രതിഷ്ഠിച്ചതിനുശേഷം ഈ നാടിനെ രക്ഷിക്കാൻ 'നിർദ്ദയനായ ഒരു രക്ഷകനെ' ഫാഷിസം എഴുന്നള്ളിക്കുന്നു. മതേതര പൊതുബോധം സമം ഹിന്ദുത്വം എന്ന് സമീകരിക്കപ്പെട്ടതോടുകൂടി ആ രക്ഷകൻ ഒരു 'ഹിന്ദുത്വവാദി' ആകുന്നതിൽ മതേതര ഇന്ത്യ ഒരിക്കലും നടുക്കം രേഖപ്പെടുത്തിയില്ല. പി. ആർ ഏജൻസികളുടെ സഹായത്തോടെ മീഡിയയുടെയും കോർപ്പറേറ്റുകളുടെയും തോ



ളിലേറി അയാൾ പാർലമെന്റിലേക്ക് ആനയിക്കപ്പെട്ടു.

അതോടെ പറയേണ്ടതില്ലല്ലോ, അധികാര-ഭരണ നിർവഹണത്തിന്റെ സർവമേഖലയും കാവിവൽക്കരിക്കപ്പെടുന്നു. ഒരുരാജ്യത്തിന്റെ ക്ഷേമം എന്നത് അവിടുത്തെ അടിസ്ഥാനവർഗത്തിന്റെ ക്ഷേമമാണെന്നും സാമ്പത്തികഭദ്രതയ്ക്കും അടിസ്ഥാനസൗകര്യവികസനത്തിനുമാണ് ഭരണാധികാരികൾ എപ്പോഴും പരമപ്രാധാന്യം നൽകേണ്ടതെന്നും ആര് ആരെ പഠിപ്പിക്കാനാണ്? ജനങ്ങൾ ജനങ്ങൾക്ക് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട

**ആർ.എസ്.എസ് എന്ന സംഘടന രൂപീകരണത്തിന്റെ 100 വർഷം പൂർത്തിയാകുമ്പോൾ തങ്ങളുടെ ഒളിയജണ്ടകളുടെ പൂർത്തീകരണത്തിന് ഉതകുന്ന രീതിയിൽ ഈ രാജ്യത്തിന്റെ മണ്ണ് മാറ്റിമറിച്ചു കഴിഞ്ഞു.**



ഒരു സർക്കാരാണിത്. പക്ഷേ ഏത് ജനം എന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം. അത് തീർച്ചയായും ന്യൂനപക്ഷങ്ങ ളല്ല, ഇന്ത്യൻ ജനസംഖ്യയുടെ ഏറിയ പങ്കും വരുന്ന ദലിതുക ളല്ല. മറിച്ച് മറ്റൊരു ന്യൂനപക്ഷ മായ സവർണ സമൂഹമാണ്. അവർക്ക് വേണ്ടത് രാമരാജ്യ നിർമാണം മാത്രമാണ്. അതിൽ എത്ര മുസ്‌ലിംകളും ദലിതരും കൊല്ലപ്പെട്ടാലും അവർക്കെ ന്ത്? തലതിരിഞ്ഞ നടപടികൾ കൊണ്ടും വികസനപദ്ധതികൾ കൊണ്ടും രാജ്യം അധോഗതി യിലേക്ക് പോയിക്കൊണ്ടിരി ക്കുകയാണ്. വർഗീയത ആളി ക്കത്തിച്ചും, ദലിത്-ന്യൂനപക്ഷ ങ്ങളെ ക്രൂരമായി വേട്ടയാടിയു മാണ് മോദിസർക്കാർ തങ്ങളു ടെ രണ്ടാം ഊഴം നേടിയത്.

നരേന്ദ്രമോദിയുടെ രണ്ടാം വരവോടെ ഇന്ത്യ ൻ ജനാധിപ ത്യം സമ്പൂർണ പണാധിപത്യ മായി മാറി. തങ്ങൾക്ക് വഴ ങ്ങുന്നവർക്ക് കോടികൾ വാരിക്കോരി കൊ ടുക്കുകയും വഴ

**പൂർണമായും കാവിവൽക്ക രിക്കപ്പെട്ട ഇന്ത്യയുടെ പാർല മെന്റ് ക്രിമിനലുകളുടെയും വർഗീയഭ്രാന്തന്മാരുടെയും ലാവണമായി മാറിക്കഴിഞ്ഞി രിക്കുന്നു. മതേതരത്വത്തിന്റെ ശവപ്പെട്ടിയുടെ നിർമാണമാ ണ് ഇന്ന് അവിടെ നടക്കുന്നത്.**

ങ്ങാത്തവരെ ഭീഷണിപ്പെടു ത്തി വരുതിയിലാക്കാൻ ശ്രമി ക്കുകയും ചെയ്യുന്നു. സിബി ഐ, എൻഫോഴ്സ്മെന്റ്, എൻ ഐ.എ, ഇൻകം ടാക്സ് എന്നീ കേന്ദ്ര ഏജൻസികൾ രാഷ്ട്രീയ ചട്ടുകങ്ങൾ മാത്രമായി മാറി. തങ്ങൾക്ക് താൽപ്പര്യമില്ലാത്ത, തങ്ങളുടെ രാഷ്ട്രീയത്തെ വിമർ ശിക്കുന്ന സംഘടനകളെയും വ്യക്തികളെയും തുറങ്കലിലടയ് ക്കാനും വർഷങ്ങളോളം വിചാ രണത്തടവുകാരാക്കാനും ഈ ഏജൻസികൾ രാപ്പകലില്ലാതെ പണിയെടുക്കുന്നു. എങ്ങനെ യാണ് ഫാഷിസം ലെജിസ്ലേച്ച റിനെ പൂർണമായും വിഴുങ്ങു ന്നത് എന്നതിന് വേറൊരു തെ ളിവും ആവശ്യമില്ല.

ആർ.എസ്.എസ് എന്ന സം ഘടന രൂപീകരണത്തിന്റെ 100 വർഷം പൂർത്തിയാക്കുമ്പോൾ തങ്ങളുടെ ഒളിയജണ്ടകളു ടെ പൂർത്തീകരണത്തിന് ഉത കുന്ന രീതിയിൽ ഈ രാജ്യ ത്തിന്റെ മണ്ണ് മാറ്റിമറിച്ചു കഴി ഞ്ഞു. തങ്ങൾക്കാവശ്യമായ രീ തിയിൽ പാർലമെന്റിൻ നിയമ ങ്ങൾ മാറ്റിയെഴുതാൻ എംഎൽ എമാരെ പണംകൊടുത്തുവാ ങ്ങുക മാത്രമല്ല; നിയമാനുസൃ തമല്ലാതെ തന്നെ നിയമങ്ങൾ പാസാക്കിയെടുക്കാനും അവർ ക്കാവുന്നു. വെറും മുഷ്കും കൂ സലില്ലായ്മയും മാത്രം മതി അവർക്ക് അതിനൊക്കെ. കശ് മീരിന്റെ പ്രത്യേകപദവി എടു ത്തുകളയാനും ത്വലാഖ് നിയ മം ഭേദഗതി ചെയ്യാനും, പൗര ത്വ ഭേദഗതിയുമൊക്കെ നാം കണ്ടതാണ്.

പൂർണമായും കാവിവൽ ക്കരിക്കപ്പെട്ട ഇന്ത്യയുടെ പാർ ലമെന്റ് ക്രിമിനലുകളുടെയും വർഗീയഭ്രാന്തന്മാരുടെയും ലാ വണമായി മാറിക്കഴിഞ്ഞിരിക്കു ന്നു. മതേതരത്വത്തിന്റെ ശവ പ്പെട്ടിയുടെ നിർമാണമാണ് ഇന്ന് അവിടെ നടക്കുന്നത്. തി രികെക്കിട്ടാത്ത വിധം ഇന്ത്യയു ടെ മതേതരത്വം 'അഛാദിനി'ൽ പെട്ട് ഞെരിഞ്ഞ് പൂർണമായും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ●

# എക്സിക്യൂട്ടീവ്

ഫായിസ് സലീം
ബി.എം.എം.സി

അടൽ ബിഹാരി വാജ്പേയിയുടെ കാലം മുതലാണ് ഇന്ത്യയിൽ ഉദ്യോഗസ്ഥ തലങ്ങളിൽ കാവിരാഷ്ട്രീയ അനുകൂലികളെ തിരുകി കയറ്റിത്തുടങ്ങിയത്. ഇന്ത്യയുടെ ചരിത്രത്തെ ആസൂത്രിതമായി മാറ്റിയെഴുതുന്ന പണിയിലാണ് തുടക്കത്തിലിക്കൂട്ടർ ശ്രദ്ധ വെച്ചിരുന്നത്. പിന്നീട് ഇന്ത്യൻ ബ്യൂറോക്രസിയുടെ സകലമേഖലകളിലും 'ഫാഷിസം' അവരുടെ പിണിയാളുകളെ പ്രതിഷ്ഠിച്ചു. തങ്ങളുടെ 'യജമാനന്മാരോട്' മാത്രം വിധേയത്വം പുലർത്തിക്കൊണ്ട് ഇപ്പോഴും അവരവിടെ തുടരുന്നു.

വിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ കാവിവൽക്കരണം നടത്തുന്നതിൽ ഉദ്യോഗസ്ഥർ ബദ്ധശ്രദ്ധ പുലർത്തിയിരുന്നു. 'വാട്സ് ആപ് യൂണിവേഴ്സിറ്റി'കളിൽ മാത്രം പ്രചരിച്ചിരുന്ന 'പുരാണ-ഇതിഹാസ ശാസ്ത്ര വിജ്ഞാനീയങ്ങൾ' നമ്മുടെ പാഠപുസ്തകങ്ങളിൽ ഇടംപിടിച്ചുവെന്ന വലിയൊരു ദുരിതത്തിന് നാം സാക്ഷിയാവുന്നു. ഇന്ത്യൻ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ അമരത്തിലിരുന്ന പലരും ബാലിശവും യാതൊരു ശാസ്ത്രീയ അടിത്തറയില്ലാത്തതുമായ ഇത്തരം 'ആശയങ്ങളെ' പിന്തുണക്കുന്ന പ്രസ്താവനകളായി വരുന്നത് സഹതാപത്തോടെ മാത്രമേ നമുക്ക് കാണാൻ കഴിയൂ.

ദേശീയതയും രാജ്യസ്നേഹവും ആളിക്കത്തിച്ച് നിർത്തുന്നതിന് ഫാഷിസ്റ്റുകൾ പട്ടാളത്തെ ഉയർത്തിക്കാട്ടാറുണ്ട്. പട്ടാളം നടത്തുന്ന അക്രമങ്ങളെയും കൂട്ടക്കൊലകളെയും 'രാജ്യസ്നേഹ'ത്തിന്റെ പേരിൽ സിവിൽ സമൂഹത്തെ കൊണ്ട് അന്ധമായി അംഗീകരിപ്പിക്കാൻ അവർ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ ഇതേ ആളുകൾ തന്നെ പട്ടാളക്കാരെ 'കുരുതി' കൊടുത്ത് തങ്ങളുടെ നിലനിൽപ്പ് ഭദ്രമാക്കുന്നതിന് ശ്രമിച്ചതായുള്ള ഊഹാപോഹങ്ങളും ഇപ്പോൾ പുറത്തുവരുന്നു. കര-നാവിക-വ്യോമ സൈനികരുടെ മുകളിൽ ഒരു പരമാധികാരിയെക്കൂടി നിയമിച്ച് ഈ സർക്കാർ ഉത്തരവായിട്ടുണ്ട്.

പോലീസും വിവിധ അന്വേഷണ ഏജൻസികളും ഫാഷിസ്റ്റുകളുടെ പീഡനോപകരണം മാത്രമായി തീർന്നിരിക്കുന്നു. നഗ്നമായ നിയമലംഘനങ്ങൾക്കും നിർലജ്ജമായ ശത്രുവേട്ടക്കും അനുസരണയുള്ള നായയെപ്പോലെ ഇക്കൂട്ടർ അടിമപ്പെട്ടു നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ഭരണകൂടത്തിന്റെ തലതിരിഞ്ഞ നയങ്ങളെ വിമർശിക്കുന്ന ജനപ്രതിനിധികൾ, സെലിബ്രിറ്റികൾ, ആക്ടിവിസ്റ്റുകൾ എന്നിവരെ തെരഞ്ഞുപിടിച്ച് വേട്ടയാടുന്നത് ഇന്ന് നിത്യകാഴ്ചയാണ്. ഇ.ഡിയുടെയും സി.ബി.ഐയുടെയുമെല്ലാം പേരിൽ ലോക്കൽ നേതാക്കൾ

**'വാട്സ് ആപ് യൂണിവേഴ്സിറ്റി'കളിൽ മാത്രം പ്രചരിച്ചിരുന്ന 'പുരാണ-ഇതിഹാസ ശാസ്ത്ര വിജ്ഞാനീയങ്ങൾ' നമ്മുടെ പാഠപുസ്തകങ്ങളിൽ ഇടം പിടിച്ചുവെന്ന വലിയൊരു ദുരിതത്തിന് നാം സാക്ഷിയാവുന്നു.**






**രാഷ്ട്രീയ ശത്രുക്കളോട് സർക്കാരിന് കേവലം പ്രതികാരം തീർക്കാനും അവരെ നിയന്ത്രിക്കാനുമുള്ള ഉപകരണങ്ങളായി വർത്തിക്കുകയാണ് സിബി ഐ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ദേശീയ അന്വേഷണ ഏജൻസി എന്നിവ.**

പോലും എതിർശബ്ദങ്ങളെ അടിച്ചമർത്തുമ്പോൾ ഫാഷിസം ബ്യൂറോക്രസിയിൽ എത്ര മാത്രം വേരുപ്പിച്ചുവെന്ന് നമുക്കൂഹിക്കാം.

ക്രമസമാധാന പാലകരായ പോലിസ് ജനങ്ങളോട് ക്രൂരമായി പെരുമാറുകയാണ്. ഹിന്ദുത്വതാൽപ്പര്യങ്ങളുടെ സംരക്ഷകരായി അവർ സ്വയം മാറുന്ന കാഴ്ചയും അടുത്തിടെ കണ്ടു. പൗരത്വഭേദഗതിയോടുബന്ധിച്ചുനടന്ന പ്രതിഷേധ സമരങ്ങളിൽ പങ്കെടുത്ത ജാമിയമില്ലിയ്യയിലെയും ജെഎൻയുവിലെയും അലിഗഡിലെയും വിദ്യാർഥികളെ തല്ലിച്ചതയ്ക്കാൻ സംഘപരിവാർ ഗുണ്ടകൾക്ക് ഒത്താശചെയ്തുകൊടുത്ത പോലിസിനെ നാം കണ്ടതാണ്. ഡൽഹികലാപത്തിലും നാം അത് അനുഭവിച്ചറിഞ്ഞു. കത്വയിലും ഉന്നാവോയിലും ഹഥ്റാസിലും ബലാൽസംഘികളായ സവർണക്ക് വേണ്ടി തിരങ്കയാത്ര നടത്തിയവർക്ക് സംരക്ഷണം നടത്തിയ പോലിസ് ഉദ്യോഗസ്ഥരെ നമുക്കറിയാം. പൗരത്വഭേദഗതിക്കെതിരേ പ്രതിഷേധിച്ച സഫൂറാ സർഗാർ എന്ന ഗർഭിണിയായ വിദ്യാർഥിനിയെ കടുത്തവകുപ്പുകൾ ചുമത്തി തടവിലിട്ടത് അന്താരാഷ്ട്ര മനുഷ്യാവകാശത്തിന്റെ ലംഘനമാണെന്നും സഫൂറയ്ക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും അടുത്തിടെയാണ് യു.എൻ സമിതി വിധിച്ചത്. വിദ്യാർഥികളെയും മനുഷ്യാവകാശ പ്രവർത്തകരെയും ആരോഗ്യ പ്രവർത്തകരെ പോലും ഭീകരനിയമങ്ങൾ ചാർത്തി അകാരണവും അന്യായവുമായി അറസ്റ്റ് ചെയ്ത് ജയിലിലടക്കുന്ന 'കാവിപ്പോലിസ്' ഇന്ത്യയുടെ ഏറ്റവും വലിയ ദുര്യോഗമാണ്.

രാഷ്ട്രീയ ശത്രുക്കളോട് സർക്കാരിന് കേവലം പ്രതികാരം തീർക്കാനും അവരെ നിയന്ത്രിക്കാനുമുള്ള ഉപകരണങ്ങളായി വർത്തിക്കുകയാണ് സി.ബി.ഐ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ദേശീയ അന്വേഷണ ഏജൻസി എന്നിവ. ഭരണകൂടത്തിന്റെ തണലിൽ അരങ്ങ് വാഴുന്ന ക്രിമിനലുകളുടെയും സ്ത്രീപീഡകരുടെയും കൊലപാതകികളുടെയും ഭീകര പ്രവൃത്തികളിൽ ഏർപ്പെടുന്നവരുടെയും നേരെ ഒരു ചെറുവിരലനക്കാൻ പോലും ഒരു ഏജൻസിയും മുതിരുന്നില്ല.

ഗുജറാത്ത് കലാപത്തിൽ മോദിയുടെ പങ്ക് നിസ്സംശയം തെളിയിച്ച ഐ.പി.എസ് ഓഫിസറായിരുന്ന സഞ്ജീവ് ഭട്ടിന്റെ ഇന്നത്തെ അവസ്ഥ നമുക്കറിയാം. ഭീമകോറേഗാവ് കേസ്സിൽപ്പെട്ട് ജയിലിൽ കഴിയുന്ന അസംഖ്യം മനുഷ്യാവകാശപ്രവർത്തകരുടെ ദുരവസ്ഥയും നാം കണ്ടുകൊണ്ടിരിക്കുകയാണ്. സാധാരണ ജനങ്ങളിൽ നിന്നകലുന്ന സർക്കാറിന്റെ ഒരൊറ്റ കുറ്റം മാത്രം ചൂണ്ടികാണിച്ച ഉത്തർപ്രദേശിലെ കുട്ടികളുടെ ഡോക്ടർ കഫീൽഖാന്റെ അവസ്ഥയും നാം കണ്ടതാണല്ലോ. പ്രതിഷേധിക്കുന്നവരെയും രാഷ്ട്രീയ പ്രതിയോഗികളെയും ഭയപ്പെടുത്തിയും ജയിലടച്ചും പ്രതികാരം തീർക്കുന്ന ഭരണാധികാരികൾ ഇന്ത്യയുടെ ചരിത്രത്തിൽ ഇതാദ്യമായിട്ടായിരിക്കും.

പോലിസും പാട്ടാളവും മാത്രമല്ല, വാർത്താവിനിമയ ഉദ്യോഗസ്ഥർ പോലും കേവലം ബിജെപിയുടെ പി ആർ ജോലിക്കാരായി മാറുന്ന കാഴ്ചയും വളരെ ദയനീയമാ




ണ്. ആർഎസ്എസ് രൂപീകരണ ദിനത്തിന്റെയന്ന് ആർഎസ്എസ് നേതാവിന്റെ പ്രസംഗം ലൈവ് സ്ട്രീം ചെയ്താണ് ദൂരദർശൻ തങ്ങളുടെ കൂറ് തെളിയിച്ചത്. അല്ലെങ്കിൽ തങ്ങളിരിക്കുന്ന കസേര കാണില്ലെന്ന് ആർക്കാണ് അറിയാത്തത്. ഇതുതന്നെയാണ് ഐപിഎസ്, ഐഎഎസ് ഉദ്യോഗസ്ഥരുടെയും അവസ്ഥ. ഹഥ്റാസിൽ സവർണരുടെ പീഡനത്തിന് ഇരയായി കൊല്ലപ്പെട്ട പെൺകുട്ടിയുടെ മൃതദേഹം പാതിരാത്രി കുടുംബത്തോട് പോലും പറയാതെ കത്തിച്ചുകളഞ്ഞതും ഉന്നതപോലിസ് ഉദ്യോഗസ്ഥരാണ്.

നോട്ടുനിരോധനം, ജിഎസ്ടി തുടങ്ങി വൻപരാജയങ്ങളായ സാമ്പത്തികനയങ്ങളെ കൊണ്ടു രാജ്യത്തിനോ ജനങ്ങൾക്കോ യാതൊരു ഗുണവും ഉണ്ടായിട്ടില്ല. മറിച്ച് ആർബിഐ പോലുള്ള സ്ഥാപനങ്ങൾക്ക് അതിന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെട്ടു. മോഡിയുടെ സുഹൃത്തുക്കളായ വൻവ്യവസായികൾക്ക് കോടിക്കണക്കിന് വായ്പ നൽകി ആർബിഐ കുത്തുപാളയെടുത്തു എന്നു പറയുന്നതാവും ശരി. അവർ രാജ്യം വിടാൻ പോലുമുള്ള സഹായങ്ങൾ സർക്കാൻ വൃത്തങ്ങളിൽ നിന്നും ലഭിക്കുന്നു. എന്നാൽ അക്കൗണ്ടിൽ മിനിമം ബാലൻസില്ലാത്തതിന് സാധാരണക്കാരനെ പിഴിഞ്ഞെടുത്താണ് രാജ്യത്തെ എല്ലാ ദേശസാൽകൃത ബാങ്കുകളും പ്രവർത്തിക്കുന്നത്.

അടുത്തിടെയാണ് കേന്ദ്രസർക്കാരിന്റെ പശുമന്ത്രാലയം നിലവിൽ വന്നത്. പശുവിന് ആംബുലൻസ്, പശുവിന് സൗജന്യ ചികിൽസ, അവയ്ക് ഇൻഷുറൻസ് താമസിക്കാൻ ഗോശാലകൾ. ഇന്ത്യാമഹാരാജ്യത്ത് പശുവായി ജനിച്ചാൽ മതിയെന്നാഗ്രഹിക്കാത്തവർ വിരളമായിരിക്കും. കാരണം പശുവിന്റെ പേരിൽ ജനങ്ങളെ കൊന്നുതള്ളുന്ന നാടാണിത്. മാട്ടിറച്ചി കൈവശം വച്ചുവെന്നാരോപിച്ചാണ് അഖ്‌ലാഖിനെയും പെഹ്‌ലൂഖാനെയുമെല്ലാം കൊന്നുതള്ളിയത്. എന്നിട്ട് പശു വിജ്ഞാനത്തിൽ അവർ പരീക്ഷകൾ വരെ നടത്തി. മനുഷ്യനെക്കാൾ പശുവിന് നൽകുന്ന പ്രാധാന്യം തന്നെയാണ് ഭൂരിഭാഗം ഹിന്ദുക്കൾക്കും അവർ അഭിമതരാവുന്നത്. അടുത്തിടയാണ് അമ്പലത്തിലെ ടാപ്പിൽ നിന്നും വെള്ളം കുടിച്ചതിന് ഒരു മുസ്‌ലിം ബാലനെ ഹിന്ദു യുവാക്കൾ തല്ലിച്ചതച്ചത്. യുവാക്കളുടെ മനസ്സിൽ ജാതിയും മതവും വെറുപ്പ് കുത്തിനിറച്ച് ഇതര സമുദായങ്ങൾക്കെതിരേ യാതൊരു ദാക്ഷിണ്യവുമില്ലാതെ ഇറക്കുകയാണ് സംഘ്പരിവാർ. പ്രത്യേകിച്ച് അജയ് ബിഷ്ട് എന്ന യോഗി ആദിത്യനാഥിന്റെ ഉത്തർപ്രദേശിൽ പ്രണയവിവാഹങ്ങൾക്കെതിരേ നിയമം വരെയുണ്ടാക്കിയിരിക്കുന്നു. പ്രണയവിവാഹതിരായവരെ തിരഞ്ഞുപിടിച്ച് ആക്രമിക്കുന്നു

പ്രാദേശികമായ ഓരോ തിരഞ്ഞെടുപ്പുവരുമ്പോഴും മാറ്റമുണ്ടാകുമെന്ന് വെറുതെ വിശ്വസിക്കാനേ പറ്റൂ. കാരണം ഇലക്ഷൻ കമ്മീഷനടക്കം സംഘപരിവാർ വിധേയത്വം പ്രകടിപ്പിക്കുന്നവരാണ്. ഇവിഎം തട്ടിപ്പുനടക്കുന്നുണ്ടന്ന് മായാവതിയും മമതബാനർജിയും, സീതാറാം യെച്ചൂരിയും, രാഹുൽഗാന്ധിയും ആരോപിച്ചതാണ്. ആ ആരോപണങ്ങളിൽ യാതൊരു കഴമ്പുമില്ലെന്നാണ് തിരഞ്ഞെടുപ്പുകമ്മീഷൻ പ്രതികരിച്ചത്.

ഹിന്ദുത്വവാദികൾക്ക് പ്രത്യേകിച്ച് സംഘ്പരിവാര രാഷ്ട്രീയം പറയുന്ന സെലിബ്രിറ്റികൾക്ക് അനർഹമായ പുരസ്കാരങ്ങൾ നൽകിയാണ് സംഘ് സർക്കാർ തങ്ങളുടെ കടപ്പാട് തീർക്കുന്നത്. പദ്മ അവാർഡുകളും സാഹിത്യപുരസ്കാരങ്ങളും ചില ഉദാഹരണങ്ങൾ മാത്രം.●

# ജുഡീഷ്യറി

ഫർസാൻ
സ്റ്റാറ്റിസ്റ്റിക്സ്

# നീതിതേടുന്ന നീതിദേവത

ഇന്ത്യൻ ജനാധിപത്യം അപകടത്തിലാണ് എന്ന് ഉറക്കെ വിളിച്ചു പറഞ്ഞത് ഇന്ത്യൻ പരമോന്നത കോടതിയിലെ നാലു മുതിർന്ന ജഡ്ജിമാരായിരുന്നു. 2018 ജനുവരി 12നായിരുന്നു ചരിത്രപ്രധാനമായ ആ സംഭവം നടന്നത്. മലയാളിയായ ജസ്റ്റിസ് കുര്യൻ ജോസഫ്, സീനിയർ ജസ്റ്റിസ് ജെ. ചെലമേശ്വർ, രഞ്ജൻ ഗോഗോയി, എം ബി ലോക്കൂർ എന്നിവരാണ് രാജ്യത്ത് ഒന്നും ശരിയായി നടക്കുന്നില്ലെന്ന് കാണിച്ച് പത്രസമ്മേളനം നടത്തിയതും അന്നത്തെ ചീഫ് ജസ്റ്റിസ് ദീപക് മിശ്രയ്ക്ക് കത്തെഴുതിയതും. ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു ഇങ്ങനെയൊരു സംഭവം. ജസ്റ്റിസ് ലോയയുടെ കൊലപാതകവുമായി ബന്ധപ്പെട്ടുള്ള കേസ് മറ്റൊരു ബെഞ്ചിലേക്ക് മാറ്റിയതുമായി ബന്ധപ്പെട്ടായിരുന്നു ജസ്റ്റിസുമാർ ഒന്നിച്ച് മാധ്യമങ്ങളെ കണ്ടത്. സുപ്രിംകോടതിയുടെ തകർച്ച രാജ്യത്തിന്റെ ജനാധിപത്യത്തിന് തന്നെ ആപത്ത് എന്നാണ് അന്നത്തെ വാർത്താസമ്മേളനത്തിൽ ജഡ്ജിമാർ പറഞ്ഞതെങ്കിലും പിന്നീട് ചീഫ് ജസ്റ്റിസ്സായി ചുമതലയേറ്റ രജ്ഞൻ ഗോഗോയി പക്ഷേ അന്നു പത്രസമ്മേളനത്തിൽ പറഞ്ഞുപോലെയല്ല തന്റെ ബെഞ്ചിലെത്തിയ കേസുകളെ പരിഗണിച്ചതും വിധി പ്രസ്താവങ്ങൾ നടത്തിയതും. രഞ്ജൻ ഗോഗോയി ചീഫ്ജസ്റ്റിസ്സായി ചുമതലയേറ്റപ്പോൾ ആദ്യം വലിയ പ്രതീക്ഷയായിരുന്നു. എന്നാൽ പിന്നീട് അദ്ദേഹം ഒരു പീഡന ക്കേസ്സിൽ ആരോപണവിധേയനാവുകയുണ്ടായി. പിന്നീട് ആ യുവതി തന്നെ അദ്ദേഹത്തിനെതിരേയുള്ള കേസ് പിൻവലിച്ചു.





പിന്നീടങ്ങോട്ട് ഗോഗോയി പുറപ്പെടുവിച്ച വിധികളെല്ലാം സർക്കാർ അനുകൂലങ്ങളായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. റഫാൽ അഴിമതി ക്കേസ്സിൽ മോദി സർക്കരിന് ക്ലീൻചീറ്റു നൽകിയതുൾപ്പെടെ ശബരിമലയിലെ സ്ത്രീപ്രവേശന വിധിയുടെ റിവ്യൂ, സുപ്രിംകോടതി വിവരാവകാശനിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതുൾപ്പെടെയുള്ള നിരവധി കേസ്സുകൾ ഗോഗോയി പരിഗണിച്ചു വിധി പറഞ്ഞു. ഗഗോയിയുടെ ഏറ്റവും സുപ്രധാനമായ വിധിയായിരുന്നു തകർക്കപ്പെട്ട ബാബരിമസ്ജിദിന്റെ ഭൂമി രാമക്ഷേത്രം പണിയുന്നതിനായി വിട്ടുനൽകിക്കൊണ്ടുള്ള ബാബറിമസ്ജിദ് വിധി. തുടർന്ന് വിരമിച്ച രഞ്ജൻ ഗഗോയിയെ കേന്ദ്രസർക്കാർ രാജ്യസഭാംഗമായി നാമനിർദ്ദേശം ചെയ്തു. തുടർന്നു വന്ന ചീഫ് ജസ്റ്റിസ് ശരദ് അരവിന്ദ് ബോബ്ഡെയും ഗൊഗോയിയുടെ യഥാർഥ പിൻഗാമിയായി. കേന്ദ്രസർക്കാരിന്റെ പൗരത്വഭേദഗതിയിലും ദേശീയ പൗരത്വ രജിസ്റ്റർ നടപ്പാക്കുന്നതും സംബന്ധിച്ച് സുപ്രിംകോടതിയിലുള്ള നൂറുകണക്കിന് പൊതുതാൽപ്പര്യ ഹരജികളിൽ ഇനിയും തിരുമാനമെടുക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുകയാണ് ചീഫ് ജസ്റ്റിസ്. രാഷ്ട്രീയ പ്രതിയോഗികളെ ഇല്ലായ്മ ചെയ്യുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ കള്ളക്കേസ്സുകളിൽ പിടിച്ച് അകത്തിട്ട അസംഖ്യം വരുന്ന മനുഷ്യാവകാശപ്രവർത്തകരും പോലിസ് ഉദ്യോഗസ്ഥരും, കോളജ് അധ്യാപകരും സർവകലാശാല വിദ്യാർഥികളും ഇന്നും ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ ഒന്നായ ജുഡീഷ്യറിയുടെ ആർജവമുള്ള ഇടപെടലുകൾക്കായി കാത്തിരിക്കുകയാണ്. അങ്ങനെ കാത്തിരിക്കുന്നവരിൽ 80 കടന്ന വയോധികരും ഗർഭിണികളും വരെ പെടുന്നു. അടുത്തിടെ ജനാധിപത്യ ഇന്ത്യ കണ്ട ഏറ്റവും വലിയ സമരമായ കർഷകസമരത്തിലും വ്യക്തമായ ഒരു നിലപാടെടുക്കാൻ സുപ്രിംകോടതിക്കായില്ല. എന്തിനധികം പറയുന്നു പോക്സോ കേസ്സിൽ ഇരയായ കുഞ്ഞിനോട് വിവാഹിതനായ പ്രതിയെ വിവാഹം കഴിക്കാൻ പറ്റുമോ

**സുപ്രിംകോടതിയുടെ തകർച്ച രാജ്യത്തിന്റെ ജനാധിപത്യത്തിന് തന്നെയാപത്ത് എന്നാണ് അന്നത്തെ വാർത്താസമ്മേളനത്തിൽ ജഡ്ജിമാർ പറഞ്ഞതെങ്കിലും പിന്നീട് ചീഫ് ജസ്റ്റിസ്സായി ചുമതലയേറ്റ രഞ്ജൻ ഗൊഗോയി പക്ഷേ അന്നു പത്രസമ്മേളനത്തിൽ പറഞ്ഞുപോലെയല്ല തന്റെ ബെഞ്ചിലെത്തിയ കേസുകളെ പരിഗണിച്ചതും വിധി പ്രസ്താവങ്ങൾ നടത്തിയതും.**





എന്നു ചോദിച്ചത് ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ കേടതി പരാമർശമാണ്. ഇരയ്ക്കൊപ്പം നിൽക്കേണ്ട നീതിപീഠം പ്രതിയുടെ രക്ഷകനായി അവതരിക്കുന്ന കാഴ്ച ദുസ്സഹം തന്നെ. എല്ലാവരും നട്ടെല്ലു പണയംവച്ചിട്ടല്ല തങ്ങളുടെ സ്ഥാനങ്ങളിൽ തുടരുന്നത്. പക്ഷേ അങ്ങനെ നീതിയുടെ പക്ഷം ചേർന്ന് സധൈര്യം രംഗത്തുവരുന്ന അഭിഭാഷകരെയും ജസ്റ്റിസുമാരെയും ഭയപ്പെടുത്തിയും സ്ഥലമാറ്റിയും പണം വാഗ്ദാനം ചെയ്തും പിൻമാറ്റാൻ അണിയറയിൽ നിരവധി പേരുണ്ട്. ഏതായാലും ഇന്ത്യയിലെ നീതിന്യായ വ്യവസ്ഥയെക്കുറിച്ച് വലിയതോതിൽ ആവലാതിപ്പെടേണ്ട കാലമാണിത്. കാരണം ജോലിചെയ്തതിന്റെ പേരിൽ, മുസ്‌ലിം നാമധാരിയായ ഒരു ജേണലിസ്റ്റ് ഇന്നും ജയിലിൽ കിടക്കുന്നു, എന്നാൽ സംഘപരിവാരത്തിൻന്റെ കണ്ണിലുണ്ണിയായ ജേണലിസ്റ്റിനെ എല്ലാ പ്രിവിലേജുകളോടും കൂടെ സുപ്രിംകോടതി തന്നെ വിട്ടയക്കുന്നു.

**കേന്ദ്രസർക്കാർ കള്ളക്കേസ്സുകളിൽ പിടിച്ച് അകത്തിട്ട അസംഖ്യം വരുന്ന മനുഷ്യാവകാശപ്രവർത്തകരും പോലിസ് ഉദ്യോഗസ്ഥരും, കോളജ് അധ്യാപകരും സർവകലാശാല വിദ്യാർഥികളും ഇന്നും ജനാധിപത്യത്തിന്റെ നെടുംതൂണുകളിൽ ഒന്നായ ജുഡീഷ്യറിയുടെ ആർജവമുള്ള ഇടപെടലുകൾക്കായി കാത്തിരിക്കുകയാണ്.**



ഒരേസമയം ജസ്റ്റിസ് കർണനു തടവുശിക്ഷയും മുതിർന്ന അഭിഭാഷകനായ പ്രശാന്ത് ഭൂഷന് ഒരുരൂപ പിഴമാത്രവും ലഭിക്കുന്നത് കോടതിയുടെ ദലിത് വിരുദ്ധതയ്ക്കുള്ള ചെറിയൊരു ഉദാഹരണമാണ്. അന്യായമായി ജയിലിലടക്കപ്പെട്ട, 90% അംഗവൈകല്യം ബാധിച്ച പ്രൊഫസർ ജി.എൻ സായിബാബയ്ക്കും വയോധികനായ സ്റ്റാൻ സ്വാമിക്കും ജയിലിൽ ചെരിപ്പും സ്ട്രോയും അനുവദിച്ചു കിട്ടാനുള്ള ഹരജി പരിഗണിക്കാൻ ആഴ്ചകളോളം കാത്തിരിക്കേണ്ടി വന്നു എന്നത് ജുഡീഷ്യറി എത്തിപ്പെട്ടിരിക്കുന്ന മനുഷ്യത്വവിരുദ്ധതയുടെ ആഴം കാണിച്ചുതരുന്നു.

ഒരു രാജ്യത്ത് ഇരട്ട നീതി എന്നു പിറക്കുന്നുവോ അതായിരിക്കണം ആ രാജ്യത്തിന്റെ നാശത്തിലേക്കുള്ള അവസാന ആണി. നീതിബോധമില്ലാത്ത, ഡേവിഡ് ഹാർലിയെ സ്നേഹിക്കുന്ന, ആഡംബരകൊതിയൻമാരായ ചീഫ് ജസ്റ്റിസുമാർ രാജ്യത്തിന്റെ ശാപം തന്നെയാണ്. ●

# മീഡിയ




ഹംന എൻ. ടി
സൈക്കോളജി

അന്താരാഷ്ട്രതലത്തിൽ ഇന്ത്യൻ മീഡിയ അറിയപ്പെടുന്നത് മോദിസർക്കാരിന്റെ ആജ്ഞാനുവർത്തികൾ എന്നാണ്. ഗോഡിമീഡിയ എന്ന വാക്കാണ് ഇന്ത്യൻ മാധ്യമങ്ങൾക്ക് നിലവിൽ ചേരുന്ന പേര്. എൻഡിടിവിയിലെ രാവിഷ്കുമാറാണ് ഈ വാക്ക് കൊണ്ടുവന്നത്. ഗോദ് എന്നാൽ മടി. ഗോദിമീഡിയ എന്നാൽ മോദി സർക്കാരിന്റെ മടിയിലിരിക്കുന്ന മാധ്യമങ്ങൾ എന്ന് വിവക്ഷ. ഇന്ത്യൻ മാധ്യമങ്ങളുടെ ഇന്നത്തെ ദുരവസ്ഥയ്ക്കു കാരണം മാധ്യമരംഗത്തെ വൻതോതിലുള്ള കാവിവൽക്കരണമാണ്. വലതുപക്ഷ ചിന്താഗതിയുള്ള ഹിന്ദുത്വ തീവ്രവാദികളാണ് ഇന്ന് മീഡിയയിൽ ഏറെയും എന്നത് ഏറെ ഖേദകരം. അൽപ്പമെങ്കിലും ജനാധിപത്യബോധമുള്ള മാധ്യമപ്രവർത്തകരെ ഒറ്റപ്പെടുത്തി, ഭീഷണിപ്പെടുത്തിയും ഭയപ്പെടുത്തിയും വരുതിയിലാക്കും. സർക്കാർ ഭാഷ്യം മാത്രം നൽകുന്ന വെറും കൂലിത്തൊഴിലാളികളാണ് ഇന്നത്തെ മാധ്യമപ്രവർത്തകർ. ഇന്ന് രാജ്യത്ത് നിലനിൽക്കുന്ന അപ്രഖ്യാപിത നിരോധനാജ്ഞയും ഏറെക്കുറെ സ്വതന്ത്ര മാധ്യമപ്രവർത്തനത്തിന് വിഘാതം തന്നെ. സർക്കാറിന് ബോധിക്കാത്തത് എന്തെങ്കിലും പ്രസിദ്ധീകരിക്കാൻ ഇടയായാൽ പിന്നെ ആ മാധ്യമങ്ങൾ വിലക്ക് നേരിടേ





**ജനനം കൊണ്ടും പേരു കൊണ്ടും മതംകൊണ്ടു മൊക്കെ വലിയ പ്രിവിലേജുകൾ അനുഭവിക്കുന്നവരാണ് ഇന്ത്യയിലെ സവർണഹിന്ദുക്കൾ. ഇനി കാപ്പനായാലും ഷർജീൽ ഇമാമായാലും മീഡിയക്ക് അവർ തീവ്രവാദികളാണ്, ദണ്ഡനങ്ങൾ അനുഭവിക്കാൻ സർവഥാ യോഗ്യരായവരാണ്**

ണ്ടിവരികയും രാജ്യദ്രോഹത്തിന് കോടതി കയറിയിറങ്ങുകയും ചെയ്യേണ്ടിവരുന്നു. സത്യത്തിൽ നിലവിലെ ഇന്ത്യയെയാണ് മാധ്യമങ്ങൾ മറനീക്കി പുറത്തുകൊണ്ടുവരേണ്ടത്. ഇപ്പോഴാണ് സർക്കാർ നിരന്തരം വിമർശനങ്ങൾക്ക് പാത്രമാകേണ്ടത്. എന്നിട്ടും സംഭവിക്കുന്നത് മറിച്ചാണ്. ദൂരദർശൻ–ആകാശവാണി പോലുള്ള സർക്കാർ മൗത്ത് പീസ് ആയ മാധ്യമങ്ങൾ വെറും ചട്ടുകങ്ങൾ മാത്രം. *രാമായണം, മാഹഭാരതം* പോലുള്ള സീരിയലുകൾ പുനഃസംപ്രേക്ഷണം ചെയ്യുക, രാമക്ഷേത്രശിലാന്യാസം ലൈവ് സ്ട്രീം ചെയ്യുക എന്നതാണ് ഇന്ന് നാഷണൽ ചാനലുകളായ ദൂരദർശനും ആകാശവാണിയും ചെയ്യുന്നത്. ഒരു രാജ്യം ഇരട്ടനീതി എന്നത് മാധ്യമരംഗത്തിനും അന്യമല്ല. ഒരു ഓൺലൈൻ മാധ്യമത്തിലെ ജേണലിസ്റ്റായ സിദ്ദീഖ് കാപ്പൻ ഹഥ്റാസിൽ ബലാൽസംഘത്തിനിരയായി കൊല്ലപ്പെട്ട പെൺകുട്ടിയുടെ നാട്ടിലേക്ക് റിപ്പോർട്ടിങ്ങിനായി പോയതാണ്. ദേശദ്രോഹകുറ്റം, കലാപശ്രമം തുടങ്ങി ഗുരുതരവകുപ്പുകൾ ചാർത്തി യുഎപിഎയോടെ ജയിലിലാണ്. എന്നാൽ അതേസമയം ടെലിവിഷനിലിരുന്നു 24 മണിക്കൂറും വിഷപ്പുകമാത്രം തുപ്പിയിരുന്ന മഹാനായ അർണബ് ഗോസ്വാമി തന്റെ ഇന്റീരിയർ ഡിസൈനറുടെ മരണത്തിൽ പ്രേരണകുറ്റം ചുമത്തപ്പെട്ട് ജയിലിൽ കിടന്നത് ഒരൊറ്റദിവസമാണ്. പിറ്റേന്നു തന്നെ മനുഷ്യാവകാശം ഹനിക്കപ്പെടരുതെന്ന് പറഞ്ഞ് സുപ്രിം കോടതി ഇടപെട്ട് അർണബിന് ജാമ്യം അനുവദിച്ചു. ജനനം കൊണ്ടും പേരുകൊണ്ടും മതംകൊണ്ടുമൊക്കെ വലിയ പ്രിവിലേജുകൾ അനുഭവിക്കുന്നവരാണ് ഇന്ത്യയിലെ സവർണഹിന്ദുക്കൾ. ഇനി കാപ്പനായാലും ഷർജീൽ ഇമാമായാലും മീഡിയക്ക് അവർ തീവ്രവാദികളാണ്, ദണ്ഡനങ്ങൾ അനുഭവിക്കാൻ സർവഥാ യോഗ്യരായവരാണ്, അർണബിനെപോലുള്ള ഗോദിമീഡിയക്കാർ അങ്ങനെയല്ല, അവരെല്ലാം മാധ്യമസ്വാതന്ത്ര്യത്തിന്റെ അപ്പോസ്തോലൻമാരാണ്.●

ഫവാസ്
സോഷ്യോളജി



# സ്ത്രീത്വം കുരുക്കിൽ ഞെരിയുന്നു

സംസ്കാര സമ്പന്നതയിൽ പേരുകേട്ട ഭാരതത്തിന്റെ ഇന്നിന്റെ വഴികൾ സ്ത്രീ സുരക്ഷിതത്വത്തിന്റെ പേരിൽ പഴികേൾക്കപ്പെടുകയാണ്.

ആർഷഭാരത സംസ്കാരത്തിന്റെ ചരിത്ര പിന്നാമ്പുറങ്ങളെ പോലും നാണിപ്പിക്കുന്ന തരത്തിൽ രാജ്യം അതിന്റെ നെറികേടിന്റെ മുഖം കാണിക്കുകയാണ്.

ഓരോ 16 മിനിറ്റിലും ഒരു സ്ത്രീ പീഡനത്തിനിരയാകുന്നു എന്ന ആധികാരിക റിപ്പോർട്ടുകൾ രാജ്യത്തിന്റെ നീതിന്യായ സംവിധാനങ്ങളുടെയും നിയമപാലക വ്യവസ്ഥകളുടെയും മാധ്യമ ധർമ പരിപാലനത്തിന്റെയും പൊള്ളയായ മുഖംമിനുക്കലുകളെയും പെരുപ്പിച്ചെടുക്കുന്ന കൃത്രിമ നേട്ടങ്ങളെയും സമൂഹത്തിന് മുന്നിൽ തുറന്നു കാട്ടപ്പെടുകയാണ്.

രാജ്യത്തിന്റെ പ്രകാശപൂരിതമായ വഴിയോരങ്ങളിൽ നിന്നും നടപ്പാതകളിൽ നിന്നുമൊക്കെ തുടങ്ങി ഗ്രാമാന്തരങ്ങളിൽ കൂടി സഞ്ചരിച്ച് നഗരകവാടങ്ങൾ താണ്ടി തങ്ങൾ ജീവിക്കുന്ന സ്വന്തം വീടുകളിൽ വരെ എത്തി തുടങ്ങിയ സ്ത്രീ സുരക്ഷിതത്വമില്ലായ്മയുടെ നീണ്ട കാമ കൈകളാൽ അറുത്തു മാറ്റപ്പെടുന്ന ജീവനുകളുടെയും ജീവിതങ്ങളുടെയും എണ്ണം നാൾക്കുനാൾ വർധിച്ചു വരികയാണ്.

ഈ ഘട്ടത്തിൽ ഉറക്കെ പറയാം നമുക്ക് നീതിന്യായ വ്യവസ്ഥയും നിയമപാലക വിഭാഗങ്ങളുടെയും മാധ്യമസ്ഥാപനങ്ങളുടെയും അനാസ്ഥയും നിരുത്തരവാദിത്ത സമീപനവും പ്രതികരണങ്ങളിൽ പ്രതീക്ഷ നഷ്ടപ്പെട്ട പൊതുസമൂഹവും തന്നെയാണ് ഒന്നാം പ്രതികളെന്ന്.

ഇന്ത്യാ രാജ്യത്ത് നടമാടുന്ന ഇത്തരം സംഭവങ്ങളെ 'ബ്രേക്കിങ് ന്യൂസ്' മാത്രമായി കൊണ്ടാടുകയും തങ്ങളുടെ സെൻസേഷനൽ ജേണലിസത്തിന് മാറ്റും മാർക്കറ്റും കൂട്ടുന്നതിനുള്ള ചേരുവകൾ മാത്രമായി ചുരുങ്ങുകയും ചെയ്യുന്നു

**ഇരകളാക്കപ്പെട്ടവർക്ക് കോടതികൾ നീതി ഉറപ്പു വരുത്തുന്നില്ലെന്നത് കൊണ്ടാണ് ഒന്നിന് പുറമെ അതിലും ഭീകരമായി മറ്റൊരു സമാന സംഭവം നടക്കുന്നതും, അതിലേക്ക് പ്രചോദനം ആകുന്നതും...**

പലപ്പോഴും. ഇരയാക്കപ്പെടുന്നവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വൈകാരിക നിമിഷങ്ങൾ ഒപ്പിയെടുത്ത് ചാനൽറേറ്റിംഗ് വർധിപ്പിക്കുന്നതിന് മാത്രം ഉപയോഗപ്പെടുത്തുന്നു. ഇതെല്ലാം ചാനലിന് കിട്ടുന്ന സുവർണാവസരമായാണ് അധികപേരും കാണുന്നത്. 'സ്റ്റിങ് ഓപറേഷൻ' എന്ന് പേരിട്ട് വാദിയെ പ്രതിയാക്കുന്ന ചില തട്ടുപൊളിപ്പൻ പ്രകടനങ്ങളും മാധ്യമക്കാർ നടത്തുന്നത് 'ആസിഫ'യുടെ കാര്യത്തിൽ നാം കണ്ടതാണ്.

ഓരോ കേസിന്റെയും വ്യത്യസ്ത മേഖലകളിലേക്ക് മൈക്കും, ക്യാമറയുമായി ഓടിയെത്തി വേണ്ടപ്പെട്ടതും അല്ലാത്തതും ഒപ്പിയെടുത്ത് അഞ്ചിഞ്ചിന്റെ സ്ക്രീനിലൂടെ ഒന്നിന് പുറമെ ഒന്നായി സംപ്രേക്ഷണം ചെയ്തും സമൂഹത്തിന്റെ നാന






ാഭാഗങ്ങളിൽ നിന്നും പ്രതിനിധികളെ കൊണ്ടിരുത്തി രാത്രി ചർച്ചകൾ കെങ്കേമമാക്കിയും പൊടിപൊടിക്കുന്ന ഒരാഴ്ചത്തെ ഉത്സവം കണക്കെ ഉള്ള ഉത്സാഹത്തിനപ്പുറം ഇത്തരം വിഷയങ്ങളിൽ വെളിച്ചം കാണാതെ പോകുന്ന വാസ്തവങ്ങളുടെ കണക്കെടുപ്പിന് ആരും മുതിരാറില്ലെന്നത് മറ്റൊരു പരമാർഥം.

ഇനി നീതിന്യായ വ്യവസ്ഥ ആണെങ്കിൽ... ഇരകളാക്കപ്പെട്ടവർക്ക് കോടതികൾ നീതി ഉറപ്പു വരുത്തുന്നില്ലെന്നത് കൊണ്ടാണ് ഒന്നിന് പുറമെ അതിലും ഭീകരമായി മറ്റൊരു സമാന സംഭവം നടക്കുന്നതും, അതിലേക്ക് പ്രചോദനം ആകുന്നതും..

തലസ്ഥാനം സാക്ഷ്യം വഹിച്ച പ്രമ്മദമായ ഡൽഹി കൂട്ടമാനഭംഗ കേസിൽ നീതി പൂർണമായ വിധി (എന്ന് പറയപ്പെടുന്ന) വന്നത് സംഭവം നടന്ന് ഒരു പതിറ്റാണ്ടിലേക്ക് കാലെടുത്തു വെക്കുമ്പോഴാണ്. ഈ രാജ്യത്ത് നീതിയൊക്കെ വൈകിയേ കിട്ടൂ എന്നതിനപ്പുറം എന്ത് സന്ദേശമാണ് കോടതികൾ ഇതിലൂടെ സമൂഹത്തിന് നൽകുന്നത്.

**തലസ്ഥാനം സാക്ഷ്യം വഹിച്ച പ്രമാദമായ ഡൽഹി കൂട്ടമാനഭംഗ കേസിൽ നീതി പൂർണമായ വിധി (എന്ന് പറയപ്പെടുന്ന) വന്നത് സംഭവം നടന്ന് ഒരു പതിറ്റാണ്ടിലേക്ക് കാലെടുത്തു വെക്കുമ്പോഴാണ്.**

വൈകി കിട്ടുന്ന നീതി അനീതിക്ക് തുല്യമെന്നിരിക്കെ രാജ്യത്തെ കോടതികളിൽ ഭരണഘടനാപരമായ വിശ്വാസം അർപ്പിച്ച കോടിക്കണക്കിന് ഭാരതീയരെ നീതിയുടെ പക്ഷം സദാ വിജയം നേടില്ലെന്ന് പറഞ്ഞറിയിക്കാൻ ആണോ കോടതികളുടെ പുറപ്പാടെന്ന് തോന്നിപ്പോകും വിധം അനാസ്ഥയുടെയും നിരുത്തരവാദത്തിന്റെയും മൂർത്തരൂപമാവുകയാണ് കോടതികൾ.

മാധ്യമങ്ങളുടെയും കോടതികളുടെയും കാര്യങ്ങൾ പറയുന്നതിന് മുൻപ് പറയേണ്ടത് നിയമപാലകരായ പോലീസ് ഡിപ്പാർട്മെന്റിനെ കുറിച്ചാണ്. കേസുകൾ കുന്നുകൂടുമ്പോഴും കുലുക്കമില്ലാതെ കേസുകളിൽ അനാസ്ഥകൾ ആവർത്തിക്കുന്നവരുടെ അപ്പോസ്തോലന്മാരാവുകയാണ് പലപ്പോഴും പോലീസ് സംവിധാനം.

ഈയിടെ ഏറെ കോളിളക്കം സൃഷ്ടിച്ച കേരളത്തിലുള്ള വാളയാറിലെ രണ്ട് കുട്ടികളുടെ പീഡനത്തെ തുടർന്നുള്ള മരണവും, ഉത്തർപ്രദേശിലെ ഹഥ്റസിലുണ്ടായ സംഭവങ്ങളൊക്കെ രാജ്യത്തെ പോലീസ് സംവിധാനങ്ങൾ ഇത്തരം കേസുകളിലെ പ്രതികളുടെ വാഴ്ച്ചകൾക്ക് മുൻപിൽ എങ്ങനെ നോക്കുക്കുത്തികൾ ആകുന്നു എന്നതിന്റെ ചെറിയ തനിയാവർത്തനം തന്നെയാണ്.

കൃത്യവും, നീതിപൂർണവുമായ ആന്വേഷണങ്ങളിലൂടെ പ്രതികളെ പുറത്തുകൊണ്ടുവരാനും ഇരകൾക്ക് നീതി ലഭിച്ചുവെന്ന് പറയും വിധത്തിൽ നിയമത്തിന്റെ മുൻപിൽ ഹാജറാക്കി നൽകാൻ കഴിയുന്ന ഉയർന്ന ശിക്ഷ നൽകി സമൂഹത്തിന് മുൻപിൽ മാതൃക തീർക്കാനാകാത്തിടത്തോളം രാജ്യത്തിന്റെ മാറ് കീറുന്ന കുറെ വാർത്തകൾ കേട്ട് എല്ലാമങ്ങ് സിംപതിയിൽ ഒതുക്കിക്കൂട്ടി വെക്കേണ്ടി വരുമെന്നത് വാസ്തവം.●

**ഷാദിൽ. എം**
ബി.എ സോഷ്യോളജി

# നീതി ഇല്ലായ്മയാണ് ഏറ്റവും വലിയ മഹാമാരി





**ഒരു മനുഷ്യൻ തന്റെ കുടുംബത്തോട് ഒരുമിച്ച് രണ്ടു നേരം സമാധാനത്തോടെ ഭക്ഷണം കഴിച്ചാൽ ഈ ലോകം നീതി ഉറപ്പ് വരുത്തുന്നു എന്നതാണ് നാം മനസ്സിലാക്കേണ്ടത്.**

ഞാൻ വിഭാവനം ചെയ്യുന്ന ആഗോള നീതിയെ കുറിച്ച് സംസാരിക്കം. ഇന്ന് ലോകത്തിലെ ഒരുപാട് ജനങ്ങൾക്ക് ലഭിക്കാത്ത അഥവാ ഇന്ന് ലോകം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു സാമൂഹിക വ്യവസ്ഥയും അവകാശവുമാണ് നീതി. മനുഷ്യരാശി ഏറെ ആഗ്രഹിക്കുന്ന ഒന്നാകുന്നു നീതി. പക്ഷേ, ദിനം തോറും ഓരോ മനുഷ്യനും ഇന്ന് നഷ്ടപ്പെടുന്ന ഒരു അടിസ്ഥാന അവകാശമായി നീതി മാറുകയാണ്. ഒരു മനുഷ്യന് തന്റെ മാനവിക അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ അവന് നീതി നിഷേധിക്കപ്പെടുന്നു. ഒരു മനുഷ്യൻ തന്റെ കുടുംബത്തോട് ഒരുമിച്ച് രണ്ടു നേരം സമാധാനത്തോടെ ഭക്ഷണം കഴിച്ചാൽ ഈ ലോകം നീതി ഉറപ്പ് വരുത്തുന്നു എന്നതാണ് നാം മനസ്സിലാക്കേണ്ടത്. ഇതിൽ ഒന്ന് നഷ്ടപ്പെട്ടാൽ തന്നെ നീതി ലംഘനമാകുന്നു.

ലോകം പിറവിയെടുത്തിട്ട് സഹസ്രാബ്ദങ്ങൾ പിന്നിടുന്നു. അറിവുകൊണ്ടും ശാസ്ത്രംകൊണ്ടും സാമ്പത്തിക ഭദ്രതകൊണ്ടും നാം ഇന്ന് മുന്നിട്ട് നിൽക്കുന്നു. മനുഷ്യൻ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലാണ് ജീവിക്കുന്നത് എന്ന് അഹങ്കാരത്തോടെ എല്ലാം കാര്യത്തിലും പറഞ്ഞുകൊണ്ടേയിരിക്കുന്നു. പക്ഷേ, അന്നും ഇന്നും ഈ ലോകത്തിന് മാറ്റം വരാത്തത് മനുഷ്യർക്ക് നീതി ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലാണ്. ഭൂമിയിൽ നിന്ന് നിയന്ത്രിച്ച് തന്റെ ഒരു ബഹിരാകാശ സഞ്ചാരവാഹനത്തെ ചൊവ്വയെന്ന അന്യഗ്രഹത്തിൽ ഇറക്കിയിട്ട് ശാസ്ത്ര പഠനം നടത്താൻ വരെ മനുഷ്യൻ പ്രാപ്തരായി. പക്ഷേ, ലോകത്തിലെ ഓരോ ജനതയ്ക്കും നീതി ഉറപ്പ് വരുത്തുന്ന കാര്യത്തിൽ ഈ നൂറ്റാണ്ടിൽ അവൻ പിന്നിലാണ്. ഒരു പക്ഷം നീതിക്കായ് അന്നും ഇന്നും പോരാടുന്നുണ്ടെ




ങ്കിലും ബഹുഭൂരിപക്ഷം ജനത ഇവരെ ഇല്ലായ്മ ചെയ്യാൻ കച്ച കെട്ടിയവരാണ്.

ഈ അടുത്ത കാലത്ത് ഒരു ക്രൂരമായ കൊലപാതക ദൃശ്യത്തിന് നമ്മൾ സാക്ഷ്യം വഹിക്കുകയുണ്ടായി. തികഞ്ഞ വംശീയബോധത്തിൽ ഉടലെടുത്ത, സംവൽസരങ്ങൾ പിന്നിട്ടിട്ടും വിട്ടുമാറാത്ത വർണവെറിയുടെ ശേഷപത്രം. 'ബ്ലാക്ക് ലൈവ്സ് മാറ്റർ' എന്ന് അറിയപ്പെടുന്ന ഒരു പ്രക്ഷോഭം അമേരിക്കയിൽ നടക്കുകയാണ്. നമ്മൾ ഏത് കാര്യത്തിലും മാതൃകയാക്കുന്ന രാജ്യമായ അമേരിക്കയിൽ തന്നെയാണ് ഇത്തരമൊരു ഹീനപ്രവൃത്തി നടന്നത്.

അമേരിക്കയിലെ വെള്ളക്കാരനായ പോലീസ് ഓഫീസർ ഡെറിക്ക് ചോവിൻ കറുത്ത വംശജനായ ജോർജ് ഫ്ളോയ്ഡിനെ കൊലപ്പെടുത്തി, എന്തിനുവേണ്ടി? കൃത്യം ചെയ്തപ്പോൾ എന്തുനേടി ഈ ഉദ്യോഗസ്ഥൻ? ഒരു സംശയത്തിന്റെ പേരിൽ ഇത്രയും ക്രൂരത കാട്ടണമോ? ഇല്ല, അപ്പോൾ ശരിക്കും ഒരു വെള്ളക്കാരന്റെ കറുത്ത വംശജനോടുള്ള വംശീയ അതിക്രമം തന്നെയാകുന്നു ഇതെന്ന് നമുക്ക് അനുമാനിക്കാം. ചില നാടുകളിൽ മതമാണ് വർഗീയതയ്ക്ക് ചുക്കാൻ പിടിക്കാറ്. പക്ഷേ, ഇവിടെ ചുക്കാൻ പിടിക്കുന്നത് 'നിറമാണ്'. ഇവിടെ നടക്കുന്നത് കളറിസം ആണ് (വർണവിവേചനം). 1982ൽ പ്രശസ്ത അമേരിക്കൻ നോവലിസ്റ്റ് ആലീസ് വാക്കർ ആണ് വർണവിവേചനത്തിന് ഇംഗ്ലീഷിൽ 'കളറിസം' എന്ന വാക്ക് ആദ്യമായി അവതരിപ്പിച്ചത്. വർണവിവേചനത്തിന് തുല്യമായ വാക്ക് അല്ല ഇത്. വർഗം, പാരമ്പര്യം അടക്കം മറ്റ് അനേകം ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. മനുഷ്യരെ തൊലി നിറത്തിന്റെ അടിസ്ഥാനത്തിൽ സമൂഹ്യപരമായി തരംതിരിക്കുന്നു. നിറമുള്ളവർക്ക് ഉയർന്ന ആനുകൂ

**അമേരിക്കയിലെ വെള്ളക്കാരനായ പോലീസ് ഓഫീസർ ഡെറിക്ക് ചോവിൻ കറുത്ത വംശജനായ ജോർജ് ഫ്ളോയ്ഡിനെ കൊലപ്പെടുത്തി, എന്തിനുവേണ്ടി? കൃത്യം ചെയ്തപ്പോൾ എന്തുനേടി ഈ ഉദ്യോഗസ്ഥൻ? ഒരു സംശയത്തിന്റെ പേരിൽ ഇത്രയും ക്രൂരത കാട്ടണമോ?**

ല്യങ്ങൾ ലഭിക്കുകയും മറ്റുള്ളവർക്ക് നിഷേധിക്കുകയും ചെയ്യുന്നു. സോഷ്യൽ സ്ട്രാറ്റിഫിക്കേഷൻ എന്ന പ്രക്രിയാണ് ഇവിടെ നടക്കുന്നത്. പ്രശസ്ത അമേരിക്കൻ സോഷ്യോളജിസ്റ്റുകളായ വില്യം എഫ് ഒഗ്ബേണും മെയെർ എം. നിമ്കോഫും 'സോഷ്യൽ സ്ട്രാറ്റിഫിക്കേഷൻ' എന്ന പ്രക്രിയെ ഇങ്ങനെ നിർവചിക്കുന്നു: "The process by which individuals and groups are ranked in a more or less enduring hierarchy of status. Stratification divides a society into higher and lowers social units". മനുഷ്യരെ ലിംഗം, വയസ്സ്, ജാതി, വർഗം, പാരമ്പര്യം എന്ന രീതിയിൽ തരം തിരിക്കുക ഇവിടെ നിറത്തിലാണെന്ന് മാത്രം (skin colour Stratification or colorism). ഇത്തരം വംശീയതക്ക് അറുതി വരുത്തേണ്ട സമയം അതിക്രമിച്ചു കൊണ്ടിരിക്കുന്നു. നമ്മൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലാണ് ജീവിക്കുന്നത് എന്ന് അഹങ്കാരത്തോടെ പറഞ്ഞാൽ പോര, അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് അത നേടിക്കൊടുക്കുകയും ഇത്തരം വംശീയത പ്രവർത്തിക്കുന്നവരെ തടഞ്ഞുനിർത്തുകയും വേണം. സ്വാതന്ത്ര്യം ആരുടെയും ഔദാര്യമല്ല; അത് നമ്മുടെ ജന്മാവകാശമാണ്.

ഇന്ത്യയിൽ നടക്കുന്ന ചില നീതിനിഷേധങ്ങളെക്കുറിച്ച് പരിശോധിക്കാം. മഹാമാരി വന്നതോട് കൂടി രാജ്യം നിശ്ചലമായി. ഈയൊരു അവസരത്തിൽ ഏറ്റവും കൂടുതൽ നീതി നിഷേധിക്കപ്പെട്ടു എന്ന് ഞാൻ വിശ്വസിക്കുന്നത് അതിഥി തൊഴിലാളികൾക്കാണ്. കൊറോണ എന്ന വിപത്തിനെ പ്രതിരോധിക്കുന്ന യജ്ഞത്തിലാണ് ഇപ്പോൾ ഏവരും. പക്ഷേ, ഈ ലോക്ക്ഡൗൺ കാലത്ത് കൊറോണ എന്ന വൈറസിനെ മാത്രം അതിജീവിച്ചാൽ പോരാത്ത ചില മനുഷ്യർ നമുക്കിടയിലുണ്ട്; ഇനിയും കൂടണയാത്തവർ. നമ്മുടെ രാജ്യത്തിന്റെ യഥാർഥ ശിൽപികൾ, ഒരു കൂട്ടം തൊഴിലാളികൾ. യാതൊരു മുന്നറിയിപ്പും ഇല്ലാതെയുള്ള ഈ ലോക്ക്ഡൗൺ ഏറെ ബുദ്ധിമുട്ടിച്ചത് ഈ തൊഴിലാളികളെയാണ്. ഇന്ത്യ നിശ്ചലമായതോടെ ഇവരുടെ തൊഴിലും നിശ്ചലമായി. അവരുടെ സ്വന്തം നാട്ടിലേക്ക് തിരികെ പോകാൻ വാഹന ഗതാഗതം ഇല്ലാതായപ്പോൾ അവർ അവരുടെ കുടുംബവുമായി പലായനം തുടങ്ങി. ഓരോ ദിവസവും ദൃശ്യമാധ്യമങ്ങളിൽ അവരുടെ ദുരിതമേറിയ യാത്ര കാണുമ്പോൾ സഹിക്കാൻ ആവില്ല. അവരുടെ കുഞ്ഞുമക്കളുടെ കരച്ചിൽ നമുക്ക് കേൾക്കാനാവില്ല. വിണ്ടുകീറിയ പാദങ്ങളാൽ അവർ താണ്ടുന്നത് ഒന്നും രണ്ടും കിലോമീറ്ററുകൾ അല്ല. അഞ്ഞൂറും ആയിരവുമൊക്കെയാണ് അവർക്ക് താണ്ടേണ്ടത്.ചിലർ പാതിവഴിയിൽ എത്തുന്നു, ചിലർ അവരുടെ യാത്ര അവസാനിപ്പിക്കുന്നു, ചിലർ തളർന്നു വീഴുന്നു. മഹാരാഷ്ട്രയിലെ ഓറംഗബാദിൽ റെയിൽ പാളത്തിൽ യാത്രാക്ഷീണം മൂലം ഉറങ്ങിക്കിടന്ന 16 തൊഴിലാളികൾ ചരക്കുതീവണ്ടി കയറി മരിച്ച വാർത്ത നാം ഞെട്ടലോടെയാണ് കേട്ടത്. കൂടാതെ കൊച്ചിയിൽ ഇഷ്ടിക ചൂളയിൽ ജോലി ചെയ്തിരുന്ന ബംഗാൾ സ്വദേശിയായ 17കാരൻ നാട്ടിലേക്ക് മടങ്ങാനാവാത്ത മനോവിഷമത്തിൽ ആത്മഹത്യ ചെയ്തു, തൊഴിലാളി കുടുംബത്തിലുള്ള ഒരു സ്ത്രീ പലായനത്തിനിടെ പ്രസവിച്ചു, വിശ്രമമില്ലാതെ വീണ്ടും ആ സ്ത്രീ 150

**വിണ്ടുകീറിയ പാദങ്ങളാൽ അവർ താണ്ടുന്നത് ഒന്നും രണ്ടും കിലോമീറ്ററുകൾ അല്ല അഞ്ഞൂറും ആയിരം ഒക്കെയാണ് അവർക്ക് താണ്ടേണ്ടത്.ചിലർ പാതിവഴിയിൽ എത്തുന്നു, ചിലർ അവരുടെ യാത്ര അവസാനിപ്പിക്കുന്നു, ചിലർ തളർന്നു വിഴുന്നു.**





കിലോമീറ്റർ നടന്നു; അങ്ങനെ എത്ര ദുരിതങ്ങൾ. എന്നാൽ കത്തുന്ന വെയിലിൽ യാത്ര ചെയ്യുന്ന ഈ തൊഴിലാളിക ളെ പരിഗണിക്കാൻ ഇന്നും രാ ജ്യം ഭരിക്കുന്ന ഭരണാധികാരി കൾക്ക് ഇപ്പോഴും കഴിഞ്ഞിട്ടില്ല എന്നാണ് സത്യം. എന്തിന് ഒരി റ്റ് കുടിവെള്ളം പോലും ഈ ഭരണാധികാരികൾക്ക് എത്തി ക്കാൻ കഴിഞ്ഞിട്ടില്ല. ദിവസ ങ്ങൾ പിന്നിട്ടപ്പോൾ നമ്മൾ ഒരു മരണ വാർത്തയും കൂടി കേട്ടു. ഒരമ്മയുടെ മരണം, ആ അമ്മ യുടെ കൂടെയുണ്ടായിരുന്ന കു രുന്നു പോലും അറിഞ്ഞില്ല സ്വ ന്തം അമ്മയുടെ മരണം.

ട്രെയിനിൽ വെള്ളം പോ ലും കിട്ടാതെ നിർജലീകരണ ത്തിനിരയായിട്ടായിരുന്നു ആ അമ്മയുടെ മരണം. ഇങ്ങനെ യെത്രയെത്ര മരണങ്ങൾ. ഇന്ത്യ യിൽ ലോക്ക്ഡൗൺ പിന്നിടു മ്പോൾ 400ലേറ തൊഴിലാളിക

**ഇന്ത്യയിൽ ലോക്ക്ഡൌൺ പിന്നിടുമ്പോൾ 400 ലേറ തൊഴിലാളികളാണ് പലായ നത്തിൽ പൊലിഞ്ഞു പേ ായത്. ഇവരൊക്കെ ആയു സ്സ് എത്തിയിട്ട് ഒടുങ്ങിയ മന ുഷ്യരല്ല; ഈ ലോക്ക്ഡൗണി ന്റെ കൃത്യമായ മുന്നൊരുക്കം ഇല്ലായ്മയായിരിക്കാം ഇവരു ടെയൊക്കെ മരണകാരണം**

ളാണ് ഇനിയും തീരാത്ത ഈ പലായനത്തിൽ പൊലിഞ്ഞു പോയത്. ഇവരെ ാക്കെ ആയു സ്സ് എത്തിയിട്ട് ഒടുങ്ങിയ മനു ഷ്യരല്ല, ഇവരുടെ ഗതികേടോ സാഹചര്യമോ അല്ലെങ്കിൽ ഈ ലോക്ക്ഡൗണിന്റെ കൃത്യമായ മുന്നൊരുക്കം ഇല്ലായ്മയാ യിരിക്കാം ഇവരുടെയൊക്കെ മരണ കാരണം. ഇത്രയും മര ണം നടന്നതിന് ശേഷമാണ് ഇന്ത്യയുടെ ഉന്നത നീതിപീഠ മായ സുപ്രീംകോടതി ഈ വി ഷയത്തിൽ സ്വമേധയാ കേസ് എറ്റെടുത്ത് ഉത്തരവ് ഇറക്കി യത്. തൊഴിലാളികൾക്ക് സൗ ജന്യ വാഹനവും ഭക്ഷണവും താമസവും നൽകണം എന്ന്. ഇന്ന് ഈ രാജ്യത്ത് കൂടുത ലായും വരുന്നത് ഉത്തരവുക ളും വാഗ്ദാനങ്ങളുമാണ്. ജന ങ്ങൾക്ക് വേണ്ടത് ഉത്തരവുക ളും വാഗ്ദാനങ്ങളുമല്ല അവർ ക്ക് വേണ്ടത് അവരുടെ പ്രശ്ന ങ്ങൾക്ക് വേണ്ട സംയോജിത മായ ഇടപെടലുകളാണ്. ഇത്ര യും ഉത്തരവുകൾ ഇറക്കിയി ട്ടും എന്തുകൊണ്ടാണ് ഇന്ത്യ യിൽ ഇപ്പോഴും തൊഴിലാളി കൾക്ക് പ്രശ്നമുണ്ടാവുന്ന ത്, അവരുടെ പലാ യനത്തിന് അറുതി




വരാത്തത്, ഉത്തരവുകൾ ഇറക്കിയാൽ പോര, അത് നടപ്പിലാക്കപ്പെടുന്നുണ്ടോ എന്നാണ് ആദ്യമന്വേഷിക്കേണ്ടത്. കാരണം ഇത് ഇവരുടെയും ഇന്ത്യയാണ്. ഇനിയെങ്കിലും അവരെ കൈവിടരുത് ഇനിയും നടന്നു തേയരുത്, ആ ജീവിതങ്ങൾ.

ഇനി പറയാനുള്ളത് നീതിക്കായ് പോരാടിയിട്ട് നീതി നിഷേധിക്കപ്പെട്ടവരെ കുറിച്ചാണ്. ഇതിൽ പെട്ടത് ഒരു കൂട്ടം വിദ്യാർഥികളാണ്. ഇപ്പോൾ സർക്കാരിന്റെ അന്യായ നടപടികൾക്കെതിരെ കൈയുയർത്തിയാൽ യു.എ.പി.എ ചുമത്തുന്നത് ഒരു ഫാഷനായിട്ട് മാറിയിരിക്കുകയാണ്. ജാമ്യം കിട്ടാതിരിക്കാനാണ് ആദ്യം യു.എ.പി.എ ചുമത്തുന്നത്. ചുമത്തിയ സ്ഥിതിക്ക് ജാമ്യം തരാൻ നിർവാഹമില്ലെന്ന് പറഞ്ഞ് കോടതി കൈയൊഴിയും. ഇതിൽ സത്യാവസ്ഥ എന്തെന്നാൽ ഇത്തരമൊരു കേസ് യു.എ.

**സർക്കാരിന്റെ അന്യായ നടപടികൾക്കെതിരെ കൈയുയർത്തിയാൽ യു.എ.പി.എ ചുമത്തുന്നത് ഒരു ഫാഷനായിട്ട് മാറിയിരിക്കുകയാണ്.**

പി.എ ചുമത്താവുന്നതണോ എന്ന ചോദ്യത്തിന് തന്നെ ഉത്തരവുമില്ല. ഇത്തരമൊരു കുരുക്കിലകപ്പെട്ട് രണ്ട് മാസമാണ് സഫൂറ സർഗാർ എന്ന മൂന്നു മാസം ഗർഭിണിയായിരുന്ന ഈ യുവതി തിഹാർ ജയിലിൽ കഴിഞ്ഞത്. ഈ യുവതി ചെയ്തത് രാജ്യദ്രോഹമല്ല, ചാരപ്രവൃത്തിയല്ല പകരം തന്റെ സ്വന്തം രാജ്യത്തിലെ ഒരു ഭരണകൂടത്തിന്റെ ഹീനമായ നടപടിക്കെതിരെ കൈയുയർത്തിയതിനാണ്. രാഷ്ട്ര തലസ്ഥാനത്ത് യൂനിവേഴ്സിറ്റി വിദ്യാർഥികൾ പൗരത്വ നിയമ ഭേദഗതിക്കെതിരെ ഒത്തുകൂടിയവരിൽ മുൻപന്തിയിൽ സഫൂറ ഉണ്ടായിരുന്നു. രണ്ടു മാസം കഴിഞ്ഞ്, വടക്കുകിഴക്കൻ ഡൽഹിയിൽ ഹിന്ദുത്വകൂട്ടം അഴിഞ്ഞാടി അമ്പതിലേറെ പേരുടെ ജീവൻ എടുത്തപ്പോൾ സമാധാനത്തിന്റെ പ്രതിരോധദൂതരിൽ സഫൂറയും ഉണ്ടായിരുന്നു. ദിവസങ്ങൾ കഴിഞ്ഞ് ഡൽഹി വംശീയാക്രമണത്തിന്റെ കുറ്റപത്രം വന്നപ്പോൾ കാര്യങ്ങൾ ആകെ മാറി. 'ഗോലി മാറോ സാലോം കൊ' ആഹ്വാനം നടത്തിയ അനുരാഗ് ഠാകൂറും ഇനിയുമൊരു ശാഹീൻ ബാഗ് ആവർത്തിക്കാതിരിക്കാൻ 'ജാഫാറാബാദിന് ചുട്ട മറുപടി കൊടുക്കൂ' എന്ന് പറഞ്ഞ കപിൽമിശ്രയും അതിലില്ല. പകരം സഫൂറയെപ്പോലെയുള്ള ഒരുകൂട്ടം വിദ്യാർഥികളും ആക്ടിവിസ്റ്റുകളും മാത്രം. നീതിമായുന്നു എന്ന തെളിവുകളാണ് ഇവരുടെ ജീവിതങ്ങൾ. ഈയടുത്ത കാലത്തായി കാശുള്ളവനിലേക്കും രാഷ്ട്രീയ അജണ്ടകൾക്കുമാണ് നിയമം

വഴങ്ങുന്നത്. നീതി ഇല്ലായ്മയുടെ ഏറ്റവും മൂർച്ചയേറിയ അവസ്ഥയാണിത്. ഇന്ന് അത് ഷർജീൽ ഉസ്മാനി, മീരാൻ ഹൈദർ, ഉമർ ഖാലിദ്, ഡൽഹി യൂനിവേഴ്സിറ്റി പ്രഫസർ. ഹാനി ബാബു എന്നിവരിൽ എത്തി നിൽക്കുന്നു.

നീതി നിഷേധിക്കപ്പെടുന്നവരിൽ ഭൂരിഭാഗവും ന്യൂനപക്ഷക്കാർ, ദലിതുകൾ, സ്ത്രീകൾ, കുട്ടികൾ, കർഷകർ, തൊഴിലാളികൾ, രാഷ്ട്രീയ കരങ്ങൾക്ക് വേണ്ടി ബലിയാടാവുന്നവർ എന്നിവരാണ്.

പാലക്കാട് ഗർഭിണിയായ ആന കൊല്ലപ്പെട്ട വിഷയം, കേട്ട പാതി കേൾക്കാത്ത പാതി അത് മലപ്പുറത്ത് നടന്നതാണെന്നും അവിടത്തെ മുസ്‌ലിം ജനതയെ അതിക്രൂരന്മാരായി ചിത്രീകരിച്ച് പ്രചാരണം നടത്തുകയും മലപ്പുറത്തെ ലോകത്തിലെ ഒരു ക്രൂരമായ പ്രദേശമാക്കി മാറ്റി സംഘ്പരിവാർ ഭരണകൂടം. അതേ സ്ഥാനത്ത് മധ്യപ്രദേശിൽ സമാന രീതിയിൽ ഒരു ഗർഭിണിയായ പശു ചത്തപ്പോൾ ഈ സംഘപരിവാർ ഭരണകൂടം ഒരു വലിയ രീതിയിൽ പ്രക്ഷോഭം സൃഷ്ടിക്കുകയോ, ക്രൂരമായ പ്രദേശം എന്ന് മുദ്രകുത്തുകയോ ചെയ്തിട്ടില്ല. സമൂഹ മാധ്യമങ്ങൾ അതേറ്റുടുക്കയോ ചെയ്തിട്ടില്ല. ഇത്തരത്തിലുള്ള മൃഗങ്ങളോടുള്ള സമീപനത്തെ ന്യായീകരിക്കുകയല്ല, അത് മറ്റ് രാഷ്ട്രീയ അജണ്ടക്കൾക്ക് വേണ്ടി ഉപയോഗിക്കുന്നതിനെതിരയാണ് ഞാൻ പ്രതിക്കരിക്കുന്നത്. മുസ്‌ലിം മത ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള കൊടുംഅനീതിയാണ് ചൂണ്ടിക്കാട്ടുന്നത്.

നീതിയെ ഇല്ലായ്മ ചെയ്യപ്പെടുന്നത് വെറും രാഷ്ട്രീയ അജണ്ടകൾക്ക് വേണ്ടിയാകുന്നു. വംശഹത്യയും ദുരഭിമാനക്കൊലയുമൊക്കെ ഇന്ന് സർവസാധാരണമായി. ഏകാധിപത്യ രീതിയിലേക്കുള്ള ചുവടുവെപ്പിലാണ് ഇന്ന് ലോകം. പണവും അധികാരവുമുള്ളവർക്ക് മാത്രം ഇന്ന് നീതി. ഒന്നും അവസാനിക്കാൻ പോകുന്നില്ല. ജോർജ് ഫ്ളോയ്ഡിന് പിന്നാലെ സമാനരീതിയിൽ ബ്രിട്ടനിൽ ഒരു കറുത്ത വർഗക്കാരന് മർദ്ദനമേൽക്കുകയുണ്ടായി. ഇതൊക്കെ സൂചിപ്പിക്കുന്നത് മനുഷ്യന്റെ മനഃസാക്ഷി മായുകയാണ് അല്ലെങ്കിൽ മറ്റുള്ളവർക്ക് വേണ്ടി പണയം വയ്ക്കുന്നു എന്നതാണ്.

**പ്രകൃതി മൂലം ഉണ്ടാകുന്നതല്ല ഏറ്റവും വലിയ ദുരന്തം മനുഷ്യ മനസ്സുകൾ മൂലം ഉണ്ടാക്കുന്ന 'ദുരന്തങ്ങളാണ് യഥാർഥ മഹാമാരി. അതെ നീതി ഇല്ലായ്മ തന്നെയാണ് ഏറ്റവും വലിയ മഹാമാരി**



ഇതിന് പരിഹാരം ഒന്നേയുള്ളൂ, ഒരു മനുഷ്യനെ മനസ്സിലാക്കാൻ മറ്റൊരു മനുഷ്യനേ കഴിയൂ. നീതിയും മാനവികതയും മനസ്സിലാക്കുന്ന ഭരണകർത്താക്കൾ ഉടലെടുക്കണം. മനുഷ്യമനസ്സുകളെ അറിഞ്ഞ് ജീവിക്കാനാവണം ഓരോ ജനതയ്ക്കും. ലോക പ്രസിദ്ധ സാഹിത്യകാരനും നോബൽ സമ്മാനജേതാവുമായിരുന്ന മാർക്വസ് നോബേൽ സമ്മാനം സ്വീകരിക്കുന്ന ചടങ്ങിൽ പറയുകയുണ്ടായി: 'ഒരാൾ എങ്ങനെ മരിക്കണമെന്ന് മറ്റൊരാൾക്ക് തീരുമാനിക്കാൻ കഴിയാത്ത ലോകം ഉണ്ടാകണം. അതാണ് എന്റെ സ്വപ്നം.' എന്നുവെച്ചാൽ യുദ്ധത്തിലാകട്ടെ, അക്രമത്തിലാകട്ടെ, ലഹളകളിലാകട്ടെ മനുഷ്യൻ മനുഷ്യനെ കൊല്ലുന്ന അവസ്ഥ ഇല്ലാതാകണം. ഒരു മനുഷ്യൻ തന്റെ കുടുംബത്തോട് ഒരുമിച്ച് സമാധാനത്തോടെ രണ്ടു നേരം ഭക്ഷണം കഴിച്ചാൽ ഈ ലോകം നീതി ഉറപ്പ് വരുത്തുന്നതിൽ മുന്നിട്ടു നിൽക്കുന്നു എന്നാകുന്നു. പ്രകൃതി മൂലം ഉണ്ടാകുന്നതല്ല ഏറ്റവും വലിയ ദുരന്തം മനുഷ്യ മനസ്സുകൾ മൂലം ഉണ്ടാക്കുന്ന ദുരന്തങ്ങളാണ് യഥാർഥ മഹാമാരി. അതെ നീതി ഇല്ലായ്മ തന്നെയാണ് ഏറ്റവും വലിയ മഹാമാരി എന്ന് നാം ഓർക്കണം. നീതി നിറവേറ്റുന്ന നല്ലൊരു നാളേക്കായ് നമുക്ക് കാത്തിരിക്കാം.●

ജസ്ന
ബി.എ അറബിക് &
ഇസ്‌ലാമിക് ഹിസ്റ്ററി



# സാമ്പത്തികവ്യവസ്ഥ: വിൽക്കപ്പെടുന്നു, മൊത്തമായും ചില്ലറയായും

ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ സുപ്രധാന ഭാഗമാണ് വ്യാവസായിക മേഖല. ഒരു രാഷ്ട്രത്തിന്റെ വളർച്ചയിലും തളർച്ചയിലും പ്രധാന പങ്ക് വ്യവസായിക മേഖലക്കുണ്ട്. സ്വാതന്ത്ര്യാനന്തര വേളയിൽ GDPയിൽ വെറും 11% മാത്രം സംഭാവന ചെയ്തിരുന്ന ഇന്ത്യൻ വ്യാവസായിക മേഖല പിന്നീട് ലോകത്ത് ഏറ്റവും വളർച്ചയേറിയതും ജനപങ്കാളിത്തമുള്ളതുമായ ഒരു മേഖലയായി മാറി. പൂർവ സർക്കാരുകളുടെ കാര്യക്ഷമവും ഫലപ്രാപ്തവുമായ നടപടികൾ കൊണ്ട് തുടർച്ചയായ ഏഴ് പഞ്ചവത്സരപദ്ധതികളിലൂടെ 1990കളോടെയാണ് വ്യവസായിക മേഖലയെ മുന്നേറ്റത്തിന്റെ പാതയിലേക്ക് നയിച്ചത്.

വ്യാവസായിക മേഖലയെ മൂന്നാക്കി തിരിച്ചായിരുന്നു കൃത്യമായ പ്രവർത്തനം നടന്നിരുന്നത്. എന്നാൽ വാണിജ്യ-വ്യവസായ ബന്ധങ്ങൾ സുഖമവും സൗഹാർദ്ദപരവുമാക്കുന്നതിന് ആഗോളവൽക്കരണവും ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ലോകവ്യാപാരം പരിചയപ്പെടുത്തിയത് മൂലം ഗുണകരവും ദോഷകരവുമായ മാറ്റങ്ങൾ വ്യാവസായിക മേഖലയിലുണ്ടായി. അതിൽ പ്രധാനപ്പെട്ട ഘടകമാണ് സ്വകാര്യ കമ്പനികളുടെ കടന്നു കയറ്റം. പൊതുമേഖലാ സ്ഥാപ

നങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിലൂടെ സാധന-സേവന ഉപാധികൾ സ്വകാര്യ കമ്പനികൾ കൈയടക്കുകയും കുത്തകയാക്കി മാറ്റുകയും ചെയ്യുന്നു.




ഈ അടുത്തകാലത്ത് ഉണ്ടായ നിയമനടപടികളും കേന്ദ്ര സർക്കാറിന്റെ സാമ്പത്തിക പദ്ധതികളും പരിശോധിക്കുകയാണെങ്കിൽ വലിയ തരത്തിൽ സർക്കാർ സ്വകാര്യ കമ്പനികളോട് 'ചായ്‌വ്' കാണിക്കുന്നതായി മനസ്സിലാക്കാം. 2014ൽ ഭരണത്തിലേറിയ സർക്കാർ ഇത് വരെ ഇരുപത്തിയാറോളം പൊതുമേഖല സ്ഥാപനങ്ങളെ പൂർണമായും സ്വകാര്യമേഖലയ്ക്ക് വിട്ടുനൽകിയിട്ടുണ്ട്. അതിൽ എയർ ഇന്ത്യ, ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (BPCL), ഇന്ത്യൻ ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ (ITDC), ഹിന്ദുസ്ഥാൻ ആന്റിബയോടിക്ക്സ് ലിമിറ്റഡ് (HAL) തുടങ്ങി പ്രധാന പൊതുമേഖല സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതും അതിന്മേൽ സ്വകാര്യ മേഖലക്ക് നടത്തിപ്പവകാശം നൽകുന്നതും സാമ്പത്തിക പദ്ധതിയുടെ ഭാഗമാണെന്ന് മനസ്സിലാക്കാം, എന്നാൽ പൂർണമായും ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല പെട്രോളിയം സ്ഥാപനങ്ങളൊക്കെ സ്വകാര്യവൽക്കരിക്കുന്നതിന്റെ ആവശ്യകത എന്തെന്ന് സർക്കാർ വ്യക്തമാക്കേണ്ടതുണ്ട്. പെട്രോളിയം പോലെയുള്ള സമ്പദ്‌വ്യവസ്ഥയുടെ പ്രധാനഘടകങ്ങൾ സ്വകാര്യ മേഖലകൾക്ക് തുച്ഛമായ വിലക്ക് വിറ്റഴിക്കുന്നത് ഭാവിയിൽ രാജ്യത്തിന് തന്നെ തിരിച്ചടിയായേക്കാം. ഇത്തരത്തിൽ വ്യാപകമായ സ്വകാര്യ വൽക്കരണം പൊതുമേഖലയിലുണ്ടാവുമ്പോൾ അത് വില കയറ്റത്തിനു കാരണമാവുന്നു. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ പ്രയാസപ്പെടുത്തുന്നത് വികസ്വര ഇന്ത്യയിലെ കോടിക്കണക്കിന് വരുന്ന പാവപ്പെട്ട ജനങ്ങളെയാണ്. എന്നാൽ ഇക്കാര്യത്തെപ്പറ്റി ചിന്തിക്കുന്നതിൽ സർക്കാർ താൽപര്യം കാണിക്കുന്നില്ല.

**തീർത്തും ജനങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കും എതിരെയാണ് ഇന്നത്തെ സർക്കാരിന്റെ നടപടികൾ. കാർഷിക, വ്യാവസായിക, ടെലികോം മേഖലകളിലൊക്കെ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ അത് പ്രകടമാണ്.**

തീർത്തും ജനങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കും എതിരെയാണ് ഇന്നത്തെ സർക്കാരിന്റെ നടപടികൾ. കാർഷിക, വ്യാവസായിക, ടെലികോം മേഖലകളിലൊക്കെ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ അത് പ്രകടമാണ്. ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ ജനപ്രീതിയും നീതി പാലനവും അന്യം നിന്നുകൊണ്ടിരിക്കുകയാണ്.

ഒരു നൂറ്റാണ്ടിലധികം വിദേശികളുടെ കാൽക്കീഴിൽ കിടന്നിരുന്ന ഇന്ത്യയെ സ്വതന്ത്ര പരമാധികാര ജനാധിപത്യ മതേതര ഇന്ത്യയായി 'നമ്മുടെ' പൂർവികർ നമുക്ക് നേടിത്തന്നത് ഇതെല്ലാം അനുഭവിക്കാൻ മാത്രമല്ല, നിലനിർത്താൻ കൂടിയാണ്. വരുന്ന തലമുറയ്ക്ക് വേണ്ടി ഈ അവകാശങ്ങളെ, ഈ പൊതുമേഖലയെ, ഈ രാജ്യത്തെ നിലനിർത്തുക; നമ്മിലർപ്പിതമായ കർത്തവ്യമാണത്.●

റാഷിദ എം.എം
ബി.എ. മലയാളം




# സത്യാനന്തരകാലത്തെ പൊതുബോധം

‘നന്മകൾ കേട്ടതു കണ്ടതു ചൊല്ലാൻ
നാക്കിനു കഴിയട്ടെ
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനുകഴിയട്ടെ.’

*(തത്തമ്മഅയ്യപ്പപണിക്കർ)*

ഇത്തരമൊരു ജാഗ്രത സമൂഹത്തിൽ നിന്ന് ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. നന്മയെ ഹിംസിക്കുന്നവരും തിന്മയെ ആഘോഷിക്കുന്നവരുമാണ് ഇന്ന് അധികവും. ഞങ്ങൾ പറയുന്നതെന്തോ, അതാണ് ശരി, അത് മാത്രമാണ് ശരി. ആവർത്തിച്ചതെന്തോ അത് സത്യമാക്കുന്ന കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അടിച്ചമർത്തലിന്റെ മറ്റൊരു രൂപം.

വാർത്ത അറിയുന്നതിനും അറിയിക്കുന്നതിനും സമൂഹത്തിന് പത്രത്തെ ആശ്രയിക്കേണ്ടിവരുന്നു. ആശയവിനിമയത്തിന്റെ മെച്ചപ്പെട്ട സാമഗ്രികളാണ് മാധ്യമങ്ങൾ. ഏതൊരു വ്യക്തിയു



ടെയും പുലരികളെ ഉന്മേഷമാക്കാനും അയാളുടെ വികാര വിചാരങ്ങളുടെ നവീകരണത്തിനും മാധ്യമങ്ങൾക്ക് സാധ്യമാകുന്നു. ജനങ്ങളുടെ ജീവിതത്തിന്റെ സാംസ്കാരികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിയാണ് മാധ്യമങ്ങൾ ലക്ഷ്യമാക്കുന്നതെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. പക്ഷേ, മാധ്യമങ്ങൾ അവയുടെ ധർമങ്ങളിൽ നിന്ന് തെന്നിമാറുകയും അവ സ്വേച്ഛാധിപതികളെ പോലെ പെരുമാറുകയും ചെയ്യുന്നു.

കർഷകർ വിഷം കഴിച്ചാൽ ആശങ്കയില്ല; പക്ഷേ പിസ്സ കഴിച്ചാൽ അത് വർത്തയാക്കുക തന്നെ വേണം. ആദ്യം ബിരിയാണി, ഇപ്പോൾ പിസ്സ, പ്രതിഷേധിക്കുന്ന കർഷകർക്ക് 'ആഡംബര' ഭക്ഷണം എന്ന തലക്കെട്ടിലാണ് ദേശീയ മാധ്യമങ്ങൾ വാർത്തയാക്കിയത്. യഥാർഥ കർഷകർ പാടത്താണെന്നും, ഡൽഹി അതിർത്തിയിൽ നടക്കുന്നത് പ്രതിഷേധമല്ല, പിസ്സ പാർട്ടി ആണെന്നും, ബിജെപി ആരോപിക്കുന്നു. തലപതി എന്താണോ പറയുന്നത് അത് വർത്തയാക്കലാണ് ഇത്തരത്തിലുള്ള മാധ്യമങ്ങളുടെ 'ധർമം'. ഇവർ പ്രതിമയല്ല; പറയുന്നതനുസരിച്ചാടുന്ന പാവകളാണ്. അതെ ധീരതയുടെ കോമാളി കോലങ്ങൾ.

**കർഷകർ വിഷം കഴിച്ചാൽ ആശങ്കയില്ല; പക്ഷേ പിസ്സ കഴിച്ചാൽ അത് വാർത്തയാകുക തന്നെ വേണം. ആദ്യം ബിരിയാണി, ഇപ്പോൾ പിസ്സ, പ്രതിഷേധിക്കുന്ന കർഷകർക്ക് ആഡംബര ഭക്ഷണം എന്ന തലക്കെട്ടിലാണ് ദേശീയ മാധ്യമക്കാർ വാർത്തയാക്കിയത്.**

ഫാഷിസം ഫണം വിടർത്തിയാടുന്ന കാലത്ത് മാധ്യമപ്രവർത്തനം ഒരു പോരാട്ടമാണ്. എന്നാൽ, തങ്ങളെ ഊട്ടുന്നവരെ ഒറ്റുകൊടുത്തുകൊണ്ട് ഫാഷിസത്തിന് കുടപിടിക്കുന്നവരെ കർഷകർ കൃത്യമായി നേരിടുന്നു. ഒരുപക്ഷെ നാളിതുവരെ രാജ്യത്തു നടന്ന ജനകീയ പ്രക്ഷോഭങ്ങളിൽ പൊതുവെ കാണാത്ത, അതേസമയം കൃത്യമായ രാഷ്ട്രീയം പറയുന്ന വാക്കുകൾ... തങ്ങളെ കവർ ചെയ്യാൻ വരുന്ന മിക്ക ദേശീയ വാർത്തകളും കേന്ദ്ര സർക്കാറിന് അനുകൂലമായി മാത്രമേ വാർത്തകൾ സൃഷ്ടിക്കൂ എന്നുറപ്പുള്ള കർഷകരാണിവർ. അതെ നീതിപരമായി ശമ്പളം വാങ്ങി കേന്ദ്ര സർക്കാറിനോട് നീതി കാണിക്കുന്നവർ...! ●





# ആവിഷ്കാരത്തിനെതിരേയുള്ള 'മീശ'വിറപ്പിക്കൽ

**1950കൾക്ക് മുൻപുള്ള കേരളീയ ജാതീയ ജീവിതത്തെ ദലിത് പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന നോവലാണ് *മീശ*. *മാതൃഭൂമി* ആഴ്ചപ്പതിപ്പിലാണ് *മീശ* പ്രസിദ്ധീകരിച്ചുവന്നത്. മൂന്നു ലക്കം കഴിഞ്ഞപ്പോൾ ചില ഹിന്ദുത്വ സംഘടനകളുടെ പ്രതിഷേധത്തെത്തുടർന്ന് നോവൽ പിൻവലിച്ചു. നോവലിലെ രണ്ട് കഥാപാത്രങ്ങൾ തമ്മിൽ നടത്തിയ ഒരു സംഭാഷണത്തിന്റെ ഭാഗം സമൂഹമാധ്യമങ്ങളിലൂടെ പ്രചരിച്ചിരുന്നു. ഹിന്ദു സ്ത്രീകൾ ലൈംഗികതയ്ക്ക് വേണ്ടിയാണ് കുളിച്ച് നല്ല വസ്ത്രം ധരിച്ച് അമ്പലത്തിൽ പോകുന്നതെന്ന പ്രസ്താവനയാണ് പ്രതിഷേധത്തിന് കാരണമായത്. പിൻവലിക്കലിനെത്തുടർന്ന് *ഡി.സി. ബുക്സ്* നോവൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. *മീശ*യുടെ ഇംഗ്ലീഷ് പരിഭാഷയായ *മസ്റ്റാഷ്* 2020ൽ 25 ലക്ഷം ഇന്ത്യൻ രൂപ പാരിതോഷികമുള്ള ജെ.സി.ബി സാഹിത്യ പുരസ്കാരത്തിന് അർഹമായി. ഇംഗ്ലീഷ് പരിഭാഷ നിർവഹിച്ചത് പ്രവാസി മലയാളിയായ ജയശ്രീ കളത്തിലാണ് 2019ലെ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. ഇന്ത്യൻ എഴുത്തുകാരനും വിവർത്തകനും തിരക്കഥാകൃത്തുമായ എസ്. ഹരീഷുമായി ഒരു ഇന്റർവ്യൂ.**


*തയ്യാറാക്കിയത്:*

ഷാഹുദ് അലി | ഹംന എൻ.ടി | നഫ്‌ല

*? ആദ്യത്തെ നോവൽ 'മീശ' ഒരുപാട് സമയമെടുത്താണ് താങ്കൾ എഴുതിയത്. ഈ നോവലിന്റെ പശ്ചാത്തലത്തിലേക്ക് എത്താൻ ഉണ്ടായ സാഹചര്യം?*

എഴുതി തുടങ്ങിയ സമയം മുതൽ തന്നെ നോവൽ എഴുതാൻ താൽപര്യമുണ്ടായിരുന്നു. അതെന്തായിരിക്കുമെന്നോ, എങ്ങനെയാവുമെന്നോ, എന്നതിനെക്കുറിച്ചുള്ള ചിത്രം ഒന്നും അന്നില്ല. നോവലിന് മുമ്പ് കഥകളാണ് എഴുതിയിരുന്നത്. നോവൽ എഴുതുമ്പോൾ നാടായ നോർത്ത് കുട്ടനാട് അതിലേക്ക് കൊണ്ട് വരണം എന്നാഗ്രഹമുണ്ടായിരുന്നു. വിശാലമായ പാടങ്ങളും, നീണ്ടു നിവർന്നു കിടക്കുന്ന ആമ്പൽക്കുളങ്ങളും മറ്റനവധി നാടൻ കാഴ്ചകളും ഈ നാടിന്റെ പ്രത്യേകതയാണ്. ഈ നോവലിലെ 'വാവച്ചൻ' എന്ന കഥാപാത്രം നാട്ടിൽ ജീവിച്ചിരിപ്പുണ്ടായ ആളാണ്. ചെറുപ്പം മുതൽ തന്നെ അറിയുന്ന വ്യക്തിയാണ് വാവച്ചൻ. പുള്ളിക്കാരൻ വലിയ മീശ ഉള്ള ആളായിരുന്നു. അതുകൊണ്ടുതന്നെ എല്ലാവർക്കും വാവച്ചനെ പേടിയായിരുന്നു, അദ്ദേഹം ആരെയും ഉപദ്രവിച്ചിട്ടില്ലെങ്കിൽപോലും. വാവച്ചൻ ഒരു പുലയനാണ്. എന്റെ അച്ഛൻ റേഷൻ കട നടത്തിയിരുന്നു. അവിടുത്തെ നിത്യസന്ദർശകനായിരുന്നു വാവച്ചൻ. പഠിച്ചു കൊണ്ടിരിക്കുന്ന കാലത്ത് ഞാനും കടയിൽ അച്ഛനോടൊപ്പം സഹായിക്കാൻ നിൽക്കുമായിരുന്നു. അന്നൊക്കെ വാവച്ചനെ കാണുകയും സംസാരിക്കുകയും പതിവായിരുന്നു. വാവച്ചന്റെ മരണശേഷമാണ് ഞാനറിയുന്നത് അദ്ദേഹം ഒരു നാടകത്തിൽ പോലിസ് വേഷം അഭിനയിക്കുന്നതിന് വേണ്ടിയാണ് മീശ വളർത്തിയതെന്നും പിന്നീടാണ് അത് ശീലമാക്കിയതെന്നും. ഈ നോവലിന് വേണ്ടി കുട്ടനാട് മുഴുവൻ നടക്കുകയും പഴയ ആളുകളുമായി സംസാരിക്കുകയും ചെയ്തിരുന്നു. ഒരു റിസർച്ച് ചെയ്യുന്ന പോലെയാണ് ഞാൻ വർക്ക് ചെയ്തത്.

**രാമായണത്തിൽ ഒരു അലക്കുകാരൻ സീതയെക്കുറിച്ച് മോശമായി സംസാരിക്കുന്നുണ്ട്. അലക്കുകാരൻ രാമായണത്തിലെ ഒരു കഥാപാത്രമാണ്. ഇതുപറഞ്ഞ് ആരും വാൽമീകിയെ തല്ലികൊല്ലാൻ നടക്കുന്നില്ലല്ലോ?**

*? 'മീശ'യിലെചില വാക്യങ്ങൾ/പ്രയോഗങ്ങൾ വളരെ വലിയ വിവാദമായിരുന്നു. ആ പ്രയോഗങ്ങൾ വന്നത് എവിടെ നിന്നാണ്?*

മലയാളത്തിലെഏതൊരു സാഹിത്യകൃതി എടുത്തു നോക്കിയാലും ഇത്തരത്തിലുള്ള പ്രയോഗങ്ങൾ സാധാരണമാണ്. ഇത് മനഃപൂർവം ഒരു പ്രശ്നമാക്കിയതാണ്. ബഷീറിന്റെയും തകഴിയുടെയും എഴുത്തുകളിലൊക്കെ ഇത്തരത്തിലുള്ള പ്രയോഗങ്ങൾ വന്നിട്ടുണ്ട്. ഇതൊക്കെ എഴുത്തിൽ സ്വാഭാവികമായും വരുന്ന കാര്യങ്ങളാണ്. നോവൽ എഴുതി ഒരു വർഷത്തിനു ശേഷമാണ് പ്രസിദ്ധീകരിച്ചത്. അതിനിടയിൽ വളരെ അടുത്ത സുഹൃത്തുക്കൾക്ക് വായിക്കാൻ കൊടുത്തിരുന്നു. കവി രേണുകുമാർ, അദ്ദേഹത്തിന്റെ ഭാര്യ രേഖരാജ്, എന്റെ ഭാര്യ എന്നി






ങ്ങനെ പത്തോളം പേർ വായിച്ചിട്ടുണ്ടായിരുന്നു.

? *ഒരു വിഭാഗത്തിലെ കുറച്ച് പേർക്ക് മാത്രമാണ് ഇതൊരു പ്രശ്നമായി തോന്നിയത്. രണ്ടുമൂന്നു ആഴ്ചകളോളം ന്യൂസ് ചാനലുകളിലെ ചർച്ചാവിഷയമായിരുന്നു. ഇത്രമാത്രം വിവാദമാക്കാൻ എന്താണിതിലുള്ളത്?*

ഇത് ചോദിക്കേണ്ടത്വിവാദമുണ്ടാക്കിയവരുടെ അടുത്താണ്. സാഹിത്യത്തെക്കുറിച്ച് യാതൊരുവിധ ധാരണയുമില്ലാത്തവരാണവർ. രാമായണത്തിൽ ഒരു അലക്കുകാരൻ സീതയെക്കുറിച്ച് മോശമായി സംസാരിക്കുന്നുണ്ട്. അലക്കുകാരൻ രാമായണത്തിലെ ഒരു കഥാപാത്രമാണ്. ഇതുപറഞ്ഞ് ആരും വാൽമീകിയെ തല്ലികൊല്ലാൻ നടക്കുന്നില്ലല്ലോ? പുസ്തകങ്ങൾ വായിക്കാത്തതിന്റെ വിവരക്കേടിൽ നിന്നും ഉണ്ടാകുന്നതാണ് ഇത്തരം കാര്യങ്ങൾ. ഇതൊരു വിവാദമാവാൻ മറ്റു കാരണങ്ങൾ ഉണ്ടെന്ന് തോന്നുന്നു. അതിലൊന്ന് ഈ നോവൽ *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കപ്പെട്ടു എന്നതാണ്. ഒരു കൂട്ടം വിശ്വസിക്കുന്നത് *മാതൃഭൂമി* അവരുടെ പത്രമാണെന്നാണ്. *മാതൃഭൂമി* പത്രം വായിക്കുന്നത് നായൻമാർ പോലെയുള്ള സവർണസമുദായത്തിൽ പെട്ടവരാണ്. ഈ പ്രശ്നം ഉണ്ടാക്കിയതുകൊണ്ട്അവർക്കൊരു ഹിന്ദു ഏകീകരണം സൃഷ്ടിക്കാൻ സാധിച്ചു. കേരളത്തിലെ അമ്പലങ്ങൾ ഇന്ന് നൂറു ശതമാനവും ബി.ജെ.പിക്കാരുടെ കൈയിലാണ്. ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങൾ പോലും ഇപ്പോൾ അവരാണ് ഭരിക്കുന്നത്. എന്നെ വിളിച്ചു തെറിപറഞ്ഞ ആൾക്കാർക്ക് ഇതൊരു നോവൽ ആണെന്ന് പോലും അറിയില്ലായിരുന്നു. ചിലർ വിചാരിച്ചത് ഇതൊരു ലേഖനമാണെന്നാണ്. അതുപോലും അവർക്കറിയില്ല.

**ഞാൻ സ്വയം പിൻവലിച്ചില്ലായിരുന്നെങ്കിൽ, അവരത് നിർത്തുമായിരുന്നു. അതിനെക്കുറിച്ച് വ്യക്തമായ അറിയിപ്പ് കിട്ടിയിരുന്നു. ആ സമയത്ത് പിൻവലിച്ചില്ലായിരുന്നെങ്കിൽ, അത്ചിലപ്പോൾ ഒരു കലാപമായി അവസാനിക്കുമായിരുന്നു.**

? *പത്ത് പേർക്ക് വായിക്കാൻ കൊടുത്തു. അവരിൽ നിന്നും അഭിപ്രായം കിട്ടിയതിന് ശേഷമാണോ പ്രസിദ്ധീകരിച്ചത്? ഇങ്ങനെയൊരു വിവാദം പ്രതീക്ഷിച്ചിരുന്നോ?*

വായിക്കാൻ കൊടുത്തത് അഭിപ്രായമെടുക്കാൻ വേണ്ടി ആയിരുന്നില്ല. ഇങ്ങനൊരു വിവാദം പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നില്ല. വിവാദങ്ങൾ വരുമെന്ന് വിചാരിച്ചത് വേറെ പല പ്രയോഗങ്ങൾക്കായിരുന്നു. തിരുവിതാംകൂർ രാജകുടുംബത്തെയും ദലിതരെക്കുറിച്ചും പരാമർശങ്ങൾ ഉണ്ട്. പക്ഷേ ദലിതർ കൂടെ നിൽക്കുകയാണ് ചെയ്തത്.

*?അപ്പോഴത്തെ മാനസികാവസ്ഥ എന്തായിരുന്നു?*

ആ സമയത്ത് ഞാൻ ചെറുതായി ഡിപ്രസ്സ്ഡ് ആയിരുന്നു.കാരണം ഒരുപാടുകാലം ആഗ്രഹിച്ച എന്റെ നോവൽ

പുറത്തിറക്കി, വെറും രണ്ടാഴ്ചകൾക്ക് ശേഷം ഒരു കാരണവുമില്ലാതെ പിൻവലിക്കപ്പെടുകയും ചെയ്തു. അതിനുപുറകെ *മാതൃഭൂമി*യുടെ എഡിറ്റർ രാജിവെച്ചു. എന്റെ ഭാര്യയുടെയും മക്കളുടെയും ഫോട്ടോസോഷ്യൽ മീഡിയകളിൽ പോസ്റ്റ് ചെയ്ത് തെറിവിളിക്കുകയും ചെയ്തു. തൊട്ടപ്പുറത്തെ വീട്ടുകാർ വരെ സംസാരിക്കാതെയായി. ചെറുപ്പം മുതലേ അറിയുന്നതാണവരെ.

? *നോവൽ പിൻവലിക്കാൻ ഉണ്ടായ സാഹചര്യം*

ഞാൻ സ്വയം പിൻവലിച്ചില്ലായിരുന്നെങ്കിൽ, അവരത് നിർത്തുമായിരുന്നു. അതിനെക്കുറിച്ച് വ്യക്തമായ അറിയിപ്പ് കിട്ടിയിരുന്നു. ആ സമയത്ത് പിൻവലിച്ചില്ലായിരുന്നെങ്കിൽ, അത്ചിലപ്പോൾ ഒരു കലാപമായി അവസാനിക്കുമായിരുന്നു. പിൻവലിച്ചതുകൊണ്ട്, അതുകഴിഞ്ഞ് രണ്ടാഴ്ച കൊണ്ട് നോവൽ പുസ്തകമായി പ്രസിദ്ധീകരിക്കാൻ സാധിച്ചു. പുസ്തകം പെട്ടെന്നിറക്കാനുള്ള ആലോചനയൊന്നും അന്നുണ്ടായില്ല. അപ്പോഴാണ് അവർ ഇന്ത്യ മുഴുവൻ കേസ് കൊടുക്കാൻ പോവുകയാണ് എന്നറിഞ്ഞത്. ആ സാഹചര്യത്തിലാണ് പുസ്തകം പുറത്തിറക്കിയത്. അവർ കേസുമായി ചെന്നെത്തിയത്സുപ്രീം കോടതിയിലാണ്. കോടതിവിധി നമുക്കനുകൂലമായിരുന്നു.

? *ഒരു വിഭാഗത്തിലെ കുറച്ചു പേർക്കു മാത്രമായിരുന്നു പ്രശ്നം. ബാക്കിയുള്ള കേരള സമൂഹം പ്രതികരിച്ചതെങ്ങനെ?*

ഗവൺമെന്റിന്റെ പിന്തുണ കിട്ടിയിരുന്നു; ഇന്നാണെങ്കിൽ അത്ര പിന്തുണ കിട്ടുമോ എന്നറിയില്ല. നാട്ടിലെസുഹൃത്തുക്കളും പൂർണ പിന്തുണയായിരുന്നു. ബുദ്ധിജീവികളുടെ ഭാഗത്ത് നിന്നൊന്നും പ്രതികരണങ്ങൾ ഉണ്ടായിരുന്നില്ല. പക്ഷേ സാധാരണ ജനങ്ങൾ കൂടെ നിന്നു. ഈ പിന്തുണകൾ ഉണ്ടായിരുന്നില്ലെങ്കിൽ പുസ്തകം പുറത്തിറക്കാൻ സാധിക്കില്ലായിരുന്നു. *ഡി.സി ബുക്സ്* ധൈര്യപൂർവം പ്രസിദ്ധീകരിച്ചു. അവർക്കും പല ബുദ്ധിമുട്ടുകളും വരാനുള്ള സാധ്യതയുണ്ടായിരുന്നു. കേരളത്തിലായതുകൊണ്ടാണ് ഇങ്ങനെ ചെയ്യാൻ സാധിച്ചത്. പെരുമാൾ മുരുകന്റെ കാര്യം നോക്കുകയാണെങ്കിൽ, അദ്ദേഹം ഒരു ഗ്രാമവാസിയായിരുന്നു. അദ്ദേഹത്തിന്റെ എഴുത്തിനെതിരെ ആ നാട്ടിൽ പ്രശ്നമുണ്ടാവുകയും പിന്നീടൊരിക്കലും ആ നാട്ടിലേക്ക്തിരിച്ചു പോവാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല. പോലീസ് എസ്കോർട്ടോടു കൂടിയാണ് അദ്ദേഹം ഇപ്പോഴും നടക്കുന്നത്.

**ബുദ്ധിജീവികളുടെ ഭാഗത്ത് നിന്നൊന്നും പ്രതികരണങ്ങൾ ഉണ്ടായിരുന്നില്ല. പക്ഷേ സാധാരണ ജനങ്ങൾ കൂടെ നിന്നു. ഈ പിന്തുണകൾ ഉണ്ടായിരുന്നില്ലെങ്കിൽ പുസ്തകം പുറത്തിറക്കാൻ സാധിക്കില്ലായിരുന്നു.**



? *നമ്മുടെ ഭരണഘടനയിലെ* Article 10 : Right to freedom of speech and expression *എന്നതാണ്. കോടതിവിധി താങ്കൾക്ക് അനുകൂലമായിരുന്നെങ്കിൽ പോലും, ഈ കാലഘട്ടത്തിലെ കവികൾക്കും കഥാകൃത്തുകൾക്കും ആവിഷ്കാര സ്വാതന്ത്ര്യം കുറവാണ് എന്ന് തോന്നുന്നുണ്ടോ?*

തീർച്ചയായും ഉണ്ട്. ആവിഷ്കാര സ്വാതന്ത്ര്യം കേരളത്തിൽ ഉണ്ടെന്ന് പറഞ്ഞാലും, മറ്റൊരു തരത്തിൽ ഇല്ല എന്ന് പറയാം. ചിലതിനെ ഒന്നും



നമുക്ക് തൊടാൻ കഴിയില്ല (ജാതിയും മതവും). സാധാരണയായി എഴുത്തുകാർ എഴുതുന്നതാണ് ഇതൊക്കെ, പക്ഷേ, ഇതൊന്നും അവർ വായിക്കാറില്ല. സോഷ്യൽ മീഡിയകൾ വന്നതോടുകൂടി അവർക്ക് എന്ത് കിട്ടിയാലും പ്രതികരിക്കാൻ ഒരു സ്ഥലം കിട്ടുകയാണ് ചെയ്തത്. *മീശ*യെത്തുടർന്നുള്ള വിവാദങ്ങൾക്കുശേഷം അബോധപൂർവമായ ഒരു സെൻസർഷിപ്പ് പല എഴുത്തുകാരും, മാഗസിനുകളും തുടങ്ങിയിട്ടുണ്ട്. *മീശ*യെക്കുറിച്ചുള്ള ലേഖനങ്ങൾ പോലും ഒരു മാസികയിലും പ്രസിദ്ധീകരിക്കില്ലായിരുന്നു. 'ജെ.സി.ബി അവാർഡ്' ലഭിച്ചതിന് ശേഷമാണ് എഴുതിത്തുടങ്ങിയത്. ഇവർ ചെയ്തിരുന്ന ഒരു പണി *മാതൃഭൂമി*യുടെ പരസ്യം കുറക്കുക എന്നതായിരുന്നു. പരസ്യം മുടങ്ങി കഴിഞ്ഞാൽ അത് കാര്യമായി അവരുടെ നിലനിൽപ്പിനെ ബാധിക്കും. ഒരു മാധ്യമവും ബി ജെ പിയെ ആക്രമിക്കുകയില്ല, കാരണം അവർ വലിയ സാമ്പത്തിക ശക്തിയാണ്. സ്ഥാപനങ്ങളെ പൂട്ടിക്കാനുള്ള കഴിവ് അവർക്കുണ്ട്.

**മീശയെത്തുടർന്നുള്ള വിവാദങ്ങൾക്കുശേഷം അബോധപൂർവമായ ഒരു സെൻസർഷിപ്പ് പല എഴുത്തുകാരും, മാഗസിനുകളും തുടങ്ങിയിട്ടുണ്ട്. മീശയെക്കുറിച്ചുള്ള ലേഖനങ്ങൾ പോലും ഒരു മാസികയിലും പ്രസിദ്ധീകരിക്കില്ലായിരുന്നു.**

*? ജെസിബി അവാർഡ് വലിയ തുക സമ്മാനമായി ലഭിക്കുന്ന അവാർഡ് ആണ്. പ്രമുഖ എഴുത്തുകാർക്കൊന്നും ഇത് ലഭിച്ചിട്ടില്ല. ഈ അവാർഡിന്റെ മാനദണ്ഡങ്ങൾ എന്താണ്?*

ഇന്ത്യയിൽ അംഗീകരിക്കപ്പെട്ട 28 ഭാഷകളിൽ ഒന്നിലായിരിക്കണം രചന. അതോടൊപ്പം തന്നെ കൃതി ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ടാവുകയും വേണം. ഏഷ്യയിലെ ഏറ്റവും വലിയ അവാർഡാണിത്. ആദ്യം പത്ത് പേരടങ്ങുന്ന ബിഗ്‌ലിസ്റ്റ് പബ്ലിഷ് ചെയ്യും. രണ്ടു മാസങ്ങൾക്ക് ശേഷം ഷോർട്ട് ലിസ്റ്റ് പബ്ലിഷ് ചെയ്യും. അഞ്ച് അംഗങ്ങൾ അടങ്ങുന്ന ജൂറി ആണ്. എന്റെ കൂടെ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടത് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രമുഖ എഴുത്തു

കാരാണ്. എഴുത്തുകാരന് 25 ലക്ഷം രൂപയം വിവർത്തകന് 10 ലക്ഷം രൂപയുമാണ് ലഭിക്കുക.

*? 'മീശ' ഇംഗ്ലിഷിലേക്ക് തർജ്ജമ ചെയ്യുമ്പോൾ എഴുതിയ വാക്കുകളുടെ ഭംഗി നഷ്ടപ്പെടുമോ എന്ന പേടി ഉണ്ടായിരുന്നോ?*

ജയശ്രീ നല്ല ഉഗ്രൻ വിവർത്തകയാണ്. കോട്ടക്കൽ സ്വദേശിയാണ്. ജയശ്രീ വിവർത്തനം ചെയ്ത രണ്ടാമത്തെ പുസ്തകമാണ് *മീശ*. വളരെ ഗംഭീരമായാണ് ജയശ്രീ *മീശ* വിവർത്തനം ചെയ്തത്. വിവർത്തനം മോശമായാൽ പുസ്തകം ശ്രദ്ധിക്കപ്പെടുകയില്ല. ഒരു വിവർത്തനം മോശമായാൽ പിന്നീടൊരു വിവർത്തനത്തിന് സാധ്യതയില്ല. വിവർത്തകനെ തിരഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധാപൂർവം തെരഞ്ഞെടുക്കണം. ഇതുവരെ ജയശ്രീയുമായി ഫോണിൽ സംസാരിച്ചതല്ലാതെ, നേരിൽ കണ്ടിട്ടില്ല.

*? ആദ്യം വിവാദമുണ്ടാക്കിയവർ നോവൽ പ്രസിദ്ധീകരണത്തിന് ശേഷം പ്രശ്നമൊന്നും ഉണ്ടാക്കിയില്ലേ?*

വിവാദം ഉണ്ടാക്കിയവർ *ബാലരമ* പോലും വായിക്കാത്ത ആളുകളാണ്. അവർക്കിതിനെക്കുറിച്ച് ഒരു ധാരണയുമില്ല. പല ബി.ജെ.പിക്കാരും വിചാരിച്ചിരിക്കുന്നത് *മീശ* നിരോധിച്ചു എന്നാണ്. ഒരു ദിവസം ട്രെയിനിൽ തിരുവനന്തപുരത്തേക്ക് യാത്ര ചെയ്യുമ്പോൾ, ട്രെയിനിൽ പുസ്തകങ്ങൾ വിൽക്കുന്ന ഒരാൾ വന്നു പരിചയപ്പെട്ടിട്ട് പറഞ്ഞു, സർ കാരണം ആഴ്ചയിൽ ഒരിക്കലെങ്കിലും എനിക്ക് തെറി കേൾക്കാറുണ്ടെന്ന്. എന്താണ് കാര്യം എന്ന് തിരക്കിയപ്പോൾ ആണ് പറയുന്നത്, *മീശ* കാണുമ്പോൾ പലരും പ്രകോപിതരാവുകയും, നിരോധിച്ച പുസ്തകം കേന്ദ്ര സർക്കാരിന്റെ വണ്ടിയിലാണോ വിൽക്കുന്നതെന്നും ചോദിക്കുമത്രെ. അവർ വേറൊരു തരം ആളുകളാണ്. അവരെ ബോധ്യപ്പെടുത്തേണ്ട കാര്യം നമുക്കില്ല. എന്റെ കഥയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. *മീശ*യെതുടർന്നുള്ള വിവാദത്തിന് ശേഷം അത് പൈസ കൊടുത്തു വാങ്ങിയ അവാർഡ് ആണെന്ന് വരെ ആൾക്കാർ പ്രസംഗിച്ചു.

**വിവാദം ഉണ്ടാക്കിയവർ ബാലരമ പോലും വായിക്കാത്ത ആളുകളാണ്. അവർക്കിതിനെക്കുറിച്ച് ഒരു ധാരണയുമില്ല. പല ബി.ജെ.പിക്കാരും വിചാരിച്ചിരിക്കുന്നത് മീശ നിരോധിച്ചു എന്നാണ്.**



*? ഞങ്ങൾ പഠിക്കുന്ന പാഠഭാഗങ്ങളിൽ വരെ ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ഉണ്ട്. ഇത് പഠിച്ചു വളരുന്ന തലമുറ മനസ്സിലാക്കുന്നത് ഈ രീതിയിൽ എഴുതുന്നത് സാധാരണമാണ് എന്നാണ്. ഇതിനെക്കുറിച്ച് യുവ എഴുത്തുകാരോട് എന്താണ് പറയാനുള്ളത്?*

ധൈര്യപൂർവം എഴുതണം. ഇതൊക്കെ ജീവിതത്തിന്റെ ഭാഗമാണ്. ചിലത് വായിക്കുമ്പോൾ ചിലർ പ്രകോപിതരാകും. പക്ഷേ എഴുതാനുള്ള










അവകാശം നമ്മുടേതാണ്. ആരൊക്കെ എഴുതരുത് എന്ന് പറഞ്ഞാലും നമ്മൾ എഴുതണം. ആരും വന്ന് എഴുതിക്കോ എന്ന് പറയാൻ കാത്തു നിൽക്കേണ്ട. നമുക്ക് മുമ്പുള്ളവർ ധൈര്യപൂർവം എഴുതിയതുകൊണ്ടാണ് ഇന്ന് നമുക്ക് എഴുതാൻ പറ്റുന്നത്. അതുപോലെ വരും തലമുറയും എഴുതണം.

*? സിനിമ ഫീൽഡിലെ പ്രവർത്തനങ്ങൾ?*

രണ്ട് സിനിമകൾക്കാണ് കഥയെഴുതിയത്. ഒന്നാമത്തേത് *ഏദൻ*. അതൊരു ആർട്ട് മൂവി ആണ്. ഐ.എഫ്.എഫ്. കെയിൽ പ്രദർശിപ്പിച്ചിരുന്നു. സ്റ്റേറ്റ് അവാർഡും ലഭിച്ചു. പിന്നെ ചെയ്തത് *ജെല്ലികെട്ട്* എന്ന സിനിമയാണ്. ഓസ്കാർ നോമിനേഷൻ ലഭിച്ചിരുന്നു. പിന്നെ ചെയ്തത് *ചുരുളി* എന്ന പേരിൽ ഒരെണ്ണമാണ്. അതിന്റെ ഷൂട്ടിങ് നടന്നുകൊണ്ടിരിക്കുകയാണ്. സിനിമയിൽ പ്രവർത്തിക്കുന്ന ത്സുഹൃത്തുക്കൾ ഉള്ളതുകൊണ്ടാണ്. അല്ലാതെ നമുക്ക് പറ്റിയ സ്ഥലമല്ല അത്.

**ബഷീർ തലയോലപ്പറമ്പിൽ ആയിരുന്നപ്പോൾ അദ്ദേഹത്തെ ആരും ബഹുമാനിച്ചിട്ടില്ല, ബേപ്പൂർ എത്തിയപ്പോഴാണ്സുൽത്താൻ ആയത്. ഇവിടെ ഉള്ള ആളുകൾ മോശമാണ് എന്നല്ല ഞാൻ പറയുന്നത്, അവരിൽ മറ്റു പല ഗുണങ്ങളുണ്ട്.**

*? എഴുത്തിലേക്കുള്ള വരവ് ആരെങ്കിലും സ്വാധീനിച്ചിട്ടാണോ?*

ചെറുപ്പത്തിൽ വായിക്കുമായിരുന്നു. അടുത്തൊരു ലൈബ്രറിയുണ്ടായിരുന്നു. എന്റെ വീട്ടിൽ വേറെ എഴുത്തുകാരും വായനക്കാരൊന്നുമില്ല. കോളജിൽ പഠിക്കുമ്പോൾ *മാതൃഭൂമി* കഥാരചന മത്സരത്തിൽ പങ്കെടുത്തു. അങ്ങനെ പതുക്കെ എഴുതി തുടങ്ങിയതാണ്. ചെറുപ്പത്തിൽ രസകരമായ ഒരു സംഭവം നടന്നിട്ടുണ്ട്. എസ്.എസ്.എൽ.സി ബുക്കിൽ എക്സ്ട്രാ കരിക്കുലം ആക്ടിവിറ്റി എന്തെങ്കിലും എഴുതണമായിരുന്നു. എന്റെ അധ്യാപിക അന്നെഴുതിയത് താൻ പങ്കെടുത്തിട്ടു പോലും ഇല്ലാത്ത കഥാരചന മത്സരത്തിൽ സമ്മാനം കിട്ടി എന്നായിരുന്നു. മറ്റാരും സ്വാധീനിച്ചിട്ടൊന്നുമില്ല. കോട്ടയം അങ്ങനെ എഴുത്തുകാരെ പിന്തുണക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു നാടല്ല. ഇത് വേറൊരു തരം സ്ഥലമാണ്. ഇവിടെ എഴുത്തുകാരൻ ആണെന്ന് പറഞ്ഞു ഗമ കാണിച്ച് നടന്നിട്ടൊന്നും കാര്യമില്ല. ബഷീർ തലയോലപ്പറമ്പിൽ ആയിരുന്നപ്പോൾ അദ്ദേഹത്തെ ആരും ബഹുമാനിച്ചിട്ടില്ല, ബേപ്പൂരിൽ എത്തിയപ്പോഴാണ് 'സുൽത്താൻ' ആയത്. ഇവിടെ ഉള്ള ആളുകൾ മോശമാണ് എന്നല്ല ഞാൻ പറയുന്നത്, അവരിൽ മറ്റു പല ഗുണങ്ങളുണ്ട്. ●



# ജനാധിപത്യം അതിന്റെ മൂല്യം തിരിച്ചുപിടിക്കണം

**അഭയ കേസിൽ ഫാ തോമസ് കോട്ടൂരും സിസ്റ്റർ സെഫിയും ശിക്ഷിക്കപ്പെട്ടെങ്കിലും ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങൾ ഇപ്പോഴും ബാക്കിയാണ്. മരണത്തിന് മുമ്പ് അഭയ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നൊരു വാർത്ത പന്ത്രണ്ട് വർഷങ്ങൾക്ക് മുമ്പ് പുറത്തുവന്നിരുന്നു. ശ്രീജൻ ബാലകൃഷ്ണൻ പുറത്തുകൊണ്ടുവന്ന ഈ വാർത്തയ്ക്ക് പിന്നാലെയാണ് അഭയ കേസിന്റെ അന്വേഷണം വീണ്ടും സജീവമായത്. അന്നത്തെ പല പത്രവാർത്തകളും അഭയയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പുരുഷ ബീജത്തിന്റെ സാന്നിധ്യവും പറഞ്ഞിരുന്നു. അഭയക്കേസ് ആദ്യ കാലം മുതൽ തന്നെ റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകനാണ് ശ്രീജൻ ബാലകൃഷ്ണൻ. *മലയാള മനോരമ*യുടെ വിവിധ യൂണിറ്റുകളിൽ റിപ്പോർട്ടറായും സബ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ സീനിയർ റിപ്പോർട്ടർ, ചീഫ് റിപ്പോർട്ടർ, ബ്യൂറോ ചീഫ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ക്രൈം, ഇൻഫ്രാസ്ട്രക്ചർ, ഐടി, പൊളിറ്റിക്സ് തുടങ്ങി നിരവധി സ്പന്ദനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ *ടൈംസ് ഓഫ് ഇന്ത്യ*യിൽ മെട്രോ എഡിറ്ററായി ജോലി ചെയ്യുന്നു. സിസ്റ്റർ അഭയാ കേസ് വീണ്ടും സജീവമായ ഈ സമയത്ത് ശ്രീജൻ ബാലകൃഷ്ണനുമായി ഒരു ഇന്റർവ്യൂ.**

*തയ്യാറാക്കിയത്:*

ഷാഹുദ് അലി | ഹംന എൻ.ടി | നഫ്ല

*? തുടക്കം 'ഇന്ത്യൻ എക്സ്പ്രസ്സി'ൽ നിന്നായിരുന്നു. പെട്ടെന്നുള്ള കടന്നു വരവായിരുന്നു ടൈംസ് ഓഫ് ഇന്ത്യയിലേക്ക്. ആ സമയം താങ്കൾ നേരിടേണ്ടി വന്ന മാനസിക സംഘർഷങ്ങൾ എന്തൊക്കെയായിരുന്നു.*

*ടൈംസ് ഓഫ് ഇന്ത്യയും* ഇന്ത്യൻ എക്സ്പ്രസും, വാർത്തയെ വാർത്തയായി തന്നെ കാണുന്ന മാധ്യമങ്ങളാണ്. ഈ കേസിന്റെ വാർത്താമൂല്യം എന്നത് വളരെ ഉയർന്നതാണ്, മാത്രമല്ല ഇതിലടങ്ങിയിട്ടുള്ള സാമൂഹിക ഘടനയുടെ പങ്ക്, ഇരു മാധ്യമങ്ങളിലും പ്രാധാന്യം ലഭിച്ചിരുന്നു.



*? ഒരു ജേണലിസ്റ്റിനെ സംബന്ധിച്ച് ഒരു പക്ഷവും ചേരാതെ എഴുതണം എന്നതാണ്. രാഷ്ട്രീയപരമായും മതപരമായും തുടങ്ങിയ പത്രങ്ങൾ അവരവരുടെ പാർട്ടിയെ ഉയർത്തിക്കാട്ടുകയും മറ്റുള്ളവരെതാഴ്ത്തുകയും ചെയ്യുന്നു. ചില സമയങ്ങളിൽ പക്ഷം ചേർന്ന് എഴുതണം എന്ന സാഹചര്യത്തിലൂടെ കടന്നു പോയിരുന്നോ?*

ഓരോ മാധ്യമങ്ങൾക്കും ഓരോ കെയർ പോളിസിയുണ്ട്. അതിനെ വെല്ലുവിളിക്കുക എന്നത് അസാധ്യമാണ്. അതിൽ നിന്നുകൊണ്ട്, അതിന്റെ പുറത്തുള്ള കാര്യങ്ങൾ നന്നായി ചെയ്യുക എന്നുള്ളതാണ്. എല്ലാ മാധ്യമങ്ങൾക്കും പത്രം നടത്താം എന്നത് നമ്മുടെ ജനാധിപത്യം നൽകുന്ന സ്വതന്ത്ര്യമാണ്. അനീതികളെ ശ്രദ്ധിക്കുക, അവ തിരുത്താൻ ശ്രമിക്കുക എന്നുള്ളതിലാണ് പ്രാധാന്യം.

*? നീതി നടപ്പിലാക്കാൻ വേണ്ടിയിട്ട് തന്നെയാണ് കോടതികൾ സമയം തരുന്നത്. എന്നാലും നീതികൾ നടപ്പിലാകാതെ വരുന്നുണ്ട് എന്നത്സമൂഹത്തിന്റെ കാഴ്ചപ്പാടാണോ? അതോ ഇതാണോ വാസ്തവം?*

28 വർഷത്തിന് ശേഷം നീതി ലഭിക്കുന്നു എന്ന് പറയുന്നത് നമ്മുടെ സിസ്റ്റത്തിന്റെ പ്രശ്നം തന്നെയാണ്. ജുഡീഷ്യറിയിൽ നിർബന്ധിതമായ ചില പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നത് അത്യാവശ്യമാണെന്ന് ഈ കാലഘട്ടം തെളിയിക്കുന്നു.

*? ഇന്ത്യ ഒരു ജനാധിപത്യ രാജ്യം*



*ആണെന്നാണ് ചെറുപ്പം മുതലേ കേട്ടുവരുന്നത്. എന്നാൽ ഇന്ത്യയിൽ നടക്കുന്ന പല പ്രശ്നങ്ങൾ എടുത്തു നോക്കിയാലും ഇതൊക്കെ ഇവിടെതന്നെ നടക്കുന്നതാണോ എന്ന് പലപ്പോഴും ചിന്തിപ്പിക്കാറുണ്ട്. ഇന്ത്യ ഒരു ജനാധിപത്യ രാജ്യം ആണെന്ന് ഇന്നത്തെ കാലത്തിന്റെ അടിസ്ഥാനത്തിൽ പറയാൻ കഴിയുമോ?*

ജനാധിപത്യ രാജ്യം തന്നെയാണ്. പക്ഷേ, ജനാധിപത്യത്തിന്റെ ആഴവും പരപ്പുമെല്ലാം കുറഞ്ഞു വരികയാണ്. 10 വർഷം മുമ്പ് നിലനിന്നിരുന്ന ജനാധിപത്യം ഇന്ന് നില നിൽക്കുന്നില്ല. താഴെ തട്ടിൽ ജീവിക്കുന്നവരോടുള്ള അവഗണനയല്ല ജനാധിപത്യത്തിന് ഭംഗി നൽകുന്നത്. തദ്ദേശ തെരഞ്ഞെടുപ്പുകൾ നിലനിൽക്കുന്നിടത്തോളം ജനാധിപത്യം സജീവമാണ്.പക്ഷേ, കുറവുകൾ പരിഹരിക്കേണ്ടതാണ്.

**10 വർഷം മുമ്പ് നില നിന്നിരുന്ന ജനാധിപത്യം ഇന്ന് നില നിൽക്കുന്നില്ല. താഴെ തട്ടിൽ ജീവിക്കുന്നവരോടുള്ള അവഗണനയല്ല ജനാധിപത്യത്തിന് ഭംഗി നൽകുന്നത്. തദ്ദേശ തെരഞ്ഞെടുപ്പുകൾ നില നിൽക്കുന്നിടത്തോളം ജനാധിപത്യം സജീവമാണ്.**

? *സ്വതന്ത്രമായി നിൽക്കുന്ന ജേണലിസത്തെ കുറിച്ച് എന്താണ് പറയാൻ ഉള്ളത്?*

ഇന്നത്തെ കാലത്ത്, അത്തരം ജേണലിസം കൂടുതൽ ശ്രദ്ധ ആകർഷിക്കുന്നത്തന്നെയാണ്. അത്തരം ജേണലിസം തന്നെയാണ് ഇനിയുള്ള കാലങ്ങളെ ഭരിക്കുന്നത്. പക്ഷേ, മാധ്യമത്തിന്റെ യഥാർഥ ഘടനയെ കുറിച്ച് ഇത്തരം ജേണലിസതിന്ന് കാര്യമായ അറിവോ പങ്കോ ഇല്ല എന്നുള്ളതാണ് സത്യം. മാധ്യമ പ്രവർത്തകർക്ക് എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ ഇത്തരം മാധ്യമങ്ങളുടെ സജീവ ഇടപെടൽ അംഗീകാരം അർഹിക്കുന്നത് തന്നെയാണ്.

? *ഇന്നത്തെ മോദി സർക്കാറിന്റെ ഭരണം മാധ്യമങ്ങൾക്കുള്ളിലും അകപ്പെട്ടിട്ടുണ്ട്, ഇതിനെ കുറിച്ച്?*

ഡൽഹി പോലുള്ള ഭാഗങ്ങളിൽ സർക്കാരിന് അനുകൂലമായ വാർത്തകൾ പ്രചരിക്കുന്നു എന്നത് വാസ്തവം ആണ്. അത് മറ്റു ടിവി ചാനലുകളെ പോലുള്ള സംരംഭം മാത്രമാണ്. അവയെ ജേണലിസവുമായി ബന്ധപ്പെടുന്നില്ല, തികച്ചും വ്യത്യസ്തമാണ്.

? *ചില വാർത്തകൾക്ക് പത്രത്തിൽ പ്രാധാന്യം വരാറുണ്ട്. ചിലത് പ്രാധാന്യം ഉള്ളതാണെങ്കിലും വീക്ഷണം മൂലം സ്വാധീനം ചെലുത്താറുമില്ല. ഇതിനെ കുറിച്ച് പറയാൻ ഉള്ളത്?*

അടിസ്ഥാനപരമായി വാർത്തകൾ എന്ന് പറയുന്നത് ബന്ധപ്പെടുത്താവുന്നത് ആണ്. ഒരാൾക്ക് പ്രാധാന്യം ഉള്ളതായി തോന്നുന്നത്മറ്റൊരാൾക്ക് അങ്ങനെ തന്നെ ആവണമെന്നില്ല. ഇവിടെ എഡിറ്റർക്ക് ഉള്ള സ്വാധീനം എന്നുള്ളത് പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. പരിശീലനവും പരിശ്രമവും കൊണ്ട്ഓരോ കാര്യങ്ങളെയും വീക്ഷിക്കുക എന്നുള്ളതാണ് മറ്റൊന്ന്. ●

ജുനൈന
എം.എസ്.സി സുവോളജി



# ഭൂമിയുടെ അവകാശികൾ

2020 ഡിസംബർ 11ന് എറണാകുളം പറവൂരിനടുത്ത് വളർത്തിയിരുന്ന നായയെ ഉടമ തന്റെ കാറിന് പിറകിൽ കെട്ടിയിട്ട് റോഡിലൂടെ വലിച്ചിഴച്ച് കൊണ്ടുപോകുന്ന ദൃശ്യം ഏറെ വേദനയോടെയാണ് നമ്മൾ കണ്ടത്. പലരും ക്രൂരകൃത്യത്തെ അപലപിച്ചുകൊണ്ട് സോഷ്യൽ മീഡിയയിൽ പോസ്റ്റുകൾ എഴുതി, ചിലർ നിയമപരമായ ശിക്ഷ ലഭിക്കണമെന്ന് ആവശ്യം ഉന്നയിച്ചു. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. ഏതാനും മാസങ്ങൾക്ക് മുമ്പാണ് പാലക്കാട് ഗർഭിണിയായ കാട്ടാന സ്ഫോടക വസ്തുക്കൾ നിറച്ച കൈതച്ചക്ക കഴിച്ച് സാരമായ പരിക്കേറ്റ് ദിവസങ്ങളോളം വേദന സഹിച്ച് ദാരുണമായി മരണത്തിന് കീഴടങ്ങിയത്. അന്നും ഇത്തരം സോഷ്യൽ മീഡിയ പ്രതിഷേധങ്ങൾക്കും മറ്റും നമ്മൾ സാക്ഷികളായി. ജീവജാലങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നിയമങ്ങൾ നിലനിൽക്കെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതെങ്ങനെ?

‘മനുഷ്യന് എങ്ങനെയാണ് ഇത്രയും ക്രൂരനാവാൻ സാധിക്കുന്നത്...?’ ‘അവൻ/അവൾക്ക് വല്ല മാനസിക പ്രശ്നവും ആയിരിക്കും...’ ‘അവരെ ഉപദ്രവിച്ചത് കൊണ്ടാവാം അങ്ങനെ ചെയ്തത്’... ഇത്തരം ചോദ്യങ്ങളും വാദങ്ങളുമായി ഓരോ സംഭവങ്ങളെയും നമ്മൾ തള്ളിക്കളയുന്നു. എന്നാൽ, എന്തിനെയും കീഴടക്കാം എന്ന മനുഷ്യ മനസ്സിന്റെ അഹന്തയിൽ നിന്നാണ് എല്ലാം തുടങ്ങുന്നത്. രാജ ഭരണ കാലങ്ങളിൽ വേട്ടയാടുന്നതിലും കൊല്ലുന്നതിലും ആനന്ദം കണ്ടെത്തിയിരുന്ന രാജാക്കന്മാർക്ക് തങ്ങളുടെ യശസ്സുയർത്താനുള്ള മാർഗമായിരുന്നു മൃഗവേട്ട. മൃഗങ്ങളെ വേട്ടയാടി കൊല്ലാതെ കൊല്ലുന്ന വിനോദം. പാരമ്പര്യമായി ഇന്ത്യയിൽ പശു, ആന, മയിൽ, കുരങ്ങ്, പാമ്പ് തുടങ്ങിയ ജീവികളെ ഹൈന്ദവ വിശ്വാസ പ്രകാരം ബഹുമാനിക്കുകയും പൂജിക്കുകയും ചെയ്തിരുന്നതിനാൽ ഇത്തരം ജീവികൾ വേട്ടയാടപ്പെടുന്നതിനുള്ള സാഹചര്യം കുറവായിരുന്നു. എന്നാൽ രാജാക്കന്മാരുടെ ക്രൂരവിനോദം പല ജീവികളെയും വംശനാശ

ഭീഷണിയിലേക്ക് തള്ളിവിടുകയാണുണ്ടായത്. സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യയിൽ മൃഗസംരക്ഷണത്തിനായി നിയമങ്ങൾ നിലവിൽ വരികയും സംരക്ഷിത മേഖലകളുടെ പ്രഖ്യാപനങ്ങൾ ഉണ്ടാവുകയും ചെയ്തു. നിയമം ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷയും പിഴയും അനുശാസിക്കുന്നു.

ഇത്തരം കടുത്ത നിയമങ്ങൾ നിലനിന്നിട്ടും മൃഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ ഒട്ടും കുറയുന്നില്ല എന്ന സത്യവും അംഗീകരിക്കേണ്ടത്.

കായ്കനികൾ ഭക്ഷിച്ചും വേട്ടയാടിയും ജീവിച്ചിരുന്ന ആദിമ മനുഷ്യനിൽ നിന്നും പരിണാമം സംഭവിച്ച് ആധുനിക മനുഷ്യനിലേക്ക് എത്തുമ്പോൾ മനുഷ്യൻ സാമൂഹ്യജീവിയാവുകയും സഹജീവികളോട് കൂടുതൽ ഇണങ്ങി ജീവിക്കാനും അവയെ ഉപദ്രവിക്കാതെ പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താനും പഠിച്ചു. എന്നിരുന്നാലും ലോകം തന്റെ കാൽകീഴിൽ ആണെന്ന് വിശ്വസിക്കുന്ന മനുഷ്യൻ തനിക്ക് എന്തും ചെയ്യാം, ചോദിക്കാനും പറയാനും ആരും വരില്ലെന്ന ധാരണയും കൊണ്ട് പലതരം അതിക്രമങ്ങൾ നടത്തുന്നു. പലരും തങ്ങളുടെ മാനസിക വിഭ്രാന്തിയും ടെൻഷനും വളർത്തുമൃഗങ്ങളെ അടിച്ചുകൊണ്ടും ഉപദ്രവിച്ചുകൊണ്ടും തീർക്കാറുണ്ട്. പൂച്ചയെ ഫാനിൽ കെട്ടിത്തൂക്കിയ സംഭവം നമ്മൾക്കറിയുന്നതാണ്. നോർത്തീസ്റ്റേൺ യൂണിവേഴ്സിറ്റിയും മസാച്ചുസെറ്റ്സ് SPCA (US)യും സംയുക്തമായി നടത്തിയ പഠനത്തിൽ കണ്ടെത്തിയത് മൃഗങ്ങളോട് ക്രൂരമായി പെരുമാറുന്നവർ അതിനേക്കാൾ അഞ്ച് മടങ്ങ് ക്രൂരകൃത്യങ്ങൾ മനുഷ്യന് നേരെയും ചെയ്യാൻ സാധ്യതയുണ്ടെന്നാണ്.

തമിഴ്നാട്ടിൽ പരമ്പരാഗതമായി നടന്നിരുന്ന 'ജെല്ലിക്കെട്ട്' കാളകളോടുള്ള അതിക്രമമാണെന്ന് കണ്ടെത്തി ജെല്ലിക്കെട്ട് നിരോധിച്ച് കൊണ്ട് 2014ൽ സുപ്രീംകോടതി വിധി പറഞ്ഞെങ്കിലും 2017ലെ ഭേദഗതി [Prevention of Crueltiy to Animals (Tamil Nadu Amendment) Act] പ്രകാരം പാരമ്പര്യ വിനോദമെന്ന രീതിയിൽ ജെല്ലിക്കെട്ടിന് അനുമതി ലഭിക്കുകയാണുണ്ടായത്. മനുഷ്യൻ വിനോദമായി കണ്ടെത്തുന്നത് മറ്റു ജീവികൾക്ക് എത്രത്തോളം പ്രയാസമുണ്ടാക്കുന്നതാണെന്ന് ഒരിക്കൽ പോലും ചിന്തിക്കാറില്ല.

**മനുഷ്യൻ വിനോദമായി കണ്ടെത്തുന്നത് മറ്റു ജീവികൾക്ക് എത്രത്തോളം പ്രയാസമുണ്ടാക്കുന്നതാണെന്ന് ഒരിക്കൽ പോലും ചിന്തിക്കാറില്ല.**

നേരത്തെ സൂചിപ്പിച്ച ആനയുടെ സംഭവം പരിശോധിച്ചാൽ കർഷകൻ തന്റെ കൃഷി നശിപ്പിക്കുന്നത് തടയാൻ ഉപയോഗിച്ച സ്ഫോടകവസ്തുക്കൾക്ക് ഗർഭിണിയായ ആന ഇരയാവുകയായിരുന്നു. ഇവിടെ കർഷകനെ ന്യായീകരിക്കാമെങ്കിലും ആന കാട് വിട്ട് നാട്ടിലേക്ക് ഇറങ്ങേണ്ടിവരുന്ന സാഹചര്യത്തിന് നാം മനുഷ്യർ തന്നെയാണ് ഉത്തരവാദികൾ. അവരുടെ ആവാസ വ്യവസ്ഥ നമ്മൾ കൈയേറുമ്പോൾ ഭക്ഷണവും മറ്റും തേ





ടി കാട് വിട്ട് ഇറങ്ങുന്നതിൽ നമുക്ക് തെറ്റ് പറയാമോ? മനുഷ്യനെന്ന പോലെ ഏതൊരു ജീവിക്കും വിശപ്പ് തന്നെയാണ് ഏറ്റവും വലിയ വികാരം. മാരകമായ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിന് പകരം നിരുപദ്രവകരമായ മറ്റ് കൃഷി സംരക്ഷണ മാർഗങ്ങൾ അവലംബിക്കേണ്ടതുണ്ട്.

നാഷണൽ പാർക്കുകളും വൈൽഡ്ലൈഫ് സാൻചറികളും പ്രത്യേക നിയമപ്രകാരം ജീവജാലങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ട് സംരക്ഷണം നൽകുമ്പോഴും ഇത്തരം മേഖലകളിൽ പോലും ജീവികൾ പലതരം അതിക്രമങ്ങൾക്കും ഇരയാവുന്നു. 2019ൽ ഉത്തർ പ്രദേശിലെ പിലിഭിത് ടൈഗർ റിസർവിൽ പെൺകടുവയെ വടി കൊണ്ട് അതിക്രൂരമായ മർദ്ദിക്കുകയുണ്ടായി. 2019ൽ തന്നെ സെപ്തംബർ മാസത്തിൽ നീൽഗായി (Antelope) യെ കുഴിയിലേക്ക് തള്ളിയിടുകയും ജീവനോടെ കുഴിച്ച് മൂടുകയുമുണ്ടായി. വാഹനങ്ങളുടെ അടിയിൽ പെട്ട് ചതഞ്ഞരയുന്ന ജീവികൾ ഒരുപാടാണ്. 2015 മുതൽ 2018 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്ത്യയുടെ പല ഭാഗങ്ങളിലായി 49 ആനകൾ റോഡ് റെയിൽ അപകടങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട്. നാഗ്പൂരിൽ 4 മാസം (2019) കൊണ്ട് വാഹനാപകടത്തിൽ ജീവൻ നഷ്ടമായത് ആയിരത്തിലധികം തെരുവ് മൃഗങ്ങൾക്കാണ്. നമ്മുടെ അശ്രദ്ധ മൂലം പൊലിയുന്ന ജീവനുകൾ...

**ഈ ഭൂമി എന്നെ പോലെ മറ്റ് ജീവികൾക്കു അവകാശപ്പെട്ടതാണെന്ന ബോധത്തോടെ സഹജീവികളാട് സ്നേഹവും കരുണയുമായി മനുഷ്യൻ സഹവാസിക്കും വരെ ഇത്തരം അതിക്രമങ്ങൾ തുടർന്നു കൊണ്ടിരിക്കും.**

വളർത്തുമൃഗങ്ങളെ ഉപദ്രവിക്കുന്ന വീഡിയോകൾ എടുത്ത് *ടിക്ക്ടോകി*ൽ ഇട്ട് ആനന്ദം കണ്ടെത്തുന്ന ഒരുപാട് പേരുണ്ട്. സർക്കസുകളിലും മറ്റും ക്രൂരമായ പീഡനങ്ങൾക്ക് ഇരയാവുന്ന ജീവികൾ പലതാണ്. നമ്മൾ അറിയാതെ പോവുന്ന എത്ര സംഭവങ്ങൾ ഉണ്ടാവും?...

ഇന്ത്യൻ പീനൽ കോഡ് സെക്ഷൻ 428 & 429, വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് (1972), പ്രിവൻഷൻ ഓഫ് ക്രുവൽറ്റി ടു അനിമൽ ആക്ട് (1960) തുടങ്ങിയ നിയമങ്ങൾ മൃഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ ചെറുക്കുന്നതിന് വേണ്ടിയാണ്. ഇത് ലംഘിച്ചാൽ ശക്തമായ ശിക്ഷകളുമുണ്ട് (തടവ്, പിഴ, ലൈസൻസ് റദ്ദാക്കൽ തുടങ്ങിയവ).

നിയമക്കുരുക്കുകൾ നിലനിൽക്കുമ്പോഴും മൃഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടുന്നത് ഏറെ പ്രയാസം സൃഷ്ടിക്കുന്നു. ഏത് നിയമത്തെയും വിലക്ക് വാങ്ങാമെന്ന ചിന്തയാണ് ഇതിലേക്ക് നയിക്കുന്നത്. രണ്ട് കൃഷ്ണമൃഗങ്ങളെ കൊന്നതിന് നടൻ സൽമാൻ ഖാൻ ജയിൽ ശിക്ഷ അനുഭവിക്കുകയും പിഴ നൽകുകയും ചെയ്തിട്ടുണ്ട്.

ഈ ഭൂമി എന്നെ പോലെ മറ്റ് ജീവികൾക്കു അവകാശപ്പെട്ടതാണെന്ന ബോധത്തോടെ സഹജീവികളാട് സ്നേഹവും കരുണയുമായി മനുഷ്യൻ സഹവസിക്കും വരെ ഇത്തരം അതിക്രമങ്ങൾ തുടർന്നുകൊണ്ടിരിക്കും. നിയമങ്ങൾ ഒരു വിട്ടുവീഴ്ചയും കൂടാതെ നടപ്പിൽ വരുത്തണം. കൂടുതൽ നിരീക്ഷണ സംവിധാനങ്ങൾ നിലവിൽ വരേണ്ടതുമുണ്ട്.●

വൈശാഖ്
എം എൽ ഐ എസ് സി

# പൂവ്

പൂവേ,
നിനക്കെന്തൊരു
വിധിയാണ്..!
പാതിജീവനിൽ
പൂജദ്രവ്യം..!
ആയുസ്സിൻ പാതിയിൽ
കഴുത്തറുത്തെടുത്തിട്ടും
നീ,
ചിരിക്കുന്നു പിന്നെയും.!
പിന്നെയും,
നറുമണം പരത്തുന്നു.!
ചത്തിട്ടും
നിനക്കെന്തൊരു
സ്വീകാര്യതയാണ്..!
അമ്പലത്തിൽ...
കല്ലറയിൽ...
കാതിലും,
എണ്ണമണക്കും മുടിയിഴകളിലും...!

ആയിശ സിദ
ഇംഗ്ലീഷ്

# പുനർജ്ജനി



എന്നെ ഇടിച്ചു നിരത്തി നീ
പാർപ്പിടം കണ്ടെത്തി
എന്റെ അസ്ഥി കൊണ്ട് നീ
കൊട്ടാരത്തിന് ചുമരുകളാക്കി
എന്റെ വേരു മുറിച്ച്
നീയതിന് വിന്നരയാക്കി
എന്റെ അവസാന ശ്വാസവും
വാരിയെടുത്തു നീയതിന്
ഉരുക്കിന്റെ ബലമേകി
ഒറ്റൈ ജീവനിലെ ഒരായിരം മിടുപ്പുകളിലെ
ഒരിറ്റു കരുണയില്ലാതെ നശിപ്പിച്ചു, നിന്റെയുള്ളിലെ
ഒരായിരം വേവലാതികൾക്ക് തുണയാവാൻ
ഇനിയുമെന്നിൽ ഒരൽപം ജീവനുണ്ട്
ഞാനുണ്ടാകും കൂടെ.



ഫാതിമ ഷജറിൻ
ബോട്ടണി

# കറ പിടിപ്പിച്ച പാരിൽ

I walk slowly, But I will never walk backward. ~Abraham Lincon

ചരിത്ര ഏടുകളിൽ പറഞ്ഞുപഠിച്ചതിലേറെയും നേരും നെറിയുമുള്ള ധിഷണാശാലികളായ ഭരണാധികാരികളെക്കുറിച്ചതായിരുന്നു. അടിമത്വത്തിനെതിരായി പോരാടിയ അബ്രഹാം ലിങ്കൺ, പൊതുക്ഷേമത്തിന് പ്രവർത്തിച്ച ഖലീഫമാർ തുടങ്ങി നിരവധിയാണ്. എന്നാൽ പിന്തുടർച്ചക്കാർക്ക് എവിടെയാണ് പിഴച്ചത്? ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് ഹിംസകൾ ആളിക്കത്തുകയാണ്. എന്തിനുവേണ്ടി, ആർക്കുവേണ്ടി, എങ്ങനെ എന്ന് നമ്മുടെ മനുഷ്യപ്പറ്റ് അമ്പരന്നു നിന്നു പോകും.

തീവ്രവാദം, മതമൗലികവാദം, ലിംഗനീതി, സംഘ്പരിവാറിന്റെ വിളയാടലുകൾ, ഭരണത്തിലെ ഇരട്ടത്താപ്പ് നയങ്ങൾ, വർഗീയവാദങ്ങൾ, പീഡനങ്ങൾ തുടങ്ങിയ ഹിംസകൾ ലോകത്തിന്റെ അങ്ങോളമിങ്ങോളം കൂത്താടുകയാണ്. നീതിയിലധിഷ്ഠിതമായ ഭരണം നടപ്പിലാക്കാനാവാത്തിടത്തോളം തീവ്രവാദം സംഭവിച്ചു കൊണ്ടിരിക്കും. മതം മനുഷ്യനന്മക്കുള്ളതാണ്. എന്നാൽ മതങ്ങൾ തിന്മ ചെയ്യാനായി ഉപയോഗിക്കുമ്പോൾ മതമൗലികവാദം ഉടലെടുക്കുന്നു

*"മതമേതായാലും മനുഷ്യൻ നന്നായാൽ മതി"* എന്ന ശ്രീനാരായണ ഗുരു കാലത്തിന് മുന്നേ പറഞ്ഞത് എത്രമേൽ അർഥവത്താണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ചെറുതും വലുതുമായി ആയിരക്കണക്കിന് കലാപങ്ങൾ നടന്നിട്ടുണ്ട്. മതത്തിന്റെയും ജാതിയുടെയും പ്രദേശങ്ങളുടെയും പാർട്ടികളുടെയും പേരിൽ അവയിന്നും തുടരുകയുമാണ്. തുടർച്ചയായി നടന്ന ബാബരി മസ്ജിദ് അയോധ്യ തർക്കം ഓർക്കുമ്പോൾ ഇന്നും നെഞ്ചിടിപ്പാണ്. മതങ്ങൾക്ക് മുകളിൽ മനുഷ്യസ്നേഹം പരക്കണമെന്ന് ആഗ്രഹിച്ച നിമിഷങ്ങളായിരുന്നു അത്. നൂറ്റാണ്ടുകൾ കടന്നുപോയപ്പോൾ അവസാനം എത്തി നിൽക്കുന്നത് സംഘ്പരിവാറിന്റെ തടവറക്കുള്ളിലാണ്. ഇന്ത്യയിൽ ജി.എസ്.ടി, നോട്ടുനിരോധനം തുടങ്ങിയ തലതിരിഞ്ഞ പരിഷ്കാരങ്ങളിൽ ജനജീ



വിതം ദുസ്സഹമായി തീർന്നു. സമ്പദ്‌വ്യവസ്ഥയെ പുറകോട്ട ടിക്കാൻ മാത്രമേ നോട്ടുനിരോധനം സഹായിച്ചിട്ടുള്ളൂ എന്ന് നിസ്സംശയം പറയാം.

ഈ രാജ്യത്തിന്റെ അവകാശികളെ അന്യവൽക്കരിക്കാനും ആട്ടിയോടിക്കാനും വേണ്ടി കൊണ്ടുവന്ന 'പൗരത്വ രജിസ്റ്റർ' 19 ലക്ഷത്തോളം മനുഷ്യരെയാണ് ആസാമിൽ മാത്രം അനിശ്ചിതത്വത്തിലാക്കിയത്. ഭരണഘടനയുടെ അടിസ്ഥാന ആശയങ്ങളെ പോലും വെല്ലുവിളിച്ച് തികഞ്ഞ വിവേചനത്തോടെയുള്ള നിയമങ്ങളും ഇതിന്റെ പിറകെ നിർമിച്ചു.

ആർട്ടിക്കിൾ 370 റദ്ദാക്കിയതും ജമ്മു കശ്മീരിന്റെ പ്രത്യേക പദവി എടുത്തു കളഞ്ഞതും തുടർന്നുള്ള അനിശ്ചിതകാല നിരോധനാജ്ഞയും എത്രമേൽ ആ ജനതയെ പ്രയാസപ്പെടുത്തിയെന്ന് നമുക്ക് ആലോചിക്കാവുന്നതിലുമപ്പുറമാണ്. ഇത് ജമ്മുവിൽ ഏകാധിപത്യ ഭരണമാണോ എന്ന തോന്നൽ സൃഷ്ടിക്കുന്നു. എന്തിനേറെ പറയുന്നു ഫാഷിസ്റ്റ് നയങ്ങൾ പാഠപുസ്തകങ്ങളിൽ പോലും കുത്തിനിറക്കാനുള്ള ശ്രമവും നടന്നിട്ടുണ്ട്.

സംഘ്പരിവാറിന്റെ തല്ലിക്കൊലകൾക്കും ആൾക്കൂട്ട ആക്രമണങ്ങൾക്കും ഇരയാക്കപ്പെട്ട ആയിരക്കണക്കിന് ആളുകളുടെ തേങ്ങലുകൾക്കിടയിലാണ് നാം ജീവിക്കുന്നത്. രോഹിത് വെമുല, നജീബ്, ഡോ. പായൽ തദ്വി, അഖ്ലാഖ്, പെഹ്‌ലുഖാൻ... അങ്ങനെ അറ്റമില്ലാതെ നീണ്ടുപോവുകയാണ് ആ പട്ടിക. ഗർഭിണിയായ ജാമിയയിലെ ഗവേഷക വിദ്യാർഥിനി സഫൂറ സർഗാറിന്റെ മേൽ യു.എ.പി.എ ചുമത്തി തിഹാർ ജയിലിൽ അടച്ചതുമൊക്കെ നമ്മൾ ഭീതിയോടെയാണ് കേട്ടത്. അതും ദൽഹി പ്രക്ഷോഭത്തിൽ പങ്കുണ്ടെന്ന് കള്ളക്കേസിൽ.

കൊറോണ രോഗം ആഗോളതലത്തിൽ സംഹാരതാണ്ഡവമാടുമ്പോഴും പ്രതികാര രാഷ്ട്രീയം കൊറോണ മറവിൽ നടക്കുന്നുണ്ട് എന്നുള്ളത് ഞെട്ടിക്കുന്ന വസ്തുതയാണ്. ഈ പ്രതികാര രാഷ്ട്രീയത്തിന്റെ ഇരകളാണ് പോലീസ് കസ്റ്റഡിയിലായ പ്രമുഖ അക്കാദമിസ്റ്റും ദലിത് മാർക്സിസ്റ്റ് ചിന്തകനുമായ ആനന്ദ് തെൽതുംദെയും പത്രപ്രവർത്തകനായ ഗൗതം നവ്‌ലാക്കയും ഒക്കെ. ഫാഷിസ്റ്റ് നയങ്ങൾ ഒരു ഭാഗത്ത് കൂത്താടുമ്പോൾ മറുഭാഗത്ത് ലിംഗനീതിയെയും പെൺശരീരത്തെയും കീറിമുറിക്കുന്നവരുണ്ട്. മഹാത്മാ ഗാന്ധി കസ്തൂർബയ്ക്ക് എഴുതിയ കത്തിൽ ഇങ്ങനെ പ്രതിപാദിക്കുന്നുണ്ട്:

"നിന്നെ ഞാൻ വെറും മൺപാവയായി കരുതിയിട്ടില്ല "

ഇതിലുപരി ലിംഗനീതിയുടെ പ്രസക്തി മനസ്സിലാക്കാൻ വേറൊരു ഉദാഹാരണം വേണമെന്ന് തോന്നുന്നില്ല. പീഡനങ്ങളുടെ കാര്യം പിന്നെ പ്രത്യേകിച്ച് എടുത്തു പറയേണ്ടതില്ലല്ലോ. കേരളത്തിലെ വാളയാറും പാലത്തായിയും ഒക്കെ ഉത്തമ ഉദാഹരണങ്ങളാണല്ലോ. ഭരണകൂടങ്ങളുടെ ഇരട്ടത്താപ്പ് നയങ്ങൾ നീതിയെ വെളുപ്പിച്ചുവെക്കുമ്പോൾ സമർഥനായ വേട്ടക്കാരനെ പോൽ അടുത്ത ഇരയെ തേടി കൊണ്ടിരിക്കുന്നത് എത്രമേൽ വേദനാജനകമാണ്.ഹിംസകൾ നടമാടുന്നത് ഇനിയുമെത്രനാൾ...

കറപിടിച്ച പാരിതിൽ മുന്നോട്ടുള്ള പ്രയാണത്തിൽ പ്രതിഷേധങ്ങൾ ആളിക്കത്തട്ടെ... ●

"we realize the importance of our voice only when we are silenced"

~ Malala Yousuf Zay

ഖദീജ ഷഹന കെ.ടി.
ബി.എ അറബിക് &
ഇസ്‌ലാമിക് ഹിസ്റ്ററി

# മകളേ മാപ്പ



അറിഞ്ഞില്ല, കർമം മറന്നവർ കാമം
പഠിപ്പിക്കുമെന്ന്,
നുള്ളി നോവിക്കപോലും ചെയ്യാത്ത,
നിൻ ഉള്ളം അവൻ
ആഴത്തിൽ മുറിപ്പെടുത്തുമെന്ന്,
ഒടുവിൽ, നീതി ബിംബം പോലും
നിനക്ക് നേരെ കണ്ണടയ്ക്കുമെന്ന്...!



**Aparna**
Sociology

# झाड़ू पोछा

सालों के बाद एक आदमी आया।
वो अच्छी तरह काम कारने वाले थे।
"घर बहूत गड़बड़ हुई है,
मैल और गंदगी फैली हुई है
साफ़ सफ़ाई की सस्त ज़रूरत है
उसके बाद वो काम करना शुरू किया
पहले पहल सटे हुए खाने
वगैरह बाहर डाला
फिर कचड़ा फेंक दिया
इधर उधर फिनाईल भी डाले
सफाई और तेज हुए
काम खत्म हुआ तो उसने पुछा
अब देखो घर कैसा है
अरे कमाल होगया है!
जवाब में किसी कौए ने बाला
उसके पास उठती हुई मक्खी भी बोली
घर में कोई बाकी नहीं थे
सब लोग फेंके हुए
कचड़े में फड़गया था



# കാട് കാണാത്ത രണ്ടുപേർ പ്രണയത്തിലേർപ്പെടുന്നു

**അഭിലാഷ് കൈനിക്കര**
ബി എ മലയാളം

ആളില്ലാത്തൊരു
പായ്കപ്പലിൽനിന്നിറ്റു
വീഴുന്ന ബീജങ്ങളെ
കടൽ വിഴുങ്ങുന്നു.
മീനുകൾ ഗർഭം ധരിക്കുന്നു.

പിറവിയെടുക്കാത്ത നാളിൽ
ചുംബന തുരുത്തിലേക്ക്
വേച്ചു വേച്ചു
നീങ്ങുന്നൊരു കടത്തിൽ
നമ്മൾ പ്രണയം തുടങ്ങുന്നു.
വേലിയേറ്റങ്ങളിൽ
പ്രണയം നുരഞ്ഞുകേറുമ്പോൾ
നീരാളി കുഞ്ഞുങ്ങളായ്
നാം പുറത്തുവരും.
നീ ഇടത്തോട്ടും
ഞാൻ വലത്തോട്ടും നീന്തും.
രണ്ടുപേരും കരകാണും.
കരയിൽ കടല് കാണും.
കായലുകൾ ഒന്നാവുന്നിട
ങ്ങളെ തേടിപ്പോകും
ചേറ്റിൽ കാല് പൂന്തുമ്പോൾ
കണ്ടലുകൾ കേറിപിടിക്കുന്ന
നമ്മൾ ഇരുദിശകളിലേക്ക്
രമിച്ചു വീഴും.
നീ മരിക്കും
ഞാൻ ആത്മഹത്യ ചെയ്യും.

ചൂണ്ടക്കൊളുത്തിൽ
കടലിലേക്കാഴ്ന്നിറങ്ങാൻ
നിന്റെ ഉടൽ
വെമ്പൽ കൊള്ളുമ്പോൾ
ഞാൻ കായല് തിരയും.
നിന്നെ കടന്നുപോകുന്ന
കപ്പലുകളെ
കൂക്കി വിളിക്കും.
നീ കടലും
ഞാൻ കായലുമാകും.
ഒരിക്കൽ
കടലിൽ നിന്ന് കായലിലേക്ക്
മുറിച്ചു കടക്കുന്ന
ഒരു കൂട്ടം മീനുകൾ
നമ്മെ നോക്കി
കളിയാക്കി ചിരിക്കും.

ഞാൻ പറയാറില്ലേ...
ഒരു പ്രേമവും എല്ലാ കാലത്തേക്കുമുള്ളതല്ല.

**നദാ അഫ്നാൻ ബിൻത് അബൂനിഹാദ്**
**ബി. എ. മലയാളം**

# മരണ മൂക്ക്



വിധി വിൽക്കപ്പെടുന്നു എന്ന അറിയിപ്പുമായി,
ഇന്നലെയും കുട്ടയും ചുമന്നു കൊണ്ട്,
കാലം വന്നിരുന്നു.
പഴിചാരലുകളുടെ ചാട്ടവാറടികൾ കൊണ്ട്
തഴമ്പു പൊട്ടിയ അതിന്റെ ഒക്കത്തിരുന്ന്,
തള്ളവിരൽ ഊമ്പിക്കൊണ്ട്,
മുറിഞ്ഞു പോയ ഇന്നലെകൾ,
ആടിയാടി ചിരിക്കുന്നുണ്ടായിരുന്നു.
ഒരിക്കലേ കടന്നു വരികയുള്ളുവത്രേ,
നിറഞ്ഞ മനസ്സോടെ സ്വീകരിച്ചിരുത്തണം.

കൺകുഴിത്തടം നിറഞ്ഞുതുളുമ്പും വരേക്കും,
പകർപ്പവകാശങ്ങളില്ലാതെ
ആരോ ഒപ്പിട്ടു വെച്ച, ജീവിതത്തിന്റെ ആധാരം,
എടുത്തു കൊടുത്തേക്കരുത്.
ഹൃദയം തന്നെ തുറന്ന് വെച്ച്
വിശാലതയുടെ പകൽവെളിച്ചത്തിലേക്ക്, ആനയിക്കണം.

കാലം കൊണ്ടു വന്ന കുട്ടകളിലേക്ക്,
കടന്നു നോക്കരുത്.
സാവധാനത്തിന്റെ വാഴ്ത്താരി മൂളിക്കൊണ്ട്,
അത് ജീവിതഘടികാരത്തെ വലിച്ചു മുറുക്കും.
അവസാനമായി, കുട്ടയിലേക്ക് ഉറ്റു നോക്കുമ്പോൾ,
ഉടലു വേർപ്പെട്ട മരണം,
ഉണർന്നു വന്ന് കെട്ടിപ്പിടിക്കും.
അതുവരേക്കും തിരക്കു കൂട്ടരുത്.
ഒരിക്കലേ കടന്നു വരികയുള്ളുവത്രേ,
നിറഞ്ഞ മനസ്സോടെ സ്വീകരിച്ചിരുത്തണം.

ഋതിക് എം രമേശ്
സോഷ്യോളജി

# ഭരണഘടനാ സമക്ഷം ഞാൻ എന്ന ഇന്ത്യൻ പൗരൻ ബോധിപ്പിക്കുന്നത്

സത്യമേവ ജയതേ.. അഥവാ സത്യം ജയിക്കട്ടെ. ഇതാണ് കാലാകാലങ്ങളായി നമ്മുടെ ഇന്ത്യൻ നീതിന്യായ വ്യവസ്ഥ ഉയർത്തിപ്പിടിക്കുന്ന ആപ്തവാക്യം. സമത്വം തന്നെയാണ് നീതി എന്നത് പൊതുബോധം തീർത്തു വെച്ച മറ്റൊരു സങ്കൽപവുമാകുന്നു. അങ്ങനെയിരിക്കെ നീതിയും നീതിപീഠങ്ങളും ഭൂരിപക്ഷ പൊതുബോധത്തിന്റെ വക്താക്കളായി ചിലപ്പോഴെങ്കിലും മാറുന്നു എന്നത് ലോകത്തിലെ തന്നെ തല എടുത്തു നിൽക്കുന്ന ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന് ഒരിക്കലും ഭൂഷണമാവുന്നില്ല. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ നിഷ്പക്ഷമായി നീതി നിർവഹണത്തിന് നേതൃത്വം നൽകേണ്ടുന്ന നീതിപീഠങ്ങളുടെ തീരുമാനങ്ങളും വിധികളും നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ പ്രവചനാതീതം എന്നതിനപ്പുറം പ്രവചനാത്മകമാവുമ്പോൾ നീതി തന്നെ പക്ഷം പിടിക്കുന്നു എന്ന വിമർശനം ഉയരുകയാണ്. ചിലയിടങ്ങളിൽ ചിലർക്ക് നീതി അടിയന്തര സ്വഭാവമുള്ളതാവുമ്പോൾ മറ്റു ചിലർക്കത് വലിയ കാത്തിരിപ്പുകളുടെ സമ്മാനമാവുന്നു. അവിടെയാണ് വൈകി എത്തുന്ന നീതി അനീതി തന്നെയാണ് (Delayed justice is denied justice)





എന്നു പറയേണ്ടി വരുന്നത്. നീതി ബോധത്തിന്റെ അടിസ്ഥാന ശില തന്നെ തകർന്നു പോവുന്നതവിടെയാണ്. നീതി നിർവചിക്കപ്പെടുമ്പോൾ അർണബും സിദ്ധീഖ് കാപ്പനും തമ്മിലുള്ള അന്തരം നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ സംഭവിക്കുന്ന ഇതേ സാമാന്യമായ വ്യത്യാസം തന്നെയാണ്. നീതി അവകാശമെന്നതിനപ്പുറം ഭരണകൂടങ്ങളുടെ ഔദാര്യമാവുന്ന കാലത്ത് ജനാധിപത്യവും നീതിയും ഐസിയുവിൽ നിന്ന് വെന്റിലേറ്ററിലേക്ക് മാറ്റപ്പെട്ടുവെന്നും അവിടെ ആസന്നമായ മരണം കാത്തു കിടക്കുന്നുവെന്നും കുറിച്ചിടുക.

സാധാരണക്കാരിൽ സാധാരണക്കാരനായ മനുഷ്യൻ പട്ടിണി കിടക്കുകയും ഒരു നാണയത്തുട്ട് തേടിപ്പോലും നെട്ടോട്ടം ഓടുകയും ചെയ്ത് ലോക്ക്ഡൗൺ കാലത്ത് റെയിൽപാളത്തിൽ തളർന്നു വീണ് ട്രെയ്നിനടിയിൽ പെട്ട് ചതഞ്ഞരഞ്ഞ മനുഷ്യർക്ക് വേണ്ടി, തെരുവുകളിൽ വണ്ടിക്കൂലി പോലും എടുക്കാനില്ലാതെ വിയർത്തൊലിച്ച് സ്വന്തം വീടണയണമെന്ന, അവിടെ കിടന്ന് മരിക്കണമെന്ന മോഹം മാത്രം വെച്ച് മുന്നോട്ട് ചലിച്ച ആ സാധാരണക്കാരനിലെ സാധാരണക്കാർക്ക് വേണ്ടി നിങ്ങൾ ഒരു ചുക്കും ചെയ്തിട്ടില്ല.

ഹേയ് ജനാധിപത്യമേ, മധ്യവർഗത്തിന്റെ കേവല നഷ്ടങ്ങളെക്കാൾ

**നീതി അവകാശമെന്നതിനുമപ്പുറം ഭരണകൂടങ്ങളുടെ ഔദാര്യമാവുന്ന കാലത്ത് ജനാധിപത്യവും നീതിയും ഐസിയുവിൽ നിന്ന് വെന്റിലെറ്ററിലേക്ക് മാറ്റപെട്ടുവെന്നും അവിടെ ആസന്നമായ മരണം കാത്തു കിടക്കുന്നുവെന്നും കുറിച്ചിടുക.**

നിങ്ങൾ വികാരം കൊണ്ട അതേ മാധ്യമ പ്രമാണിയുടെ മനുഷ്യാവകാശങ്ങളെക്കാൾ നൂറു മടങ്ങ് വിലയുണ്ട്; ആ പട്ടിണി പാവങ്ങളുടെ ഒഴിഞ്ഞ വയറിനും. നിങ്ങൾ ഒരുവരി കൊണ്ട് പോലും അപലപിക്കാതെ പോയ, അവർക്കില്ലാതെ പോയ, അതേ മനുഷ്യാവകാശങ്ങൾക്ക് ഭരണഘടനമാർഗങ്ങൾ തേടുകയും, തലയുയർത്തി പിടിച്ച് ജീവിക്കുകയും ചെയ്യുക എന്നതൊക്കെ ഭരണഘടനാവകാശങ്ങളാക്കിയ നാടാണ് നമ്മുടേത്.

ഭരണഘടനയുടെ കാവലാളാവേണ്ടവർ തന്നെ ഭരണഘടനയുടെ ആത്മാവിന് മരണ കുറിപ്പ് എഴുതി വെച്ചു എന്ന് കൂടി കുറിച്ചുവെക്കുന്നു. പ്രലോഭനങ്ങളുടെയും ഭീഷണിയുടെയും മുന്നിൽ പെട്ടുപോയവർ ഒന്നോർക്കുക; മനുഷ്യവകാശ സംരക്ഷണങ്ങൾക്ക് എക്കാലത്തും അവർണനീയമാം വിധം സംഭാവനകൾ നൽകിയത് ഇന്ത്യയുടെ നീതി പീഠങ്ങൾ തന്നെയാണ്.

കോടതികൾ ചില പക്ഷം പിടിക്കുന്നുവെന്ന് സാധാരണക്കാരായ ജനങ്ങൾക്കുപോലും തോന്നിത്തുടങ്ങിയിരിക്കുന്നു. അത് ദുരീകരിക്കാതെ, അവരുടെ ഭയാശങ്കകളോട് ചേർന്ന് നിൽക്കാതെ കോടതിക്ക് ജനപക്ഷത്തിനുമപ്പുറം ഭരണഘടനാ മൂല്യങ്ങൾക്കുമപ്പുറം ഒരു പക്ഷം ഉണ്ടാവുന്നത് ജനാധിപത്യത്തെ അവിശ്വസനീയമായ പതനത്തിലേക്ക് തള്ളിവിടുമെന്ന് പറയാതെ വയ്യ.

ഇന്ത്യയിലെ ജനാധിപത്യത്തിന്റെ കഥ പറഞ്ഞു വരുമ്പോൾ പ്രഥമ സർക്കാരിൽ നിന്ന് വേണം യഥാർഥത്തിൽ തുടങ്ങാൻ. എണ്ണം കൊണ്ട് യഥാർഥത്തിൽ ആദ്യ തെരഞ്ഞെടുപ്പിന് ശേഷം അധികാരത്തിലേറിയ നെഹ്റു സർക്കാരിന് പ്രതിപക്ഷം എന്ന വിഭാഗത്തിന് സാങ്കേതികമായെങ്കിലും ഒരു സാധ്യതയുമുണ്ടായിരുന്നില്ല. എങ്കിലും എണ്ണത്തിൽ അത്രമേൽ ന്യൂനപക്ഷമായിരുന്ന പ്രതിപക്ഷം എന്ന എതിർപക്ഷത്തിന്റെ വിമർശനങ്ങളോട് നെഹ്റു കാട്ടിയ ജനാധിപത്യ മര്യാദയും സഹിഷ്ണുതയും മാതൃകാപരമായിരുന്നു. ഏകാധിപത്യതിന് എല്ലാവിധ സാധ്യതകൾ ഉണ്ടായിരുന്നിട്ടും ഇന്ത്യയെ ജനാധിപത്യത്തിൽ തന്നെ ഉറച്ചു നിർത്തിയ നെഹ്റുവിന്റെ വീക്ഷണങ്ങൾ തന്നെയാണ് ഇന്ത്യ എന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തിന് ഒരർഥത്തിൽ തറക്കല്ലിട്ടത്. ഇത്രയും പറഞ്ഞുവെച്ചത് ഇന്ത്യക്ക് മഹനീയമായ ഒരു ജനാധിപത്യപാരമ്പര്യമുണ്ടെന്ന് ഓർമിപ്പിക്കാനാണ്. ഏകാധിപത്യത്തിന് മുകളിൽ നാനാത്വത്തിൽ ഏകത്വം വഴി ആധിപത്യം സ്ഥാപിച്ച ഒരു ജനാധിപത്യ ചരിത്രം. അങ്ങനെ ഒരു ജനാധിപത്യത്തിൽ വിമർശനങ്ങൾക്കതീതരായി ആരുമുണ്ടാവാൻ പാടില്ല. വിയോജിപ്പുകളും വിമർശനങ്ങളുമില്ലാത്ത, ജനാധിപത്യത്തിന്റെ മുഖംമൂടി അണിഞ്ഞ ഏകാധിപത്യത്തിന് അസഹിഷ്ണുതയുടെ ഫലമാണ് ഇന്ധനമെന്ന് ഓർത്തുവെക്കുക.

**ജീവിക്കാനുള്ള അവകാശതിന്ന് വേണ്ടി തെരുവിലിറങ്ങേണ്ടി വരുന്ന ഒരു ജനത ജനാധിപത്യന്റെയോ വിയോജിപ്പികളുടെയോ അല്ല മറിച്ച് ഏകധിപത്യതിന്റെ തിരുമുറിവുകളത്രെ.**



വൈവിധ്യങ്ങളായ സംസ്കാരങ്ങളും പൈതൃകങ്ങളുമുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിലെ മനുഷ്യാവകാശലംഘനങ്ങൾക്കെതിരെ, ഒരു അന്താരാഷ്ട്ര സംഘടനയ്ക്ക് ഇന്ത്യയിലെ പരമോന്നത നീതിപീഠത്തെ സമീപിക്കാനുള്ള സാഹചര്യം ഒരുങ്ങുക എന്നത് അത്യന്തം ലജ്ജാവഹമാണ്. പൗരത്വ നിയമഭേദഗതിയിലെ മനുഷ്യാവകാശ പ്രശ്നങ്ങളെ സംബന്ധിച്ച് ഐക്യരാഷ്ട്ര സഭയുടെ ഹൈക്കമീഷണർ സുപ്രീംകോടതിയെ സമീപിച്ചത് ഈയടുത്തിടെയാണ്.

ഇന്ത്യൻ ഭരണഘടനയുടെ ആത്മാവ് എന്ന് വിശേഷിക്കപെടാറുള്ളത് 32ാം അനുഛേദമാണ്. ഭരണഘടന അനുവദിച്ചു തന്നിട്ടുള്ള മൗലികാവകാശങ്ങൾ ഒരു വ്യക്തിക്ക് നിഷേധിക്കപ്പെടുന്നുവെങ്കിൽ അതിനെതിരെ ഭരണഘടനാപരമായ മാർഗങ്ങൾ സ്വീകരിക്കാനും ഇന്ത്യയുടെ പരമോന്നത നീതിപീഠത്തെ സമീപിക്കാനും ഇന്ത്യൻ ഭരണഘടന പൗരന് നൽകുന്ന നിയമപരമായ സ്വാതന്ത്ര്യമാണത്. അങ്ങനെയിരിക്കെ ഇന്ത്യയിൽ മനുഷ്യാവകാശങ്ങൾ ഉയർത്തിപിടിക്കുന്നതിൽ കോടതികൾക്കുള്ള ചുമതല സുപ്രധാനമാണ്. അവിടെ വില യിരുത്തപ്പെട്ടിട്ടുള്ള മനുഷ്യാവകാശ



**വിയോജിപ്പുകളടക്കാൻ പാടുപെടുന്ന നാട്ടിൽ ജനാധിപത്യം ഉയർത്തിപിടിക്കേണ്ടത് ഇന്ത്യയിലെ കോടതികൾ തന്നെയാണ്. നമ്മുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടുപോവേണ്ടത് കോടതികൾ തന്നെയാണ്.**

പ്രശ്നങ്ങളിലും മറ്റു സാമൂഹ്യ വിഷയങ്ങളിലും കോടതിയുടെ ഇടപെടലുകളുടെ സാധുത വിമർശനാത്മകമായി തന്നെ പരിശോധിക്കപ്പെടേണ്ടതാണ്. നീതിപീഠങ്ങൾ ഭരിക്കുന്നവന്റെ അല്ല മറിച്ച് ഭരിക്കപ്പെടുന്നവന്റെ ശബ്ദത്തെ പ്രതിനിധാനം ചെയ്യുക എന്നതാണ് ജനാധിപത്യം മുന്നോട്ടു വയ്ക്കുന്ന ധാർമികത. മതപരമായ കാര്യങ്ങളിലുൾപ്പെടെ ഭൂരിപക്ഷത്തിന്റെ എന്നതിനപ്പുറം ഇന്ത്യ എന്ന ജനാധിപത്യ സോഷ്യലിസ്റ്റ് മതേതര ശക്തിയുടെ കാഴ്ചപ്പാടുകൾ ഉയർത്തിപിടിക്കുക എന്നതാണ് ഇന്ത്യൻ കോടതികളിൽ അധിഷ്ഠിതമായ ധർമം. കാരണം, ഇന്ത്യ മുന്നോട്ട് വയ്ക്കുന്നത് പുറന്തള്ളലിന്റെ രാഷ്ട്രീയമല്ല മറിച്ച് ചേർത്ത് വെക്കലിന്റേതാണ്.

ഇവിടെ കാർഷിക നിയമഭേദഗതിക്കെതിരേ തെരുവിലിറങ്ങിയ കർഷകരോട് ചിലരുടെ രാഷ്ട്രീയ സാരോപദേശം ഇങ്ങനെയാണ്. 'അവർ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പുരോഗമന വശങ്ങളെ ഉൾക്കൊള്ളണ'മെന്നാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിനാവശ്യം പ്രതിമകളും ആരാധനാലയങ്ങളുടെ ആധിക്യവുമല്ല, മറിച്ച് വിദ്യാലയങ്ങളും ആശുപത്രികളുമെന്ന് പറഞ്ഞുവയ്ക്കാൻ മാത്രം ധൈര്യം കിട്ടാത്ത നിങ്ങളുടെ 21ാം നൂറ്റാണ്ടിലെ ജനാധിപത്യബോധം എട്ടായി മടക്കി പോക്കറ്റിലിടണം. ജീവിക്കാനുള്ള അവകാശത്തിന് വേണ്ടി തെരുവിലിറങ്ങേണ്ടി വരുന്ന ഒരു ജനത ജനാധിപത്യത്തിന്റെയോ വിയോജിപ്പുകളുടെയോ അല്ല മറിച്ച്, ഏകാധിപത്യത്തിന്റെ തിരുമുറിവുകളത്രെ.

വിയോജിപ്പുകളടക്കാൻ പാടുപെടുന്ന നാട്ടിൽ ജനാധിപത്യം ഉയർത്തിപിടിക്കേണ്ടത് ഇന്ത്യയിലെ കോടതികൾ തന്നെയാണ്. നമ്മുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടുപോവേണ്ടതും കോടതികൾ തന്നെയാണ്. മരിക്കാത്ത നീതിബോധം ഇന്നും മനസ്സിലുള്ളത് കൊണ്ടാണ് എന്റെ അവകാശങ്ങൾ തെരുവിലിട്ടു വലിച്ചിഴക്കപ്പെടുമ്പോൾ കോടതികളിൽ അഭയം തേടുന്നത്. ഇപ്പറഞ്ഞതൊക്കെയും ഭരണഘടനയെ സാക്ഷി നിർത്തി ഞാൻ എന്ന ഇന്ത്യൻ പൗരൻ കോടതി മുമ്പാകെ ബോധിപ്പിച്ച കാര്യങ്ങളാണ്. നീതിയെന്ന പ്രതീക്ഷയെ അപ്പുറത്ത് മറവ് ചെയ്ത് മരിച്ച് ജീവിക്കുന്ന ഒരുപാട് മനുഷ്യർക്ക് നീതി എന്നാൽ കോടതികളാണ്. ആ പാവങ്ങൾക്ക് നീതി കാട്ടി കൊടുക്കേണ്ടത് ജനാധിപത്യം നീതിപീഠത്തിന്റെ ചുമലിൽ വെച്ച ബാധ്യതയാണെന്നോർക്കുക. ഞാൻ അവസാനമായി ഒന്നുകൂടി കുറിച്ചിടുന്നു. എനിക്ക് നീതി എന്നാൽ മരണമല്ല മറിച്ച് ജീവിതമാണ്. എനിക്ക് നീതി എന്നാൽ സ്വാതന്ത്ര്യമാണ് .എനിക്ക് നീതി എന്നാൽ സത്യമാണ്. എനിക്ക് നീതി എന്നാൽ നിന്റെ, നമ്മുടെ മനുഷ്യാവകാശങ്ങൾ ആണ്. നീതി മരിക്കാതിരിക്കട്ടെ... പ്രതീക്ഷകൾ അസ്തമിക്കാതിരിക്കട്ടെ...●



# ഇന്ത്യൻ നേർകാഴ്ചകളുടെ കാലിഡോസ്കോപ്പ്




ഷാഹുദ്
സൈക്കോളജി

# ആർഷഭാരതത്തിലെ ദലിത് പ്രതിനിധാനങ്ങൾ

അധികാരം, അത് വേറൊരു ജാതിയാണ്. നൂറ്റാണ്ടുകളായി ഇന്ത്യയിലെ അധസ്ഥിതജനത അനുഭവിക്കുന്ന ഏറ്റവും വലിയ വേർതിരിവും ഈ അധികാരമാണ്. അധികാരം ഉണ്ടെങ്കിൽ എന്തും എളുപ്പമാണ്. ഒരാളെ ഔകാത്ത്(നില)പഠിപ്പിക്കാൻ, അടിമയായി നിലനിർത്താൻ, ബലാൽസംഘം ചെയ്ത്തു കൊല്ലാൻ, കള്ളക്കേസ്സിൽ കുടുക്കാൻ, വ്യാജഏറ്റുമുട്ടലിൽ കൊലപ്പെടുത്തൽ, കേസ്സുകൾ അട്ടിമറിക്കാൻ, സ്വന്തക്കാരെ അധികാര കേന്ദ്രങ്ങളിൽ കുത്തിക്കയറ്റാൻ എന്നു വേണ്ട അധികാരം എങ്ങിനെയെല്ലാം എവിടെയൊക്കെ പ്രയോഗിക്കപ്പെടുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് നമ്മുടെ വർത്തമാന ഇന്ത്യ. 2019ൽ പുറത്തിറങ്ങിയ അനുഭവ് സിൻഹയുടെ ആർട്ടിക്കിൾ 15 എന്ന ബോളിവുഡ് ചിത്രത്തിലെ ലാൽഗാവും ഒരു പ്രതീകമാണ്; വർത്തമാന ഇന്ത്യയുടെ ജീവനുള്ള പ്രതീകം.

ഇന്നും നീതി ഒരു ഭിക്ഷപോലെ

യാചിച്ചുവാങ്ങേണ്ടി വരുന്ന സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ അസംഖ്യം വരുന്ന കീഴാളജീവിതങ്ങളുടെ കഥപറയുന്ന ചിത്രമാണ് ആർട്ടിക്കിൾ 15. ഉള്ളുലയ്ക്കുന്ന കാഴ്ചകളാണ് ചിത്രം നിറയെ. ഒരു ഞെട്ടലോടെയോ, അല്ലെങ്കിൽ വലിയൊരു നിരാശയോടെയോ മാത്രമേ ഈ ചിത്രം നമുക്ക് കണ്ടുതീർക്കാനാവുള്ളൂ. ആയുഷ് മാൻഖുറാന, നാസർ, മനോജ് പാഹ്വ, സയാനി ഗുപ്ത,മുഹമ്മദ് സീഷൻ അയൂബ്,ഇഷാ തൽവാർ എന്നിവർ മുഖ്യവേഷങ്ങളിലെത്തുന്ന ആർട്ടിക്കിൾ 15 എഴുതി സംവിധാനം ചെയ്തിരിക്കുന്നത് അനുഭവ് സിൻഹയാണ്. സീ സ്റ്റുഡിയോസും അനുഭവ് സിൻഹയും ചേർന്നാണ് ചിത്രം നിർമിച്ചിരിക്കുന്നത്.

അയാൻ രഞ്ചൻ എന്ന ഐപിഎസ് ഓഫിസർ ലാൽഗാവിലേക്ക് പുതിയ അഡീഷണൽ എസ് പിയായി എത്തുന്നതിന്റെ രണ്ടുദിവസം മുമ്പാണ് ഗ്രാമത്തിലെ കൗമാരപ്രായത്തിലുള്ള മൂന്നു പെൺകുട്ടികള കാണാനില്ലെന്ന് പരാതി ലാൽഗാവ് പോലിസ് സ്റ്റേഷനിൽ എത്തുന്നത്. എന്നാൽ എന്നത്തെയും പോലെ പോലിസ് ഈ പരാതിയും അവഗണിക്കുന്നു. കാരണം അവർ ഗ്രാമത്തിലെ ദലിത് പെൺകുട്ടികളാണ്. അതേ ദിവസങ്ങളിലൊന്നിലാണ് പുതുതായി ചാർജ് എടുക്കുന്ന പോലിസ് മേലുദ്യോഗസ്ഥനായ അയാൻ രഞ്ചന് പോലിസ് വെൽക്കം പാർട്ടി നൽക്കുന്നതും. കാണാതായ പെൺകുട്ടികളുടെ അടുത്ത ബന്ധുക്കൾ വെൽക്കം പാർട്ടിക്കിടെ പരാതിയുമായി വീണ്ടും എത്തുന്നു. ഇത് എഎസ്പി അയാൻ രഞ്ചൻ കാണാൻ ഇടയാകുന്നതോടെയാണ് മൂന്നു പെൺകുട്ടികളെയും കുറിച്ചന്വേഷിക്കാൻ പോലിസ് നിർബന്ധിതമാകുന്നത്. എന്നാൽ പിറ്റേന്ന് രാവിലെ രണ്ടുപെൺകുട്ടികളുടെ മൃതദേഹം സമീപത്തുള്ള മരത്തിൽ തൂങ്ങിയ നിലയിൽ കണ്ടെത്തുന്നു. കാണാതായ മൂന്നാമത്തെ പെൺകുട്ടി പൂജയ്ക്ക് എന്തു സംഭവിച്ചു എന്നു തേടിയിറങ്ങുന്ന അയാൻ രഞ്ചനനെ കാത്തിരുന്നത് ഞെട്ടിക്കുന്ന തിരിച്ചറിവുകളാണ്.

**രാവിലെ രണ്ടുപെൺകുട്ടികളുടെ മൃതദേഹം സമീപത്തുള്ള മരത്തിൽ തൂങ്ങിയ നിലയിൽ കണ്ടെത്തുന്നു. കാണാതായ മൂന്നാമത്തെ പെൺകുട്ടി പൂജയ്ക്ക് എന്തു സംഭവിച്ചു എന്നു തേടിയിറങ്ങുന്ന അയാൻ രഞ്ചനനെ കാത്തിരുന്നത് ഞെട്ടിക്കുന്ന തിരിച്ചറിവുകളാണ്.**

നമ്മൾ പത്രങ്ങളിലും ടെലിവിഷനിലും മാത്രം വായിച്ചും കണ്ടും പരിചയമുള്ള ഒരു വാർത്ത. അടുത്ത ബന്ധുക്കളും സവർഗാനുരാഗികളുമായ പെൺകുട്ടികളെ ദുരഭിമാനികളായ പിതാക്കൻമാർ കൊന്നു കെട്ടിത്തൂക്കിയെന്നായിരുന്നു ലാൽഗാവ് പോലിസിന്റെ റിപോർട്ട്. പക്ഷേ മരിച്ച പെൺകുട്ടികളെ മരത്തിൽ കെട്ടിത്തൂക്കിയപ്പോൾ അവർക്ക് ജീവനു





ണ്ടായിരുന്നുവെന്നും, അവർ അതിക്രൂരമായി ബലാൽസംഘത്തിന് ഇരയാക്കപ്പെട്ടിരുന്നുവെന്നുമൊക്കെ പോസ്റ്റുമോർട്ടം നടത്തിയ സർജൻ സാക്ഷ്യപ്പെടുത്തിയിട്ടും പോലിസിലെ ബ്രഹ്മദത്ത് എന്ന ഉദ്യോഗസ്ഥൻ അതെല്ലാം അട്ടിമറിക്കുകയാണ് എന്ന് അയാൻ രഞ്ചൻ മനസിലാക്കുന്നു.

ഇന്ത്യയിലെ പ്രത്യേകിച്ചു ഉത്തർപ്രദേശ് പോലുള്ള ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ കോടിക്കണക്കിനുവരുന്ന ദലിതുകളുടെ ജീവിതത്തെ ലാൽഗാവിൽ വന്നതുമുതൽ അയാൻ എന്ന പോലിസ് ഓഫിസർ നേരിട്ടനുഭവിച്ചറിയുകയായിരുന്നു. 70 വർഷങ്ങൾക്കു മുമ്പ് ബ്രിട്ടീഷുകാർ നമ്മെ എവിടെ വിട്ടിട്ടുപോയോ, ബ്രാഹ്മണ-സവർണ ഇന്ത്യ ഇന്നും അവിടെതന്നെ നിൽപ്പാണ്. സവർണന്റെ തീട്ടം കോരികളായി ഒരു തീണ്ടാപ്പാടകലെ ഇരിക്കേണ്ടവരാണ്

**70 വർഷങ്ങൾക്കു മുമ്പ് ബ്രിട്ടീഷുകാർ നമ്മെ എവിടെ വിട്ടിട്ടുപോയോ, ബ്രാഹ്മണ-സവർണ ഇന്ത്യ ഇന്നും അവിടെതന്നെ നിൽപ്പാണ്. സവർണന്റെ തീട്ടം കോരികളായി ഒരു തീണ്ടാപ്പാടകലെ ഇരിക്കേണ്ടവരാണ് പട്ടികജാതി പട്ടികവർഗക്കാർ എന്നു വിശ്വസിക്കുന്ന നിരവധി പേരോടൊത്താണ് അയാൻ രഞ്ചൻ എന്ന മുതിർന്ന പോലിസ് ഉദ്യോഗസ്ഥൻ ജോലിചെയ്യുന്നത്.**

പട്ടികജാതി പട്ടികവർഗക്കാർ എന്നു വിശ്വസിക്കുന്ന നിരവധി പേരോടൊത്താണ് അയാൻ രഞ്ചൻ എന്ന മുതിർന്ന പോലിസ് ഉദ്യോഗസ്ഥൻ ജോലി ചെയ്യുന്നത്. സെന്റ് സ്റ്റീഫൻ കോളജിൽ നിന്നും ലണ്ടനിൽ നിന്നുമൊക്കെ പഠിച്ചിറങ്ങിയ, യാഥാർഥ ഇന്ത്യയെ ഇന്നോളം അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത അയാൻ രഞ്ചന് ഇതെല്ലാം വൻ തിരിച്ചറിവുകളായിരുന്നു.

ജാതികൊണ്ടു ഭരണഘടനയിലെ പട്ടികയിൽ ഇന്നും താഴ്ന്നിരിക്കുന്നവർ, അവർ എത്ര തന്നെ പഠിച്ച് പോലിസ് പോലുള്ള ഉദ്യോഗങ്ങളിൽ എത്തിയാലും അവരുടെയെല്ലാം ജീവിതം പോലിസ് സ്റ്റേഷൻ പരിസരത്ത് ചുറ്റിത്തിരിയുന്ന നായയുടേതിനേക്കാൾ മികച്ചതല്ല. വെറും അടിമയാണ് ഓരോ ദലിതനും. ഭരണഘടന അനുശാസിക്കുന്ന ആർട്ടിക്കിൾ 15ന്റെ യാതൊരു ആനുകൂല്യവും ലഭിക്കാത്ത നിരവധി ജൻമങ്ങൾ. ജന്മത്തിന്റെയും ജാതിയുടേയും സമുദായത്തിന്റെയും പേരിൽ വേർതിരിവുകൾ അനുഭവിച്ചുവരുന്നവർ. ഉന്നത ജോലിയിലെത്തിയിട്ടും ഇന്നും അവഗണന മാത്രം ലഭിക്കുന്നവർ, ക്ഷേത്രമുറ്റത്തിരുന്നു അറിയാതെ ഭക്ഷണം കഴിച്ചതിന് ക്രൂരമർദ്ദനത്തിന് ഇരയാകുന്നവർ.

ദലിതുകൾ വയലൻസിലേക്ക് തിരിഞ്ഞാൽ അത് അവർക്കുതന്നെയാണ് ദോഷം എന്നു പറഞ്ഞുവയ്ക്കുന്നു ഈ ചിത്രം. പെൺകുട്ടികളെ കാണാതാവുകയും പിന്നീടവർ തിരിച്ചുവരികയുമാണ് പതിവ് എന്നും പറഞ്ഞാണ് പോലിസ് പരാതികൾ സ്വീകരിക്കാത്തത്. കുട്ടികളുടെ തിരോധാനവുമായി ബന്ധപ്പെട്ട് കേസ് അന്വേഷണം ത്വരിതഗതിയിൽ ആക്കണം എന്നാവശ്യപ്പെട്ട് സ്ഥലത്തെ ദലിത് ആക്റ്റിവിസ്റ്റായ നിഷാദിന്റെ കീഴിലുള്ള യുവാക്കൾ ഒരു പോലിസ് ജീപ്പ് കത്തിക്കുന്നു. ജീപ്പുകത്തിക്കൽ സംഭവത്തിന് ദൃക്സാക്ഷിയായ കിഷൻ ജാതവ് എന്ന

പോലിസുകാരനെ അയാൻ രഞ്ജൻ ചോദ്യം ചെയ്യുന്നതിനിടെയാണ് പെൺകുട്ടികളുമായി ബന്ധപ്പെട്ട ഒരു ക്ലൂ രഞ്ജന് ലഭിക്കുന്നത്.

മന്ത്രിയായ രാംലാൽ നഹാരിയയുടെ മകനും ബിൽഡറുമായ അൻഷു നഹാരിയയുടെ കീഴിൽ ജോലിയെടുത്തവരായിരുന്നു കാണാതായ മൂന്നു പെൺകുട്ടികളും. അൻഷുവിനെ ചോദ്യം ചെയ്യാൻ അയാൻ രഞ്ജൻ മുതിരുന്നതോടെ അതൊക്കെ തടയാൻ പരിശ്രമിക്കുകയാണ് ബ്രഹ്മദത്ത്. എന്നാൽ ചോദ്യം ചെയ്യലിനിടെ അൻഷുനഹാരിയ പെൺകുട്ടികളെ മർദ്ദിച്ചതായി സമ്മതിക്കുന്നു. തങ്ങളുടെ 15 രൂപ വേതനത്തിൽ 3 രൂപ വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ട പെൺകുട്ടികൾ അൻഷുവിന്റെ ജോലി ഉപേക്ഷിച്ച് അടുത്തുള്ള കന്നുകാലികളുടെ തൊലിയുരിയുന്ന കേന്ദ്രത്തിൽ ജോലിക്കുപോയതിന്റെ പ്രതികാരമാണ് അവരെ മർദ്ദിക്കാൻ കാരണം. പെൺകുട്ടികൾക്കും അവരുടെ കുടുംബത്തിനും ഈ സമൂഹത്തിലുള്ള നിലയെന്താണ് എന്ന് ഓർമപ്പെടുത്താൻ വേണ്ടിയാണ് അവരെ തല്ലിച്ചതച്ചത്. എന്താണ് ഒരു ദലിത് കുടുംബത്തിന്റെ സമൂഹത്തിലുള്ള നില? ” തങ്ങൾ കൊടുക്കുന്നത് എന്തോ അതാണ് അവരുടെ ഔകാത്ത്(നില). അതുമറന്നു കളിച്ചാൽ മരണമാണ് വിധി. വെറും മൂന്നു രൂപയ്ക്ക് എന്തുലഭിക്കും അദിതി എന്ന് തന്റെ ഭാര്യയോട് വേവലാതിപ്പെടുന്ന രഞ്ജൻ. വേതനത്തിൽ വെറും മൂന്നുരൂപ വർധിപ്പിക്കാൻ ആവശ്യപ്പെട്ടതുകൊണ്ടാണ് ആ കുഞ്ഞുങ്ങൾ അതിക്രൂരമാംവിധം കൂട്ടബലാൽസംഘത്തിന് ഇരായായി കൊല്ലപ്പെട്ടതെന്ന് അദിതിയോട് പറഞ്ഞു അസ്വതപ്പെടുന്ന അയാൻ രഞ്ജൻ.

തനിക്കുചുറ്റും നടക്കുന്ന ജാതിവേർത്തിരുവുകളിൽ മനം മടുത്ത അയാൻ രഞ്ജൻ തന്റെ ഓഫിസിൽ ഭരണഘടനയിലെ ആർട്ടിക്കൾ 15ന്റെ കോപ്പി ഒട്ടിക്കുന്നു. എന്നിട്ടെങ്കിലും ജനം തങ്ങളുടെ അവകാശം മനസ്സിലാക്കട്ടെയെന്നു കരുതുന്നു. പെൺകുട്ടികളുടെ തിരോധനവുമായി ബന്ധപ്പെട്ട പട്ടികജാതി വർഗത്തിൽപ്പെട്ടവർ സമരത്തിലാണ്. അവർ പണിയെടുക്കുന്നില്ല. ലാൽഗാവ് പോലിസ് സ്റ്റേഷനിലെ അഴുക്കുചാൽ നിറഞ്ഞ് കവിയുന്നു. അത് വൃത്തിയാക്കാൻ കീഴാളൻമാരെ കാത്തിരിക്കുന്ന അയാൻ രഞ്ജനും കൂട്ടരും. കാണാതായ മറ്റൊരു പെൺകുട്ടി പൂജയെ കണ്ടെത്താൻ തനിക്ക് ആളുകളുടെ ആവശ്യമുണ്ടെന്ന് പറഞ്ഞ് ദലിത് നേതാവ് നിഷാദിനെ അയാൻ രഞ്ജൻ കാണുകയാണ്. വളരെ ഹൃദയസ്പർശിയാണ് ആ കൂടിക്കാഴ്ച. അയാൻ രഞ്ജനും, അദ്ദേഹത്തിന്റെ സെക്രട്ടറിയായ മയാങ്കും, പോലിസുകാരനായ ജാതവുമാണ് നിഷാദിനെ കാണാൻ വരുന്നത്. മയാങ്കിന്റെ സഹപാഠിയാണ് നിഷാദ്.
എന്തുകൊണ്ടാണ്
നിങ്ങൾ ഇനിയും

**തനിക്കുചുറ്റും നടക്കുന്ന ജാതിവേർത്തിരുവുകളിൽ മനം മടുത്ത അയാൻ രഞ്ജൻ തന്റെ ഓഫിസിൽ ഭരണഘടനയിലെ ആർട്ടിക്കൾ 15ന്റെ കോപ്പി ഒട്ടിക്കുന്നു. എന്നിട്ടെങ്കിലും ജനം തങ്ങളുടെ അവകാശം മനസ്സിലാക്കട്ടെയെന്നു കരുതുന്നു.**





നിങ്ങളുടെ അവകാശം നേടിയെടുക്കാത്തത് എന്ന് മയാങ്ക് ആശങ്കപ്പെടുന്നിടത്ത് നിഷാദ് പറയുന്നുണ്ട്, പഠിക്കുന്ന കാലം തനിക്ക് പരീക്ഷക്ക് 90 മാർക്ക് ലഭിച്ചാൽ പരീക്ഷപേപ്പർ ചോർന്നു എന്നു വിശ്വസിക്കുന്ന സഹപാഠികളും അദ്ധ്യാപകരുമായിരുന്നു തനിക്ക് ചുറ്റും ഉണ്ടായിരുന്നത്. അവരിൽ നിന്നു കാലം ഒരു ഇഞ്ചുപോലും മാറിയിട്ടില്ല.

നിഷാദിന് മുന്നോട്ട് പോകാൻ ഇനിയും കടമ്പകൾ ഒരു പാടാണ്.

*"ഹം കഭി ഹരിജൻ ഹോ ജാത്തേ ഹേ, കഭി ബഹുജൻ ഹോ ജാത്തേ ഹേ,*

*ബസ് ജൻ നഹി ബൻ പാത്തേ ഹേ,*

*താകി, ജൻ ഗണ മൻ മേ ഹമാരീ ഭി ഗിൻതി ഹോ!"*

നിഷാദിന്റെ ഈ ഡയലോഗാണ് ആർട്ടിക്കിൾ 15 എന്ന ചിത്രത്തിന്റെ രത്നചുരുക്കം. ചിലപ്പോൾ ഹരിജനായും ചിലപ്പോൾ ഒരു ആൾക്കൂട്ടമായും മാത്രം കണക്കിൽപ്പെടുന്നവരാണ് തങ്ങൾ. എന്നാൽ ഒരിക്കലും സർവവിധ അവകാശങ്ങളോടും കൂടിയ ജനം മാത്രമാകാൻ ഞങ്ങളെ അനുവദിക്കുന്നില്ല. ഇന്നും ജനഗണമനയിൽ ഭാഗമാകാൻ അധികരമില്ലാത്തൊരു ജനം.

**ചിലപ്പോൾ ഹരിജനായും ചിലപ്പോൾ ഒരു ആൾക്കൂട്ടമായും മാത്രം കണക്കിൽപ്പെടുന്നവരാണ് തങ്ങൾ. എന്നാൽ ഒരിക്കലും സർവവിധ അവകാശങ്ങളോടും കൂടിയ ജനം മാത്രമാകാൻ ഞങ്ങളെ അനുവദിക്കുന്നില്ല. ഇന്നും ജനഗണമനയിൽ ഭാഗമാകാൻ അധികരമില്ലാത്തൊരു ജനം.**

കൊല്ലപ്പെട്ട പെൺകുട്ടികളുടെ പോസ്റ്റുമോർട്ടം നടത്തിയ ഡോ.മാലതി റാമിന്റെ സഹായത്തോടെ ലഖ്നോവിൽ അയാൻ രഞ്ചൻ ഡിഎൻഎ പരിശോധന നടത്തിക്കുന്നു. പെൺകുട്ടികളെ ബലാൽസംഘം നടത്തികൊലപ്പെടുത്തിയത് അൻഷു നഹാരിയാണെന്ന് ഡിഎൻഎ ടെസ്റ്റിൽ വെളിവാകുന്നതോടെ നഹാരിയക്കുള്ള കുരുക്ക് മുറുക്കുകയാണ് അയാൻ. എന്നാൽ ബ്രഹ്മദത്ത് അൻഷു നഹാരിയയെ ഒളിവിൽ പാർപ്പിക്കുന്നു. പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയ മഞ്ഞ സ്കൂൾബസ്സും ക്രൂരമായി ഉപദ്രവിച്ച് ബലാൽസംഘം ചെയ്തുകൊന്ന അൻഷുവിന്റെ ഉടമസ്ഥതയിലുള്ള സ്കൂൾമുറിയും അയാനും സംഘവും കണ്ടെത്തും. ബ്രഹ്മദത്ത്, അയാൻ രഞ്ചന്റെ സഹായി നിഹാൽ സിങ് എന്നിവരും പെൺകുട്ടികളെ ബലാൽസംഘം ചെയ്തിട്ടുണ്ടന്ന് വെളിപ്പെടുന്നതോടെ ബഹ്മദത്ത് സ്വന്തം നിലനിൽപ്പിനായി അൻഷുവിനെ വെടിവച്ചു കൊല്ലുന്നു. ഇതിനിടെ പണിക്കർ എന്ന സിബിഐ ഓഫീസർ അയാനെ സസ്പെന്റ് ചെയ്യുന്നെങ്കിലും അയാൻ പിൻമാറില്ല. അയാൻ രഞ്ചന്റെ നിർദേശപ്രകാരം കിഷൻ ജാതവ് ബ്രഹ്മദത്തിനെ അറസ്റ്റുചെയ്യുന്നു. കുറ്റകൃത്യം സംബന്ധിച്ചതും സിബിഐകേസ് അട്ടിമ

റിക്കാൻ നോക്കിയതുൾപ്പെടെയുള്ള തെളിവുകൾ അയാൻ ആഭ്യന്തരമന്ത്രാലയത്തിനയക്കുന്നു. ഒപ്പം പൂജയെ അന്വേഷിച്ച് മറ്റൊരു സംഘത്തിനൊപ്പം അയാൻ രഞ്ചൻ ഇറങ്ങുകയാണ്. വനാന്തര പ്രദേശത്ത് ഒരൽപ്പംജീവൻ മാത്രം അവശേഷിച്ച പൂജയെ രഞ്ചനും അവളുടെ സഹോദരിയും കണ്ടെത്തുന്നു. ഇതിനിടെ നിഷാദിനെ വ്യാജ ഏറ്റുമുട്ടലിൽ കൊലപ്പെടുത്തുന്നുമുണ്ട് പോലിസ്.

2014 മെയ് 27ന് ഉത്തർപ്രദേശിലെ ബദായുൻ എന്ന ഗ്രാമത്തിൽ രണ്ടുപെൺകുട്ടികൾ ബലാൽസംഘത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ നിന്നുമാണ് അനുഭവ് സിൻഹ ആർട്ടിക്കിൾ 15നുള്ള കഥയുണ്ടാക്കിയത്. ആ കേസ്സിൽ പോലിസ് കോൺസ്റ്റബിൾമാർ ഉൾപ്പടെ ഏഴുപേർ കുറ്റക്കാരാണെങ്കിലും ബലാൽസംഘം നടന്നിട്ടില്ലെന്നാണ് സിബിഐ ഭാഷ്യം. വിചിത്രമായ ഭാഷ്യങ്ങളാണ് പോലിസും സിബിഐയും ഡോക്ടർമാരും ബദായുൻ കേസ്സിൽ എടുത്തിട്ടുള്ളത്. പ്രതികളും ഇരകളും ഒരേ ജാതിയിൽപ്പെട്ടവരായിരുന്നുവെന്നും പ്രതികളിലൊരാളുമായ പ്രണയത്തിലായിരുന്ന മുതിർന്ന കുട്ടിയുടേതടക്കം ദുരഭിമാനക്കൊലയാണെന്നുമൊക്കെയാണ് പോലിസിന്റെ കഥ. എന്നാൽ പോസ്റ്റുമാർട്ടം നടത്തിയ ലേഡി ഡോക്ടർ താൻ ഇതുവരെ പോസ്റ്റുമാർട്ടം നടത്തിയിട്ടില്ലെന്നും തന്നോട് ഉത്തരവിട്ടപ്പോൾ ചെയ്താണെന്നും അതുതന്നെ രാത്രിയാണ് പോസ്റ്റുമാർട്ടം ചെയ്തത് എന്നുമാണ് പറഞ്ഞത്.



*അനുഭവ് സിൻഹ*

**ഈയടുത്താണ് ഉത്തർപ്രദേശിൽ രണ്ടുപെൺകുട്ടികളെ വിഷം ഉള്ളിൽചെന്നുമരിച്ച നിലയിൽ കണ്ടത്തിയത്. സിനിമയിൽ കണ്ട എല്ലാവരെയും നമുക്ക് യഥാർഥജീവിതത്തിലും കണ്ടെത്താനായി, എന്നാൽ അയാൻ രഞ്ചനെപ്പോലെ സത്യസന്ധനായ, ചങ്കുറപ്പുള്ള ഇച്ഛാശക്തിയുള്ള ഒരു പോലിസ് ഓഫിസർ എന്നാണ് അവിടങ്ങളിലുണ്ടാവുക.**



*ഗൗരവ് സോലങ്കി*

എന്നാൽ ഇതെല്ലാം നിഷേധിക്കുന്ന നിലപാടാണ് കുട്ടികളുടെ മാതാപിതാക്കൾ എടുത്തത്. പ്രതികളും പോലിസും ഒന്നുചേർന്ന് കേസ്സ് പ്രാരംഭഘട്ടത്തിൽ തന്നെ അട്ടിമറിച്ചുവെന്നാണ് അവർ പറയുന്നത്. 2016ൽ ദാദ്രിയിൽ പശുവിറച്ചി കൈവശംവച്ചു എന്നു പറഞ്ഞ് മുഹമ്മദ് അഖ്ലാഖ് ഖാനെ ആൾക്കൂട്ടക്കൊലനടത്തിയ ഉന സംഭവവും ചിത്രത്തിൽ കോർത്തിണക്കിയിട്ടുണ്ട്. നീതിക്ക് വേണ്ടി കേണപേക്ഷിക്കരുതെന്ന് തന്റെ അണികളോട് ആഹ്വാനം ചെയ്തിരുന്ന നിഷാദ് എന്ന റീൽ ലൈഫ് ഹീറോ ചന്ദ്രശേഖർ ആസാദ് എന്ന റിയൽ ലൈഫ് ഹീറോയുമായി അപാരസാദൃശ്യം ഉള്ളത് വെറുതെയല്ല. യാഥാർഥ ജീവിതവുമായി ഏറെ അടുത്തുനിൽക്കുന്ന കഥയാണ് ആർട്ടിക്കിൾ 15ന്റേത്. എന്നാൽ ഒരു കാര്യം മാത്രം മനസ്സിലാക്കാൻ വലിയ പ്രയാസമാണ്. ഇത് എഴുതുക്കൊണ്ടിരിക്കുമ്പോഴാണ് ഉത്തർപ്രദേശിൽ രണ്ടുപെൺകുട്ടികളെ വിഷം ഉള്ളിൽചെന്നുമരിച്ച നിലയിൽ കണ്ടത്തിയത്. സിനിമയിൽ കണ്ട എല്ലാവരെയും നമുക്ക് യഥാർഥജീവിതത്തിലും കണ്ടെത്താനായി, എന്നാൽ അയാൻ രഞ്ചനെപ്പോലെ സത്യസന്ധനായ, ചങ്കുറപ്പുള്ള ഇച്ഛാശക്തിയുള്ള ഒരു പോലിസ് ഓഫിസർ എന്നാണ് അവിടങ്ങളിലുണ്ടാവുക. ഏതായാലും ആർട്ടിക്കിൾ 15 എന്നത് ബ്രാഹ്മണനായ ഒരു പോലിസ് ഓഫിസറെ വെള്ളപൂശിക്കാണലാണ് എന്നു പറഞ്ഞാലും തെറ്റില്ല.●

ജമാന അബ്ദുൽ അസീസ്

സൈക്കോളജി

# പ്രണയത്തിന്റെ 'വർഗ'ഭേദങ്ങൾ

കൊറോണയും ലോക്ക്ഡൗണുമായി ജീവിതം വീട്ടിൽക്കുത്തിയിരുപ്പുമാത്രമായി മാറിയൊരു ദിവസമാണ് രത്ന ആത്മാവിനെ നീറ്റുന്നൊരു നിർവ്യതിയായി കടന്നുവന്നത്. ദിവസങ്ങളോളം രത്നയെന്ന പോരാളിയായ ആ യുവതിയും അവളുടെ അപൂർവസുന്ദരപ്രണയവും മനസ്സിനെയാകെ വലച്ചു. ജീവിതത്തിൽ വ്യക്തിപരമായ കാരണങ്ങളാൽ തനിച്ചായി പോയ രണ്ടുപേർ ഒരു ഫ്ളാറ്റിൽ ഒന്നിച്ചു കഴിയേണ്ടിവരുന്നു. ഒരാൾ വീട്ടുജോലിക്കാരിയും മറ്റേയാൾ അവളുടെ സാറുമാണ്. അടുത്തിടെകണ്ടതിൽ ഏറെ ഹൃദയഹാരിയായ ചിത്രമാണ് Is love enough, sir, ?. റോഹേന ഗെറെ എഴുതി സംവിധാനം ചെയ്ത ഒരു ഫീൽഗുഡ് ബോളിവുഡ് ചലച്ചിത്രമാണ് സർ. എന്നാൽ ബോളിവുഡിന്റെ സ്ഥിരം പാറ്റേണിൽ നിന്നും തീർത്തും വ്യത്യസ്ഥമായ ഒരുചിത്രം. ഒരു പക്ഷേ അതിന്റെ പ്രമേയമാണ് ചിത്രത്തെ വേറിട്ടുനിർത്തുന്നത്. തിളങ്ങുന്ന ഇന്ത്യയിലെ കോടിക്കണക്കിനു വരുന്ന സാധാരണക്കാരുടെ ജീവിതം, വിധവകളുടെ അവസ്ഥ,



ക്ലാസ് വേർതിരുവുകൾ തുടങ്ങി വിവിധ വിഷയങ്ങൾ വളരെ മനോഹരമായി ഒപ്പിയെടുത്തിട്ടുണ്ട് സംവിധായിക. ചിത്രത്തിലെ വീട്ടുവേലക്കാരിയായെത്തുന്ന തിലോത്തമ ഷോമെയെ ഇതിനുമുമ്പും നാം കണ്ടിട്ടുണ്ട്. 2001ൽ പുറത്തിറങ്ങിയ മീരാനായരുടെ മൺസൂൺ വെഡ്ഡിങ്ങിലെ ആലിസ്, അംഗ്രേസി മീഡിയത്തിലെ ഏജൂക്കേഷൻ കൺസൾട്ടന്റ് തുടങ്ങി കിസ്സ- ദി ടെയ്ൽ ഓഫ് എ ലോൺലി ഗോസ്റ്റ്, തഷർദേശ്, ഹിന്ദി മീഡിയം, എ ഡെത്ത് ഇൻ ദ ഗുഞ്ച്, കഡ്‌വി ഹവ, രാഹ്ഗിർ എന്നീ ചിത്രങ്ങളിലെ അവിസ്മരണീയ അഭിനയത്തിലൂടെ നമ്മെയെല്ലാം അമ്പരിപ്പിച്ച നടിയാണ് തിലോത്തമ ഷോമെ.

വിവേക് ഗോംബർ, ഗീതാഞ്ജലി കുൽക്കർണി എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാനകഥാപാത്രങ്ങളെയവതരിപ്പിക്കുന്നത്.

രണ്ടാഴ്ച്ചത്തെ അവധിക്കാണ് രത്ന മുംബൈയിൽ നിന്ന് തന്റെ ഗ്രാമത്തിലെത്തുന്നത്. എന്നാൽ വന്നയുടൻ തന്നെ അവൾ ജോലിസ്ഥലത്തേക്ക് തിരിച്ചുപോകാൻ നിർബന്ധിതയാവുന്നു. കാരണം അവരുടെ സാർ നിശ്ചയിപ്പിച്ചുറപ്പിച്ച വിവാഹം വേണ്ടെന്നു വച്ച് തിരികെ വന്നിരിക്കുകയാണ്. മുംബൈയിലെ അതിസമ്പന്നകുടുംബത്തിലെ അംഗമാണെങ്കിലും എഴുത്തും വായനയുമായി തന്റേതായ ലോകത്ത് ജീവിച്ചിരുന്ന യുവാവാണ് ചിത്രത്തിലെ നായകനായ അശ്വിൻ. അയാൾ ശാന്തനാണ്, അഭിനയിക്കാൻ അറിയാത്തവനാണ്, സഹജീവി സ്നേഹം ഉള്ളവനാണ്, പ്രകടനപരതയിൽ വിശ്വസിക്കാത്തയാളാണ്, ആൾക്കൂട്ടത്തിലും ഏകാന്തത അനുഭവിക്കുന്നവനാണ്.

അശ്വിന്റെ ലക്ഷ്വറി ഫ്ളാറ്റിലെ വീട്ടുജോലിക്കാരിയാണ് രത്ന. മഹാരാഷ്ട്രയിലെ ഏതോ ഒരു ഗ്രാമത്തിലാണ് രത്നയുടെ വീട്. വിവാഹത്തിന്റെ നാലാം മാസം അസുഖക്കാരനായ ഭർത്താവ് മരിക്കുന്നതോടെ വിധവയായതാണ് രത്ന. ഗ്രാമത്തിൽ അങ്ങനെയൊരവസ്ഥ എന്നാൽ ജീവിതം അവിടെ അവസാനിച്ചു എന്നാണ്. പക്ഷേ രത്നയുടെ ജീവിതം അവിടെ തുടങ്ങുകയായിരുന്നു. തന്റെ വിധിയെ പഴിച്ച് അവിടെതന്നെയിരിക്കാൻ രത്ന തയ്യാറല്ലായിരുന്നു. തനിക്ക് അറിയാവുന്ന ഒരു ജോലിക്കായി മുംബൈയിലേക്ക് അവൾ എത്തുകയാണ്.

**വിവാഹത്തിന്റെ നാലാം മാസം അസുഖക്കാരനായ ഭർത്താവ് മരിക്കുന്നതോടെ വിധവയായതാണ് രത്ന. ഗ്രാമത്തിൽ അങ്ങിനെയൊരവസ്ഥ എന്നാൽ ജീവിതം അവിടെ അവസാനിച്ചു എന്നാണ്. പക്ഷേ രത്നയുടെ ജീവിതം അവിടെ തുടങ്ങുകയായിരുന്നു.**

മുംബൈയിലേക്കുള്ള രത്നയുടെ ഓരോ ബസ്സ് യാത്രയും മറ്റൊരു പ്ലാനറ്റിലേക്കുള്ള യാത്രയാണെന്നു തോന്നിപോകും. കാരണം ബസ്സിലിരുന്നാണ് അവൾ ഒരുങ്ങുന്നത്, കൈകളിൽ വളയിടുന്നത്. ഗ്രാമത്തിൽ ഒരു വിധവയുടെ ജീവിതം അസാധ്യമാണെന്ന് പറയാതെ പറയുകയാണ് സംവിധായിക. തന്റെ അനിയത്തിയുടെ വിവാഹത്തിനുപോലും സദസ്സിൽ മുഖം കാണിക്കാനാവാതെ മറഞ്ഞു നിൽക്കേണ്ടിവന്ന ഹതഭാഗ്യയാണ് രത്ന. മഹാനഗരത്തിലേക്കുള്ള അവളുടെ വരവ് സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രതന്നെയാണ്.

ജീവിതത്തിൽ ഏറ്റവും ഏകാന്തതയനുഭവിക്കുന്ന രണ്ടു പേർ ഒരേ വീട്ടിൽ കഴിയുന്നു. ഒരു സാറും അയാളുടെ വീട്ടുജോലിക്കാരിയും. തങ്ങൾക്ക് ഇഷ്ടമില്ലാത്ത ജോലികൾ ചെയ്യുന്നു എന്നതൊഴിച്ചാൽ ഇരുവരെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒന്നും തന്നെയില്ലാ എന്നതാണ് വാസ്തവം. ഒരാൾ എഴുത്തുകാരനാവാൻ ആഗ്രഹിക്കുന്ന ബിൽഡർ, മറ്റൊരാൾ ഫാഷൻ ഡിസൈനർ ആകാൻ ആഗ്രഹിക്കുന്ന വീട്ടുവേലക്കാരി.

എന്നാലും അശ്വിന്റെ ഓരോ മൂഡും അറിയുന്നവളാണ് രത്ന. ജോലികഴിഞ്ഞ് നൈരാശ്യത്തോടെ കയറിവരുന്ന അശ്വിനെ രത്ന നിരന്തരം നിരീക്ഷിക്കുന്നുണ്ട്. രത്നയുണ്ടാക്കുന്ന ഭക്ഷണം ഒന്നു രുചിച്ചുപോലും നോക്കാതെ സോഫയിൽ കിടന്നുറങ്ങിപ്പോകുന്ന അശ്വിനെ അയാൾ പോലും അറിയാതെ കമ്പിളി പുതപ്പിച്ചു കൊടുക്കുന്ന രത്ന. ഫ്ളാറ്റിലെ ബാൽക്കണിയിൽ ഹതാശനായ നിൽക്കുന്ന അശ്വിനെ കണ്ട് അയാൾ ആത്മഹത്യ ചെയ്യാൻ പോവുകയാണോ എന്നു തെറ്റിധരിക്കുന്ന രത്ന.

തന്നിലുള്ള സകല ധൈര്യവും സ്വരുക്കൂട്ടി അന്നാണ് അവൾ അത് അയാളോട് പറയുന്നത്. ഇനിയും പറയാതിരിക്കുന്നത് എന്തിനെന്നവൾക്കു തോന്നികാണണം. വിവാഹത്തിന്റെ നാലാം മാസം വിധവയായവളാണ് താൻ. ഇപ്പോൾ, ശരിയാണ് താൻ ഒരു വേലക്കാരിയാണെങ്കിലും സ്വന്തമായി സമ്പാദിക്കുന്നു. അനിയത്തിയെ പഠിപ്പിക്കുന്നു. ഗ്രാമത്തിൽ ആയിരുന്നെങ്കിൽ തന്റെ ജീവിതം തീർന്നുപോയെനെ. ജീവിതം ഒരിക്കലും തീർന്നു പോകില്ല സർ, ഇത്രയേ പറയാനുള്ളൂ" എന്നും പറഞ്ഞ് രത്ന അയാളുടെ അടുത്ത് നിന്നും വേഗത്തിൽ നടന്നകലുകയാണ്. രത്നയുടെ വാക്കുകൾ അയാളുടെ ഉള്ളുലയ്ക്കുന്നുണ്ട്. അത് അവർക്കിടയിലുള്ള ദൂരം കുറച്ചുവോ? തീർച്ചയായും ഇരുഹൃദയങ്ങളും ഇപ്പോൾ അത്ര അപരിചതരല്ല. അശ്വിന്റെ ഓരോ ചലനവും അടുത്ത നിമിഷത്തെ മനോഗതിയുമൊക്കെ അത്രമേൽ അറിയുന്നവളായിട്ടുണ്ട് രത്ന. പതുക്കെ പതുക്കെ അശ്വിന്റെ ജീവിതത്തിന്റെ കൺട്രോൾ അയാളോ അവളോ അറിയാതെ രത്നയുടെ കൈകളിലാവുന്നുണ്ട്.

അയാളെ കാണാൻവരുന്ന കുടുംബാംഗങ്ങളിൽ നിന്നും അവരുടെ ടെലിഫോൺകോളുകളിൽ നിന്നുമൊക്കെ അശ്വിനെ സംരക്ഷിക്കുന്നത് രത്നയാണ്. സാറിനെക്കുറിച്ച് ഡ്രൈവറും വാച്ച്മാനും നടത്തുന്ന അനാവശ്യ ഗോസ്സിപ്പിൽ നിന്നുമൊക്കെ രത്ന സാറിന് വൻപ്രതിരോധമാവുന്നു. അതുപോലെ തന്നെ അശ്വിനും രത്നയെ മനസ്സിലാക്കുന്നിടം മുതൽ ചിത്രം സുഖദമായ ഒരു ഒഴുക്കിലേക്കെത്തുകയാണ്. അനിർവചനീയമായ, അനുപമമായ ഒരു ഒഴുക്ക്. സത്യത്തിൽ രത്നയ്ക്ക് അശ്വിനോട് പ്രണയമുണ്ടെന്ന് പ്രക്ഷേകന് മനസ്സിലാക്കിയെടുക്കാൻ ബുദ്ധിമുട്ടാണ്. അവളുടേത് പ്രണയമല്ല മറിച്ച് ജീവിതം ഇങ്ങനെത്തന്നെ തുടരും എന്നു അവൾ കരുതിയിട്ടുണ്ടാകാനും മതി. ഓരോ ഘട്ടത്തിലും തെളിഞ്ഞുവരുന്ന അന്തലീനമായ ഒരു കുലീനതയുണ്ട് രത്നയ്ക്ക്. തന്റെ ആത്മാഭിമാനം മറന്നു പോകാത്തവളാണ് രത്ന. അശ്വിനും സഹോദരിയും തമ്മിലുള്ള സംസാരത്തിനിടെ ഭക്ഷണം എടുക്കട്ടെ എന്നു ചോദിക്കുന്ന രത്നയോട് കയർത്തു സംസാരിക്കുന്ന സഹോദരി. ഭർത്താവ് തന്നെ ലഞ്ചിനും കാത്തിരിക്കുകയാണെന്നും ആ ബ്ലഡി മെയിഡ് ഇന്നു പണിക്കു വന്നിട്ടില്ലെന്നുമാണ് ഭക്ഷണം കഴിക്കാതെ




**അയാളെ കാണാൻവരുന്ന കുടുംബാംഗങ്ങളിൽ നിന്നും അവരുടെ ടെലിഫോൺകോളുകളിൽ നിന്നുമൊക്കെ അശ്വിനെ സംരക്ഷിക്കുന്നത് രത്നയാണ്. സാറിനെക്കുറിച്ച് ഡ്രൈവറും വാച്ച്മാനും നടത്തുന്ന അനാവശ്യ ഗോസ്സിപ്പിൽ നിന്നുമൊക്കെ രത്ന സാറിന് വൻപ്രതിരോധമാവുന്നു.**

അവിടെ നിന്നും ഇറങ്ങുമ്പോൾ അവർ പറയുന്നത്. ഇതാണ് വീട്ടുജോലിക്കാരെക്കുറിച്ചുള്ള ഉപരിവർഗത്തിന്റെ മുൻവിധി. ബ്ലഡി മെയിഡ്! ചിത്രത്തിൽ പലയിടത്തും ഇത്തരം പരാമർശങ്ങളോ, അവഹേളനങ്ങളോ ഒക്കെ രത്ന കേൾക്കുന്നുണ്ട്. ഒരിക്കൽ അശ്വിന്റെ വീട്ടിൽ നടന്ന പാർട്ടിക്കിടെ രത്നയുടെ കൈതട്ടി വൈൻഗ്ലാസ് മറിഞ്ഞ് സുഹൃത്തായ അങ്കിതയുടെ ഗൗൺ അലങ്കോലമാവുന്നു. അതോടെ ക്ഷുപിതയായി എണീക്കുന്ന അവർ അശ്വിനോട് രത്നയുടെ സാലറിയിൽ നിന്നും ആയിരം രൂപ കട്ട് ചെയ്യണമെന്നും എങ്കിലെ ഈ വീട്ടുജോലിക്കാരൊക്കെ പഠിക്കുകയുള്ളൂ എന്നും പറയുന്നു. തന്റെ വീട്ടുജോലിക്കാരിയാണെങ്കിൽ എന്നേ പുറത്താക്കിയേനെ എന്നു പറയുന്ന അങ്കിതയോട് "ഫോർച്യുണേറ്റിലി ഷീ ഡസ്ന്റ് വർക്ക് ഫോർ യു" എന്നാണ് അശ്വിൻ മറുപടി പറയുന്നത്. മറ്റുള്ള

വർ രത്നയെ മെയിഡ് എന്നു വിളിക്കുമ്പോൾ അശ്വിൻ രത്നയെ ഡൊമസ്റ്റിക്ക് ഹെൽപ്പ് എന്നാണ് വിളിക്കുന്നത്.

പഠിക്കണമെന്നും ജീവിതത്തിൽ ആരെങ്കിലുമൊക്കെ ആയിത്തീരണം എന്ന് ആഗ്രഹമുള്ളവളാണ് രത്ന. ജീവിതത്തിലെ എറ്റവും വലിയ ആഗ്രഹം ഫാഷൻ ഡിസൈനർ ആകണമെന്നാണ്. രത്ന തയ്യൽ പഠിച്ചെടുക്കുന്നുണ്ട്. ടൗണിലേക്കുള്ള യാത്രയിൽ ഒരു ബൂട്ടിക്കിൽകയറുന്ന രത്നയെ അവിടെനിന്നു ഉടമ ഇറക്കിവിടുന്നു. നിനക്ക് ടെയ്‌ലർ ആവാനാണോ ഇഷ്ടം എന്നു അശ്വിൻ ചോദിക്കുമ്പോൾ, ഫാഷൻ ഡിസൈനർ എന്നു തിരുത്തുകയാണ് രത്ന. രത്നക്കുള്ള തയ്യൽ മെഷീനും ഫാഷൻ സംബന്ധിയായ കാറ്റ്ലോഗുകളുമായിട്ടാണ് അന്ന് അശ്വിൻ വീട്ടിൽ എത്തുന്നത്. അനിയത്തിയുടെ വിവാഹത്തിന് രത്ന നാട്ടിൽ പോയ ദിവസം അശ്വിൻ ആ വലിയ ഫ്ളാറ്റിൽ ഒറ്റപ്പെടുന്നു. രത്നയുടെ മുറിയിൽ കയറിയ നോക്കുന്ന അശ്വിൻ തിരിച്ചറിയുകയാണ്, തന്റെ ജീവിതത്തിൽ രത്നയുടെ സ്ഥാനം. അത് അയാളെ അസ്വസ്ഥനാക്കുന്നു.

നാട്ടിൽ നിന്നു തിരിച്ചെത്തുന്ന രത്നയോട് അടുക്കാൻ ശ്രമിക്കുകയാണ് അശ്വിൻ. എന്നാൽ സമചിത്തത തിരിച്ചെടുക്കുന്ന രത്ന തന്റെ മുറിയിൽ കയറി അവളിലേക്ക് തന്നെ ഉൾവലിയുന്നു. തന്നോടൊപ്പം പുറത്തേക്ക് പോരുമോ എന്നു ചോദിക്കുന്ന അശ്വിനോട് തനിക്ക് തെറ്റുപറ്റിപ്പോയി എന്നു പറയുകയാണ് രത്ന. സാറിന്റെയൊപ്പം പുറത്തേക്ക് വന്നാൽ എല്ലാവരും കളിയാക്കും എന്നു പറയുന്ന രത്നയോട് താൻ അത് കാര്യമാക്കുന്നില്ലെന്നു പറയുമ്പോൾ തനിക്കതെല്ലാം കാര്യമാണ് സർ എന്നാണ് രത്നയുടെ മറുപടി.

ഈ പണക്കാരുടെ ജീവിതം എത്രയെളുപ്പമാണ് എന്ന് എപ്പോഴും കരുതാറുണ്ട് പക്ഷേ അവർക്ക് തങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ നിന്നു കടക്കണം എന്നുണ്ടെങ്കിലും കടക്കാനാവുന്നില്ലല്ലോയെന്നാണ് രത്ന അയാളോട് പറയുന്നത്.

ഒരിക്കലും ഒരു വീട്ടുജോലിക്കാരിയെ പ്രണയിക്കരുതെന്നും കുടുംബത്തിലോ വീട്ടിലെ ചടങ്ങുകൾക്കോ അവളെ കൊണ്ടുപോകാൻ പറ്റില്ലെന്നുമൊക്കെയുള്ള ഉപദേശവുമായി വരുന്ന സുഹൃത്തിനോട് അശ്വിൻ പറയുന്നത് ഇത് പ്രണയമല്ലെന്നും ഒരു തരം വിശ്വാസം, അതാണ് തനിക്ക് രത്നയോട് തോന്നുന്നതെന്നുമാണ്. സത്യമാണ്, രത്ന ഒരു വേലക്കാരിയാണ്. തന്റെ മാസ്റ്ററെ ഏറ്റവും നന്നായി അറിയുന്ന ഒരു പെണ്ണ്. അവളെ സ്നേഹിക്കുന്നുവെങ്കിൽ അവളെ വെറുതെവിടാനാണ് ആ സുഹൃത്ത് അശ്വിനോട് പറയുന്നത്. അതുതന്നെയാണ് രത്ന ചെയ്യുന്നത്. രത്നയുടെ സ്നേഹം എങ്ങിനെയുള്ളതാണ് എന്ന് പ്രേക്ഷകനു ഊഹി

**ടൗണിലേക്കുള്ള യാത്രയിൽ ഒരു ബൂട്ടിക്കിൽകയറുന്ന രത്നയെ അവിടെനിന്നു ഉടമ ഇറക്കിവിടുന്നു. നിനക്ക് ടെയ്‌ലർ ആവാനാണോ ഇഷ്ടം എന്നു അശ്വിൻ ചോദിക്കുമ്പോൾ, ഫാഷൻ ഡിസൈനർ എന്നു തിരുത്തുകയാണ് രത്ന.**



ക്കാൻ പോലുമാവാത്തതാണ്. നിലവിൽ ഒരു മകന് നഷ്ടപ്പെട്ടിരിക്കുന്ന അമ്മയുടെ മകനാണ് അശ്വിൻ. അവരെ ഇനിയും വേദനിപ്പിക്കാൻ തനിക്കാവില്ല. ഇക്കാര്യം വീട്ടിൽ പറയുകപോലും അരുത് എന്ന് വിലക്കുകയാണ് രത്ന. വീട്ടിൽ നടന്ന പാർട്ടി കഴിഞ്ഞപ്പോൾ അശ്വിൻ അടുക്കളയിൽ വന്ന് രത്നയെ കാത്തുനിക്കണോ എന്നു ചോദിച്ചതുപോലും മറ്റുള്ള ജോലിക്കാരിൽ ചിരിപടർത്തുകയാണ്. അത് അശ്വിന്റെ നല്ലവശമാണ്, ഒരാളോട് നന്നായി പെരുമാറുക എന്നത്. എന്നിട്ടും ജോലിക്കാർ രത്നയെ അശ്വിന്റെ പേരും പറഞ്ഞ് കളിയാക്കുന്നു. അപ്പോൾ ഒരു സംശയം, എത്രയെല്ലാം തുല്യരാവാൻ നാം ശ്രമിച്ചാലും നാം തുല്യരാണോ? ക്ലബ്ബിൽ സ്കാഷ് കളിക്കുകയും ഇംഗ്ലീഷ് സംസാരിക്കുകയും ചെയ്യുന്ന അശ്വിൻ. എന്നാൽ രത്ന വീട്ടിലേക്ക് ഫോൺവിളിക്കുന്നത മറാഠിയിലാണ്. ഇത്രയും പേർക്ക് വച്ചുണ്ടാക്കിക്കൊടുത്തിട്ട് തറയിലിരുന്ന് ഭക്ഷണം കഴിക്കുന്ന രത്നയെകാണുമ്പോൾ അശ്വിൻ അസ്വസ്ഥനാവുന്നുണ്ട്. എന്നാൽ അശ്വിന്റെ കരുതലിനെ മോശമായിട്ടാണ് രത്ന കരുതുന്നത്. സാറിന് തന്നോട് എന്തു വികാരം തോന്നിയാലും താങ്കളുടെ വേലക്കാരിയാണ് എന്നാണ് അവൾ പറയുന്നത്. തന്നെക്കുറിച്ച് എന്തെങ്കിലും മോശം കേട്ടാൽ വീട്ടുകാർ തന്നെ വലിച്ചിഴച്ച് കൊണ്ടുപോകും. പിന്നെ ജീവിതം വീണ്ടും പഴയതു പോലെ മറ്റുള്ളവർക്കൊരു ഭാരമായിത്തീരും.' ഇത്രയും പറഞ്ഞ രത്ന



*റോഹേന ഗെറെ*

**സാറിന് തന്നോട് എന്തു വികാരം തോന്നിയാലും താങ്കളുടെ വേലക്കാരിയാണ് എന്നാണ് അവൾ പറയുന്നത്. തന്നെക്കുറിച്ച് എന്തെങ്കിലും മോശം കേട്ടാൽ വീട്ടുകാർ തന്നെ വലിച്ചിഴച്ച് കൊണ്ടുപോകും. പിന്നെ ജീവിതം വീണ്ടും പഴയതു പോലെ മറ്റുള്ളവർക്കൊരു ഭാരമായിത്തീരും.**

അവിടെ നിന്നിന്നറങ്ങുന്നു.

രത്നത്തിന്റെ തിളക്കമുണ്ട് രത്നയുടെ ജിവിതകാഴ്ചപ്പാടിന്. തന്റെ സ്വപ്നം, ആഗ്രഹിക്കുന്ന ഒരു ജോലിയിലേക്കുള്ള യാത്രയാണെന്ന് രത്നയ്ക്ക് വ്യക്തമായി അറിയാം. അതുകൊണ്ടാണ് അവൾ അവിടെ നിന്നും ഇറങ്ങുന്നത്. മറ്റൊരു ജോലി തപ്പി അനിയത്തിയുടെ ഫ്ളാറ്റിൽ നിൽക്കുന്ന രത്നയെ തേടി ഒരു ഫോൺകോൾ എത്തുന്നതോടെ രത്നയുടെ ജീവിതം മാറിമറിയുകയാണ്. രത്ന തന്റെ സ്വപ്നത്തിലേക്ക് പതിയെ നടന്നടുക്കുമ്പോൾ അവൾക്ക് പെട്ടെന്ന് അശ്വിനെ ഓർമ വരും. അയാളെ തേടി ഫ്ളാറ്റിലെത്തുന്ന രത്നയ്ക്ക് നിരാശയാണ് ഫലം. കാരണം അയാൾ എന്നോ അവിടം വിട്ടുപോയി. തന്റെ കംഫർട്ട് സോണായ ഫ്ളാറ്റിലെ ടെറസ്സിൽ പോയി നിൽക്കുന്ന രത്നയെത്തേടി വീണ്ടും ഒരു ഫോൺകോൾ എത്തുന്നു. അവൾ കേൾക്കാൻ ഏറെ ആഗ്രഹിച്ച ഒരു കോൾ, മറുതലയ്ക്കൽ നിന്നും രത്ന എന്ന വിളി... വിതുമ്പിക്കൊണ്ട് അവൾ ആദ്യമായി വിളിച്ചു, അശ്വിൻ....

സാർ എന്നി ചിത്രത്തിന്റെ പ്രത്യേകത ജീവിതത്തിലെ ഇത്തരം ചെറിയ ചെറിയ നിമിഷങ്ങളെയാണ് അത് ചിത്രീകരിച്ചിട്ടുള്ളത് എന്നതാണ്. വാതിൽ തുറക്കുന്നത്, ഡോർ കീ പാത്രത്തിൽ ഇടുന്നത്, ചെരുപ്പൂരി എടുത്ത് കൊണ്ടു പോകുന്നത്, ഭക്ഷണം ഉണ്ടാക്കുന്നത്, ഭക്ഷണം ട്രേയിൽ വച്ചുകൊണ്ടു പോകുന്നത്, അടുക്കളയിലുള്ള ചെറിയചെറിയ സംഭാഷണങ്ങൾ അങ്ങനെയങ്ങനെ. അങ്ങനെയാണ് അശ്വിൻ രത്നയെ മനസ്സിലാക്കുന്നത്. ഒരുപക്ഷേ അശ്വിൻ വിവാഹിതനായിരുന്നുവെങ്കിൽ രത്ന വെറുമൊരു വീട്ടുവേലക്കാരിയായും അശ്വിൻ അവൾ കൊണ്ടുവരുന്ന ഭക്ഷണത്തിനു താങ്ക്യു എന്നു പറയുന്ന യജമാനനും മാത്രമായിത്തീരുമായിരുന്നു. ചിത്രത്തിന്റെ അവസാന ഭാഗങ്ങളിൽ ഒന്നിൽ ഒരു പാർട്ടിക്കിടെ ഫിംഗർ ഫുഡുട്രേയുമായി നടന്നു നീങ്ങുന്ന രതനയെ ആരും ശ്രദ്ധിക്കുന്നതുപോലും ഇല്ല. അതുതന്നെയാണ് യഥാർഥത്തിൽ എല്ലാ മെയ്ഡുമാരുടെയും ജീവിതം. ●



# ഭൂമി ഇന്ന് ശാന്തമാണ്

അർഷാദ് കബീർ
ബി എ അറബിക് &
ഇസ്‌ലാമിക് ഹിസ്റ്ററി

വെടിയൊച്ചകളോ കഴുകനെ പോലെ പാറിപറന്നിരുന്ന
യുദ്ധ വിമാനങ്ങളോ കാണാനില്ല..
മൊട്ടുസൂചി കുത്താൻ പോലും ഇടമില്ലാതിരുന്ന
നഗരവീഥികൾ ഇന്ന് അനാഥമാണ്..
ആകാശത്തെ ചുട്ടു പൊള്ളിച്ച ഫാക്ടറി പുകക്കുഴലുകൾ
ഇന്ന് പ്രവർത്തന രഹിതമാണ്..
മനുഷ്യ വിഷവും പേറി ഒഴുകിയിരുന്ന പുഴകളിന്ന്
കലങ്ങി തെളിഞ്ഞിരിക്കുന്നു.. കാട്
നാടാക്കിയ മനുഷ്യനെ ജയിലിൽ അടച്ചപ്പോൾ,
പ്രകൃതിക്ക് ജീവൻ തിരിച്ചു കിട്ടിയിരിക്കുന്നു..

ഭൂമി പച്ചപ്പണിയുന്നു..
വായു ശ്വാസ യോഗ്യമായി മാറിക്കഴിഞ്ഞു.
പുരുഷാധിപത്യത്തിന്റെ ഹുങ്ക് കാട്ടിയ ആൺ രാജാക്കന്മാർ
വീട്ടിലകപ്പെട്ട സ്ത്രീദൈവങ്ങളുടെ
നിത്യ അവസ്ഥ മനസ്സിലാക്കിയിരിക്കുന്നു..
മഹാമാരി മനുഷ്യന് വെട്ടിതെളിച്ചത് മാറ്റത്തിലേക്കും
പഴമയിലേക്കുമുള്ള മടക്കത്തിന്റെ പാതയാണ്..
തിരിച്ചറിവിന്റെ സൂര്യൻ ഉദിക്കാനായിരിക്കാം
ദൈവം മനുഷ്യനിൽ പതിനെട്ടാമത്തെ
അടവും പയറ്റുന്നത്..

നദാ അഫ്നാൻ ബിൻത് അബൂനിഹാദ്
ബി. എ. മലയാളം

# ഉപ്പയില്ലാ യാമങ്ങൾ

ഉപ്പ പോയ രാത്രി,
തിണ്ണമേൽ ചാരിവെച്ച,
വാറു പൊട്ടിയ ചെരിപ്പ്,
കറുത്ത ചായം പൂശിയ കൽപ്പടവിനോട്
എന്തെല്ലാമോ മന്ത്രിച്ചു.
ഇന്നലത്തെ രാത്രികൾ,
പകലിന്റെ സ്വകാര്യതയിലേക്ക്
കടന്നു വന്നപ്പോഴൊക്കെയും
തള്ളി മാറ്റാൻ, ഉമ്മറത്തെ ആ
ചെരിപ്പേ ഉണ്ടായിരുന്നുള്ളൂ.
ഉറക്കറകളിൽ ഉടലു വേവാതിരിക്കാൻ,
ഉപ്പ ചാരി വെച്ച ചെരിപ്പ്

വേദനകളിലൂടെ നടന്നു നടന്ന്,
പ്രയാസത്തിന്റെ മൺക്കുഴികളിൽ വീണ്,
തഴമ്പു പൊട്ടിയ കാൽപ്പാദങ്ങളിൽ പറ്റിച്ചേർന്നിരുന്ന്,
ഉപ്പ താണ്ടിയ വഴികളെ
കൺകുളിർക്കെ കണ്ടതായിരുന്നു.
രാത്രി പെയ്ത മഴയിൽ,
പകലു പൊള്ളിച്ച മണ്ണിൽ,
ഉപ്പയോടൊപ്പം എത്രയെത്ര കാതങ്ങൾ
താണ്ടിയിരിക്കണം.



ഉമ്മ ആറ്റിക്കൊടുത്ത വെള്ളക്കുപ്പികളുമായി,
വരണ്ടുണങ്ങിയ കീശയുടെ തൊണ്ടയിൽ,
ആശ്വാസത്തിന്റെ നെടുവീർപ്പുകൾ തിരുകിക്കയറ്റി,
ഇന്നലെയോളം ഉപ്പ നടന്നു നീങ്ങിയിരുന്നു.

നിശ്ചലമാകാൻ വെമ്പുന്ന ഹൃദയത്തുടിപ്പുകളോട്,
ഇന്നലെയും ഉപ്പ സംവദിച്ചിരുന്നു.
പ്രാണനായ മക്കളെ നോക്കിയങ്ങനെ,
ഇരുട്ടിന്റെ മറയിലും സ്വപ്നങ്ങളോട് മിണ്ടിപ്പറഞ്ഞ്.

ഉപ്പ പോയ രാത്രി, ചെരിപ്പുകൾ പൊട്ടിക്കരഞ്ഞിരുന്നു.
ഉപ്പയോടൊപ്പം നടന്നു നീങ്ങിയ ഓർമകളുമായി.
ഇന്നലെ അനാഥത്വത്തിന്റെ ഇരുട്ടറകളിൽ,
ആണ്ടുപോയത് ജീവസ്സുറ്റ സ്വപ്നങ്ങളായിരുന്നു.

ഉപ്പ പോയ രാത്രി,
മൃത്യു കടിച്ചു പറിച്ചിട്ടത്,
ആയിരം കാതം ഇനിയും താണ്ടാനുള്ള,
ആ ചെരിപ്പുകളായിരുന്നു.

നാളെയുടെ ഓളങ്ങളിലൊന്നും,
ഉപ്പ ഇനി മടങ്ങിവരാത്തിടങ്ങളിലാണെ-
ന്നറിഞ്ഞതിനാലാകണം,
അന്നു തന്നെ അത് നെഞ്ചു പൊട്ടി,
വെണ്ണീറു പാകിയ നിലങ്ങളിലേക്ക് ചെരിഞ്ഞു വീണത്.

ഉപ്പ പോയ രാത്രി,
മനസ്സു മരവിച്ച പകലുകൾ ആർത്തലച്ചു കരഞ്ഞു.
ഉപ്പ മാത്രമായിരുന്നൊരാ ലോകത്തേക്ക്,
ചെരിപ്പുകളില്ലാത്ത ശൂന്യത കടന്നു വന്നു.
നഗ്നമായ കാൽപ്പാദങ്ങളുമായി,
ഉപ്പയുടെ കാൽപ്പാടു തേടി വിതുമ്പി,
ഉപ്പയില്ലാ യാമങ്ങളിലേക്ക് കുതിച്ചു പാഞ്ഞെത്തി..



**Fahmida,**
**BA Sociology**




# EDUCATION POLICY

Since the Cabinet approved the 2020 New Education Policy on July 29, it has been hailed as a pioneering and progressive policy, pointing it as long-awaited. The policy aims to achieve the Gross Enrollment Rate (GER) of school education to reach 50% in 2035. The reform, that emphasizes the multidisciplinary and holistic popularity of higher education by making the curriculum more flexible and creating electronic courses in higher education, is to adapt to the times by advocating for more use of technology and regional languages. It is worth noting that the policy is committed to increase public expenditure on education from the current 4.43% to 6% of GDP. However, it is not yet clear how the central and state governments will allocate the increased spending. Our acceptance of NEP should not be uncritical, especially because NEP has many weaker sides too. Although this policy is called a far-sighted policy, it has also been criticized exclusively, and its impact on minority groups and the nature of the new education system must be carefully studied.

The most speculative proposition in NEP is that the mother tongue should be used as the language of instruction to reach



Category 5 as far as possible. The policy recommends learning, reading and writing skills in other languages in third grade and beyond. Although the policy insists that "language does not have to be a good medium of teaching and learning", as people grow older, it becomes more and more difficult to choose a language. However, the use of mother tongue as the language of instruction has an impact on marginalized people, especially in a country like India, where English is widely associated with employability and privileges.

Though the main reason for advocating mother tongue is to facilitate better learning, in terms of employment and education opportunities, this may, perhaps hinder the progress of marginalized groups. However, a study conducted on the admissions of students in the economically weak sectors of private schools concluded that English communication is one of the reasons for the increased number of drop-outs.

The other side of the matter is that, those who cannot afford private schools also need to

**The increasing use of mother tongue as the language of instruction has an impact on marginalized people, especially in countries where English is widely associated with employability and privileges.**

receive English education. In November 2019, Minister of Education of Andhra Pradesh, introduced English teaching methods in all public schools to benefit the poor, claiming that they are expanding the right to education to all the sectors of the society. An article in "Print" outlines how English plays a vital role in India's economic growth, and continues to predict on the basis of mother tongue, "Class-based inequality will expand in India because those who can afford the city's education for people who can afford advanced English has further led talents from the Mainland."

The gender impact of the NEP policy is also important. Usually, parents seldom spend on girls' education. While women cannot claim equal rights to education in general, how would they get equal opportunity to learn English. Studies have shown that parents are more willing to send boys to private schools and girls to government schools. In addition, for the large number of students whose parents get transferred to different places on behalf of their profession, access to learn by having their own mother tongue as medium could be a problem.

**Class-based inequality will expand in India because those who can afford the city's education for people who can afford advanced English has further led talents from the Mainland**

NEP's language problems don't stop there. NEP mentioned the implementation of the three-language formula. As long as two of the three languages taught are native Indian languages, the country can






independently decide which language to use. Non-Hindi speaking countries like Tamil Nadu operate in two languages without having to learn another language. In other words, a second Indian language like Hindi or Sanskrit will be very difficult for students to learn, just as it will be difficult for people from Hindi-speaking states to learn Tamil. For DMK President MK Stalin, it is perfectly reasonable to regard the formulae of these three languages as an attempt to "impose" Hindi and Sanskrit, and to regard NEP as a "glossy coat on the old oppressive Manusmriti". NEP also brings early childhood education

**The government is evading its responsibility to provide high-quality higher education for all, but to allow foreign universities to enter the country, which will surely charge high tuition fees**

within the scope of formal education (also known as preschool education for children aged 3 to 5) into education. However, this will continue to be held in Anganwadi. The government also announced that it will conduct online training for Anganwadi workers for six months, though this additional responsibility has not received any additional recognition. The work of Anganwadi workers is usually seen as an extension of women's heavy burden of unpaid care work in society, and they have long been demanding better recognition, proper wages and proper working conditions. Such additional responsibilities, if they do not deal with their demands first, are not only an unfair national mechanism, but also in the sense that female labour is considered insignificant, even in public, and patriarchy, in this regard can claim another feather on its cap.

The sharpest criticism of NEP is that this will lead to the privatization of higher education, which negates social justice. NEP's goal is to phase out the affiliation with universities within 15 years and give universities autonomy, which will open the door to privatization. The Minister of Higher Education of Kerala State stated that the proposal to transform the

education sector from a subordinate system to an autonomous system in the next 15 years will adversely affect students' access to higher education institutions, especially in rural areas and other underdeveloped areas. He also emphasized that judging the government and private education institutions by the same standard will pave the way for companies and private enterprises to enter the education field. The government is evading its responsibility to provide high-quality higher education for all, but to allow foreign universities to enter the country, which will surely charge high tuition fees and further exacerbate caste and class-based education inequality. The convener of the National Teachers' Conference of India, correctly regarded it as a foreign direct investment in education. Ironically, NEP's claim to "provide education to historically marginalized, disadvantaged, and underrepresented groups" lays the roadmap for



**"Teachers will be encouraged to use a bilingual approach, including bilingual teaching-learning materials, with those students whose home language may be different from the medium of instruction."**

the privatization of higher education. Obviously, this far-sighted policy may eventually serve the rich.

Student and teacher groups such as the Central University Teachers Association Federation (FEDCUTA), Delhi University Teachers Association (DUTA), Krantikari Yuva Sangathan (KYS) and the Student Federation of India (SFI) have been strongly opposing commercial education in higher education. One of the professors at St. Stephen's College, even called it a "National Exclusion Policy" and a "blueprint for privatization of education". When the protests were less intense, the government was also accused of using the COVID-19 pandemic to pass laws.

What does the emphasis on mother tongue/regional language mean for English-medium schools? Most government schools in the country are doing this already. As for private schools, it's unlikely that they will be asked to change their medium of instruction. A senior ministry official clarified that the provision on mother tongue as medium of instruction was not compulsory for states. "Education is a concurrent subject. Which is why the policy clearly states that kids will be taught in their mother

tongue or regional language 'wherever possible'.

What about people in transferable jobs, or children of multilingual parents?

The NEP doesn't say anything specifically on children of parents with transferable jobs, but acknowledges children living in multilingual families: "Teachers will be encouraged to use a bilingual approach, including bilingual teaching-learning materials, with those students whose home language may be different from the medium of instruction."

Major recommendations of NEP in Higher Education

1. Replacing the UGC and the AICTE with the Higher education Commission of India.
2. Opening up Indian Higher education to Foreign players.
3. Reintroduction of the Four-year Multi-disciplinary Programme, with exit options.
4. Flexibility to institutions to offer different designs for Master's Programmes.
5. Discontinuation of the M.Phil. programme.
6. Setting up of a National Research Foundation.

**With the introduction of NEP 2020, many changes have been made and one of those is the discontinuation of M. Phil course. Even though there are many drawbacks in the new education policy, the merits are more in number.**



With the introduction of NEP 2020, many changes have been made and one of those is the discontinuation of M. Phil course. Even though there are many drawbacks in the New Education Policy, the merits are more in number. It is believed by many that by implementing these changes, the Indian academic system will be taken a step higher. ●

**Alfa K**
**BA English**

# THE CLOSED WINDOW

Every morning when the birds begin to chirp and Azan starts calling, Azva rolls out of her bed and opens her window and watches the sight unfolding infront of her.

Her eyes would be looking out for her Abba and her brother until they disappear out from the view. Things have changed now and Azra hasn't opened her window since Autumn. There are no more leaves left to be fallen and Winter has arrived faster than she has expected.

During winter, she used to make snowballs and play with her brother. But, now Azva do not know what to expect. The season doesn't make any difference any more. Now-a-days they pray at home. Barely then, Azva is still trying to figure

out what is happening around her. She isn't able to understand what the elders are talking. she tries to listen they say there is internet blockade and protest. Abba and Mama talk about how the government is making them suffer every day.

Azva has been hearing the same thing since she remembers. She





doesn’t understand why her land Is always in pain. Now even her sheep are taken away: There are disturbing voices echoing in her ears and those voices scared her during nights.

Going to school and being with her friends was her only relief. Azva do not know why her parents are interrupting her from going school. Why can’t they understand that she wants to meet her friends so bad. It had been months since, she has met her best friend Marwa. She can’t even call her and ask her about everything happening lately. Mama says that the phone doesn’t work.

She feels so lost. She wants to cry out loudly. She wants to go. She wants to go to school. She wants to see and hug Marwa.

She wants to open her bedroom window and watch those beautiful sights of daybreak. Now that her room has become so dark that, it is so scary and she hates it so much.

But Abba has told her not to open the window any more. Azva feels so much frustrated.

A thousand questions she had to raise.

Why are we suffering like this?

What has gone wrong in our land?

When can I open my windows again?

She has been asking these questions to her Abba and he doesn’t have an answer; so does Mama and her brother and Azva doesn’t have any clue too……

**Muhsina CP**
BA Economics

# Indian Economy and the Lockdown Pandemic

The outbreak of Covid-19 had affected many nations in a highly disruptive manner. The nationwide lockdowns brought the social and economic life into a pause. India is one of the nations which is highly victimized due to the lockdown. India's growth in the fourth quarter of the fiscal year 2020 went down to 3.1% according to the Ministry of Statistics. According to the World Bank, the current pandemic has "magnified pre-existing risks to India's economic outlook".

There is a multi-sectoral impact of the virus as the economic activities of nations have slowed down. India reported its first covid-19 case on 29th January 2020, a medical student studying in Wuhan who had returned to Kerala, on 24 January. On 21st March 2020, as the total confirmed cases in India reached 332, the country went for a voluntary one-day curfew on 22nd march 2020. It was followed by a 21- day nation wide lockdown from 25th March to 14th April, later extended to 3rd may 2020 and subsequently extended to 17th may 2020.



As of 10th of May 2020, India has reported over 65,000 cases and more than 2000 deaths. The current situation of covid-19 in India shows that the total number of Corona Virus cases mounted over 83 lakhs and deaths rose over one lakh.

The multi- sector impact of COVID-19 includes sectors like exports, imports, energy, agriculture, manufacturing, stock market, e-commerce, defense, state income and expenditure, health, supply chains, logistics, migrant workers, labor force, foreign policy, etc.… in an economic view the COVID-19 pandemic impacted particularly on growth, jobs, unemployment and overall poverty. The pandemic affected the manufacturing and the service sector as well, hospitality, tours and travels, health care, retail, bank, hotels, real estate, education, IT, recreation, media and others.

The economic stress in India grew rapidly, while lockdown and social distancing resulted in loss, they cause a sharp decline



**The worst of covid-19 impact was felt by India's most valuable in terms of jobless, poverty, reduced per capita income and all these reflected in a steep decline in GDP.**

in demand for goods and services by the consumers in the market, thus leading to a collapse in economic activity. Flattering the curve was critical for economy at large, but it comes with a greater economic cost.

Unemployment, poverty, reduced per capita income and et all reflected in a steep decline in GDP. The World Bank and rating agencies had initially revised India's growth for fiscal year 2021 with the lowest figures India had seen in three decades since India's economic liberalization in the 1990s. State Bank of India research estimates a contraction of over 40% in the GDP in the first quarter. On 1st September 2020, the Ministry of Statistics released the GDP figures for Q1 (April to June) in the fiscal year 2020, which shows a contraction of 24% as compared to the same period the year before.

According to survey, India's economic activity fell from 82.9 on March 22nd to 44.7 on April 26th. By 13th September 2020, economic ac-



tivity was nearly back to pre-lockdown. Unemployment rose to 26% on 19th April, more than 45% of house holds across the nation have reported an income from as compared to the previous year. Major companies like Larsen and Tourbo, BHARAT Forge, Aditya Birla group, BHEL and Tata Motors have temporarily suspended and reduced operations. Young startups have been impacted as funding had fallen. Stock markets in India posted their word loses in history on 23rd March 2020. But on 25th March, one day after complete lockdown of 21 days, SENSEX and NIFTY posted their biggest gains in 11 years.

**Due to the logistical problem following the lockdown, tea estates were unable to harvest the first flush. Tea exports from India fell 33% in march 2020 as compared to march 2019.**

In India, up to 53% of business have specified a certain amount of impact of shutdown caused due to covid-19. Unemployment was at its peak level during lockdown. Around 14 Crores Indians lost employment. Government revenue had been severely affected with tax collection going down, as a result, government had been trying to find ways of reducing its own cost. Former RBI Chief Raghuram Rajan said that the Corona Virus pandemic in India may just be the greatest emergency since independence. India had also been witnessing a pre-pandemic slow down. There was also a significant "income crush" for both rural and urban sectors in the year prior to the lockdown.

### Agriculture and Trade

Due to the logistical problem following the lockdown, tea estates were unable to harvest the first flush. Tea exports from India fell 33% in March 2020 as compared to March 2019. This is just an example. Several other agricultural sectors have seriously impacted during lockdown. The trade impact of the coronavirus epidemic for India is estimated to be about 348 million dollars.

### Sector-wise impact on Indian industry

### Chemical Industry

Some chemical plants have been shut down in China. Subsequently all over the world. There were restrictions in shipment and logistics. It was

found that 20% of the production has been impacted due to the disruption in raw material supply.

Electronics Industry

India's electronic industry had faced supply disruptions, production reduction, impact on product prices due to heavy dependence on electronics component supply directly or indirectly and local manufacturing.

Effect on Poultry

The poultry industry in different parts of the county has been hit hard because of rumors that coronavirus can transmit thought consumption of chicken, the prices of which have fallen largely as a result. About two crore people employed in the poultry industry across the country have been impacted.

From 20th April, under new lockdown guidelines to reopen the economy and relax the lockdown, agricultural business such as dairy, tea, coffee, rubber plantations as well as associated shops and industries reopened.

Impact on Manufacturing

Major companies in India such as Larsen and Tourbo, Bharat Forge, Ultra Tech Cement, Grasim Industries, Aditya Birla group, Tata Motors and Thermax temporarily suspended and reduced operation. Many companies were closed till 31st of March.

**Major companies in India such as Larsen and Tourbo, Bharat Forge, Ultra tech cement, Grasim industries, Aditya Birla group, tata Motors and Thermax temporarily suspended and reduced operation.**




Stock Markets

On 23rd March 2020, stocks markets in India post worst losses in history. SENSEX fell 4000 points and NIFTY fell 1150 points, but ion 25th March, SENSEX posted biggest gain in 11 years, adding a value of 4.7 lakh crore rupees for investors.

Supply Chain and Logistics

Following the lockdown, certain essential supply chains broke down. But on 29th March 2020, government allowed the moments of all essential as well as non-essential goods across the county during lockdown. The milk and newspaper supply chains are also allowed to function.

Migrant




Workers and Labour Force

Due to lockdown, daily-wage workers were left with no work. The lockdown restriction put a stop on the movement of buses and trains. Large number of migrant workers lost their jobs due to this.

Lockdowns have unequal impacts. The risk of global recession due to covid-19 in 2020 and 2021 would be extremely high, especially in a thick-populated country like India. The spread of Corona Virus and the following shut-downs, lockdowns, social distancing,

**Due to lockdown, daily-wage workers were left with no work. The lockdown restriction put a stop on the movement of buses and trains.**

etc. pushed the economy into recession due to supply shock, demand shock and ultimately, market shock. The recovery in the economy depends on the timing and magnitude of government support as well as the level of corporate debt and how the companies and markets cope up with lower demand. Government assistance to the most in need is a critical measure to save many lives.

The covid-19 pandemic has a clear message for Indian economy to adopt sustainable developmental models, based on self-reliance, inclusive frame works, which are environment friendly. The world forever buzzed with daily activities came into a stand still shock is a situation which is never experience before. Such a disaster largely affects a thick populated country like India, that too in a disruptive manner. All the wounds will heal. Hope for a better tomorrow. ●

Ardhra P
BA English

# DOWN
## LIKE DOMINOES

Until the fourth siren went off, signaling the beginning of the demolition at 11 am on January 11, the owners of apartments in an illegal Highrise building by Vembanadu Lake at Maradu in Kerala's Ernakulam district, kept hoping against hope that their homes would somehow be saved. But, when the hour struck, powerful blasts ripped through the building, starting from the ground floor. In the next few seconds, all sixteen floors came down like a deck of cards, heap of rubble.

Huge crowds had gathered at a safe distance to watch the implosions, a first in Kerala, the demolition of the building that had come up in violation of coastal regulation zone. Rules were hailed as a stern message from SC against illegal constructions. The ruling came after a protracted legal battle. Within the next 35 Minutes, "Alfa Seren", another waterfront luxury block, was razed on January 12. Jain Coral Cave' and 'Golden Kayaloram were demolished. The emulsion explosives left no scars on nearby structures.

As work on pulverizing the





concentrate slabs in the debris gets under way, there are doubts about who will own the land. Flat owners take claim to their undivided shares, while environmentalists want eco restoration. The neighborhood is covered under a thick blanket of dust, and the Aroor and Ezhupunna panchayats, where the debris was to be dumbed until refuse, has issued a stop memo against such storage. A fresh crisis seems to be brewing.

The story begins in 2006, when the Maradu Panchayat granted permission for the construction of the five water front apartments overlooking the scenic Canals of Kochi backwaters. But, just nine months after granting the permission, the Panchayath issued a notice to the builders following a directive by the Kerala Coastal Zone Management Authority. The government body said the site fell under the CRZ-III vulnerable category where no construction is allowed within 200 meters from the coast.

The builders managed to get an interim stay order from the Kerala High Court in 2007 and finished the construction before starting to sell the flats. The KCZMA approached the Supreme Court in 2016 and argued that the panchayath issued construction permit without their concurrence. The SC on May 6, 2019 declared the construction permit "illegal" and ordered the demolition of the complexes. The court said CRZ violations should not be treated lightly in view of the natural calamities happening in different parts of the country.

Owners of Maradu flats are not likely to receive any relief from the state authorities relating to evacuation and demolition. SC ordered an interim compensation of RS.25 Lakh to each flat owner. In this case SC clarified its primary concern was that no construction should have been carried in an eco-fragile coastal zone and the question was not regarding an individual.

For the crowd gathered to watch the demolition of the four apartment complexes in Maradu; the prevailing mood was of celebration. Many of them cheered, tried to record videos as the high rises touched the ground in seconds through controlled implosion • Amidst the Euphoria, some people stood silent, burdened with memories. Sweet and sour, for them what was reduced to the heap of rubble, was their homes. ●

**Abshitha P**
BA English




# HOW DARE YOU:
## Greta on a global mission

The Swedish climate activist Greta Thunberg has become globally known for her environmental campaign in August 2018. Aged 15, Thunberg began a solo climate protest by striking from school. She has been joined by thousands of school and university students in more than a dozen countries, in climate strikes that have become regular events. A global strike in March drew more than a million people, surpassed in September with at least a million.

